# സുസ്ഥിര ജീവനോപാധി വികസനം

## പദ്ധതികൾ

## കൈപുസ്തകം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശൂർ - 680581

# സുസ്ഥിര ജീവനോപാധി വികസനം– പദ്ധതികൾ

## കൈപുസ്തകം


| | |
|---|---|
| **Editorial Board** | **എഡിറ്റോറിയൽ ബോർഡ്** |
| January 2017 | ജനുവരി 2017 |
| *Chief Editor* | *ചീഫ് എഡിറ്റർ* |
| **Dr.P.P.Balan** | **ഡോ. പി.പി.ബാലൻ** |
| Director, KILA | ഡയറക്ടർ, കില |
| *Editor* | *എഡിറ്റർ* |
| **Dr.Peter M.Raj** | **ഡോ.പീറ്റർ എം.രാജ്** |
| Associate Professor, KILA | അസോസിയേറ്റ് പ്രൊഫസർ, കില |
| *Associate Editor* | *അസോസിയേറ്റ് എഡിറ്റർ* |
| **Sri.M.K.Ravindranathan** | **ശ്രീ. എം.കെ.രവീന്ദ്രനാഥൻ** |
| *D.T.P* | *ഡി.ടിപി* |
| **Vinitha Ravi** | **വിനിത രവി** |

| | |
|---|---|
| *Published by* | *പ്രസാധനം* |
| **Kerala Institute of Local Administration**, | **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**, |
| Mulankunnathukavu, Thrissur -680581 | മുളങ്കുന്നത്തുകാവ്, തൃശൂർ - 680581 |
| Phone :0487-2201768,2200244 (Office) | ഫോൺ :04872201768,2200244 (ഓഫീസ്) |
| 0487-2201312 (Director), 0487-2201062 (Fax) | 04872201312 (ഡയറക്ടർ), 04872201062 (ഫാക്സ്) |
| e-mail: kilathrissur@gmail.com | ഇ-മെയിൽ: kilathrissur@gmail.com |
| Website: www.kila.ac.in | വെബ്സൈറ്റ്: www.kila.ac.in |



# ആമുഖം

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനം ഭരണഘടന ഉറപ്പ് നൽകുന്നു. മനുഷ്യ നിലനിൽപിന് ആവശ്യമായ നല്ല ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ അടിസ്ഥാനാവശ്യങ്ങൾ ആണ്. ഇവ എല്ലാവർക്കും നല്ല രീതിയിൽ എത്തി എന്ന് ഉറപ്പു വരുത്തുകയും വേണം. ഇതിനു പുറമെ എല്ലാ വർക്കും സ്വന്തം കാലിൽ നിൽക്കുന്നതിനുള്ള തൊഴിൽ പ്രദാനം ചെയ്യുക എന്നത് പരമപ്രധാനവുമാണ്. കൂടാതെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ നല്ല ആരോഗ്യവും വിദ്യാഭ്യാസവും എല്ലാ വർക്കും ലഭ്യമാക്കുകയും വേണം.

മണ്ണ്, ജലം, വായു, ജൈവവൈവിധ്യങ്ങൾ അടങ്ങുന്ന ഭൂമി എന്നിവ സംരക്ഷിച്ച് കൊണ്ട് മാത്രമെ നമ്മുടെ സുസ്ഥിര നിലനിൽപ് സാദ്ധ്യമാകുകയുള്ളു. ഇവ ഉൾക്കൊള്ളുന്ന ആവാസ വ്യവസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുമാത്രമെ അവയിൽ ഒരു കണ്ണിയായ മനുഷ്യന് അതിജീവനം സാധ്യമാക്കാൻ കഴി യുകയുള്ളു. പ്രകൃതിവിഭവങ്ങളുടെ മിതമായ ഉപയോഗം ആയതിനാൽ തന്നെ സുസ്ഥിര വികസന ത്തിന് അനിവാര്യവുമാണ്. വരുംതലമുറമുറയ്ക്ക് വേണ്ടി അവ നിലനിറുത്തേണ്ടത് നമ്മുടെ കടമയുമാ ണ്.

ജീവനോപാധികൾ എല്ലാവർക്കും മതിയായ രീതിയിൽ ലഭ്യമാക്കുന്നതിനും എല്ലാ കുടുംബങ്ങളുടേയും സാമ്പത്തിക വികസനം ഉറപ്പാക്കേണ്ടതുണ്ട്. ഇവയ്ക്ക് ആധാരം മണ്ണും, ജലവും, പ്രകൃതി വിഭവങ്ങളു മാണ്. ഭക്ഷ്യസുരക്ഷ, കുടിവെള്ളം, ശുചിത്വം, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനോ ടൊപ്പം എല്ലാ കുടുംബങ്ങൾക്കും വരുമാനദായക മാർഗ്ഗങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. വിവിധ കേന്ദ്ര-സംസ്ഥാന പ്രാദേശിക സർക്കാർ സ്കീമുകളും പരിപാടികളും ഇതിന് വേണ്ടി നിലവിലുണ്ടെങ്കിലും ഇതിന്റെ ഫലം യഥാസമയം എല്ലാവർക്കും ലഭ്യമാക്കേണ്ടതുണ്ട്. പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലക ളുടെ വികസനത്തിലൂടെ ഇവ സാധ്യമാക്കാവുന്നതാണ്. വരുമാന വർദ്ധനവിലൂടെ ജീവിത നിലവാ രവും ഭക്ഷ്യസുരക്ഷയും അടിസ്ഥാന സൗകര്യങ്ങളും നമുക്ക് സാക്ഷാത്കരിക്കാൻ കഴിയും. അതിനാവ ശ്യമായ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും ശരിയായ ചൂഷണവും പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തികൊണ്ട് വിവിധ സ്കീമുകൾ അതിജീവനത്തിനുവേണ്ടി എങ്ങനെ ഉപയോഗപ്പെടുത്താ

മെന്ന് നമുക്ക് നോക്കാം. എല്ലാ മേഖലകളിലും സാക്ഷരതയ്ക്ക് തുടക്കമിട്ടുകൊണ്ട് കേരളം ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രശ്നങ്ങൾ വിവിധ സ്കീമുകളുടെ ഏകോപനത്തിലൂടേയും അവബോധനത്തിലൂടേയും വിവിധ സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, സന്നദ്ധ സംഘടനകൾ മുതലായവ വഴി നമുക്ക് ഉറപ്പുവരുത്തുവാൻ കഴിയും. അതിനായി നിലവിലുള്ള വിവിധ കേന്ദ്ര-സംസ്ഥാന- പ്രാദേശിക സർക്കാരുകളുടേയും ഏജൻസികളുടേയും പദ്ധതികളുടെ ഹ്രസ്വ വിവരണമാണ് ഇതിൽ നൽകിയിട്ടുള്ളത്. ഇവയെല്ലാം തന്നെ ഉൽപാദന സേവന മേഖലകളിലായി തരം തിരിക്കാം. വികേന്ദ്രീകരണത്തിന് മാതൃകയായിട്ടുള്ള കേരളത്തിന് ശക്തമായ പ്രാദേശിക സർക്കാരുകൾ വഴിയുള്ള ഏകോപനം ഇതിന് മുതൽ കൂട്ടായിരിക്കുകയും ചെയ്യും. തൊഴിൽ നൽകുന്നതോടൊപ്പം തന്നെ ഇവയെല്ലാം തന്നെ ഭക്ഷ്യ സുരക്ഷ, ഊർജ്ജ സുരക്ഷ, കുടിവെള്ളം, ശുചിത്വം, അടിസ്ഥാന സൗകര്യങ്ങൾ, മനുഷ്യശേഷി വികസനം എന്നിവ ഉറപ്പാക്കുകയും ചെയ്യും. തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ജെയിംസ് മാത്യു എം.എൽ.എ യുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സമൃദ്ധി-സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയിലൂടെ ഭൂരിപക്ഷം വരുന്ന പാവപ്പെട്ട ജനവിഭാഗങ്ങളുടെ ജീവനോപാധിക്ക് ഉതകുന്ന ഉചിതമായ സംരംഭങ്ങളിലൂടെ ഓരോ കുടുംബത്തിനും ചുരുങ്ങിയത് 15000 രൂപയെങ്കിലും പ്രതിമാസ വരുമാനം ഉറപ്പു വരുത്താൻ ഉതകുന്നതിന് ഈ കൈപുസ്തകം ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു..

**പി.പി.ബാലൻ**

ഡയറക്ടർ, കില

# ഭാഗം I

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| പട്ടിക വർഗ്ഗ വികസന വകുപ്പ് | **1. സ്വയം തൊഴിൽ, നൈപുണ്യ വികസന പരിശീലനം** | | | |
| | ബി.പി,എൽ കുടുംബങ്ങൾ | പരമാവധി ഒരു ലക്ഷം രൂപ വരെ | ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർ അപേക്ഷ നൽകണം | സ്വയം തൊഴിൽ പദ്ധതികൾക്കനുസരിച്ച് ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർ /പ്രൊജക്ട് ആഫീസർ മുഖേന |
| മൃഗസംരക്ഷണം | **2. റൂറൽ ബാക്ക്യാർഡ് - കോഴി വളർത്തൽ പദ്ധതി (വയനാട്, ഇടുക്കി, പാലക്കാട് ജില്ലകൾ മാത്രം)** | | | |
| | ആദിവാസി ഊരുകളിലെ തിരഞ്ഞെടുക്കപ്പെട്ടവർ | 100 ശതമാനം ധനസഹായം, 45-60 ദിവസം പ്രായമുള്ള 10 കോഴികുഞ്ഞുങ്ങൾ, കോഴികൂട്, 2 മാസത്തെ കോഴിത്തീറ്റക്കുള്ള ചിലവ് കോഴിവളർത്തലിൽ പരിശീലനം | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ /ഊരുമൂപ്പനും കൂടി തിരഞ്ഞെടുക്കുന്ന ലിസ്റ്റ് | ഗ്രാമപഞ്ചായത്ത് വെറ്ററിനറി ഡോക്ടർ /സീനിയർ വെറ്ററിനറി ഡോക്ടർ, ഗുണഭോക്തൃ പ്രതിനിധി ഉൾപ്പടെയുള്ള പദ്ധതി നിർവഹണസമിതി |
| | **3. ഉഴവു മൂരികളുടെ വിതരണം (വയനാട്, പാലക്കാട് ജില്ലകൾ മാത്രം)** | | | |
| | ആദിവാസി ഊരുകളിലെ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന പട്ടിക വർഗ്ഗക്കാർ | 100% ധനസഹായം 3 കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ്. തുടർ പ്രവർത്തനം ഗുണഭോക്താക്കൾ വഹിക്കണം<br>ഒന്നര മുതൽ രണ്ട് വയസ്സ് വരെയുള്ള മൂരികൾ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ /ഊരുമൂപ്പനും കൂടി തിരഞ്ഞെടുക്കുന്ന ലിസ്റ്റ് | അഗളി, ഷോളയാർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലെ വെറ്ററിനറി ഡോക്ടർമാർ, ഗുണഭോക്തൃ പ്രതിനിധി ഉൾപ്പടെയുള്ള പദ്ധതി നിർവഹണസമിതി |
| റബർ ബോർഡ് | **4. ഗോത്ര വികസനം** | | | |
| | കൈവശ ഭൂമി ഉള്ള റബർകൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർക്ക് | റബർ കൃഷി ചെയ്യാൻ സഹായിക്കുന്നു | റബർ ബോർഡ്, ഉടമസ്ഥാവകാശം | റബർ ബോർഡ് പണികൾക്ക് മേൽ നോട്ടം വഹിക്കുന്നു. റബർ ബോർഡ് സഹായം നൽകുന്നു. |
| | **5. സ്വയം തൊഴിലിന് ആസ്തികൾ (വ്യക്തിഗതം) ഗ്രാമ പ്രദേശങ്ങളിൽ** | | | |
| പ്രാദേശിക സർക്കാരുകൾ | പട്ടികജാതി/ പട്ടികവർഗ്ഗം വരുമാന പരിധി 50,000 രൂപക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരോ ആയിരിക്കണം. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുക്കുന്നു. വായ്പാ ബന്ധിതം അല്ലാതെയുള്ള പ്രത്യേക പ്രോജക്ടുകൾക്ക് സബ്സിഡി നൽകുന്നതും പരിഗണിക്കാം. മറ്റ് ഏജൻസികളുടെ ധനസഹായം ലഭ്യമാക്കുകയാണെങ്കിലും സബ്സിഡി നൽകാം | 50% (പരമാവധി 20000 രൂപ) | അപേക്ഷ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടണം | നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡി ബാങ്ക് അക്കൗണ്ടിൽ വരവ് വെയ്ക്കുന്നു. മാർഗ്ഗരേഖ ഖണ്ഡിക 11.4 (V) ലെ വ്യവസ്ഥകൾ പ്രകാരം സബ്സിഡി തുക ലഭ്യമാക്കുന്നു. |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആര്, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | **6. സ്വയം തൊഴിലിന് ആസ്തികൾ (ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 10 പേർ)** | | | |
| പ്രാദേശിക സർക്കാരുകൾ | ഗ്രാമപ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലേയും ശാരീരിക വൈകല്യമുള്ളവർ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് ആണെങ്കിൽ 5 അംഗങ്ങൾ മതി. എന്നാൽ ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി 20,000 രൂപ എന്ന തോതിലായിരിക്കും സബ്സിഡി നൽകേണ്ടത്. പട്ടികജാതി/പട്ടികവർഗ്ഗ ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞ ശേഷം നടത്തിയ ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം. സംരംഭം ആരംഭിക്കുന്നത് മറ്റ് എതെങ്കിലും ഏജൻസിയിൽ നിന്നും സർക്കാർ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ അംഗങ്ങൾ ആയിരിക്കരുത് | 50% (പരമാവധി 2,00,000 രൂപ) വാർഷികവരുമാനം 50,000 രൂപയിൽ കവിയാത്ത കുടുംബത്തിലെ 18 വയസ്സ് കഴിഞ്ഞ തൊഴിൽ രഹിതരുള്ള ഗ്രൂപ്പ് ആയിരിക്കണം. വായ്പാ ബന്ധിത പ്രോജക്റ്റ് ആയിരിക്കണം. സബ്സിഡി ബാങ്കിൽ അടയ്ക്കണം | അപേക്ഷ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടണം | നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡി ബാങ്ക് അക്കൗണ്ടിൽ വരവ് വെയ്ക്കുന്നു. മാർഗ്ഗരേഖ ഖണ്ഡിക 11.4 (V) ലെ വ്യവസ്ഥകൾ പ്രകാരം സബ്സിഡി തുക ലഭ്യമാക്കുന്നു. |
| | **7. പരമ്പരാഗത കൈത്തൊഴിലാളികളുടെ പ്രോത്സാഹനം** | | | |
| | പട്ടികജാതി/പട്ടികവർഗ്ഗം ഗ്രാമസഭ അംഗീകരിച്ച ഗുണഭോകൃത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പായി രൂപീകരിക്കണം | അംഗത്തിന് പരമാവധി 5000 രൂപാ നിരക്കിൽ ഗ്രൂപ്പിന് 25000 രൂപ | അപേക്ഷ. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്. | നിർവ്വഹണ ഉദ്യോഗസ്ഥൻ വായ്പാ ബന്ധിതം ആണെങ്കിൽ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം |
| | **8. സ്വയംതൊഴിലിന് ആസ്തികൾ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് അഞ്ച് പേരുള്ള ഗ്രൂപ്പ്) ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി 20,000 രൂപ എന്ന തോതിൽ നഗര പ്രദേശങ്ങളിൽ മാത്രം** | | | |
| | പട്ടികജാതി/പട്ടികവർഗ്ഗം. വരുമാന പരിധി 50,000 രൂപക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരോ ആയിരിക്കണം. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുക്കുന്നു. | 35 % (പരമാവധി) 3,00,000 രൂപ. വായ്പാ ബന്ധിതം അല്ലാതെയുള്ള പ്രത്യേക പ്രോജക്ടുകൾക്ക് സബ്സിഡി നൽകുന്നതും പരിഗണിക്കാം. മറ്റ് ഏജൻസികളുടെ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ അംഗങ്ങൾ ആയിരിക്കരുത്. | അപേക്ഷ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടണം | നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡി ബാങ്ക് അക്കൗണ്ടിൽ വരവ് വെയ്ക്കുന്നു. മാർഗ്ഗരേഖ ഖണ്ഡിക 11.4 (V) ലെ വ്യവസ്ഥകൾ പ്രകാരം സബ്സിഡി തുക ലഭ്യമാക്കുന്നു. |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| | **9. ഓട്ടോ റിക്ഷ/ പിക്ക് അപ്പ് ഓട്ടോ റിക്ഷ** | | | |
| പ്രാദേശിക സർക്കാരുകൾ | പട്ടികജാതി/പട്ടിക വർഗ്ഗം. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടി സ്ഥാനത്തിൽ എം പ്ലോയ്മെന്റ് എക്സ്ചേ ഞ്ചിലെ സ്വയം സംരംഭ കത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തവരാ യിരിക്കണം. | 50000 | ഡ്രൈവിംഗ് ലൈസ ൻസും, ബാഡ്ജും ലഭിച്ചിട്ടുള്ളവരായിരി ക്കണം. വായ്പാ ബന്ധിത പ്രോജ ക്ട് ആയിരിക്ക ണം, ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടണം | നിർവ്വഹണ ഉദ്യോഗ സ്ഥൻ ധനസഹായം ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്ക് അക്കൗണ്ടി ലേക്ക് നൽകണം |
| | **10. ഇരുചക്ര വാഹനം(മോട്ടോർ സൈക്കിൾ/സ്കൂട്ടർ)** | | | |
| | പട്ടികജാതി/ പട്ടിക വർഗ്ഗം. തൊഴിൽരഹി തരോ, ഇരുചക്ര വാഹ നങ്ങളിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപന നടത്തി ഉപജീവനം നടത്തുന്നവരോ അപ്ര കാരം ചെയ്യുവാൻ തയ്യാറുള്ളവരോ ആയി രിക്കണം. ലൈസൻസ് ഉണ്ടായിരിക്കണം. നില വിൽ ദ്വിചക്ര-നാല് ചക്രവാഹനം സ്വന്തമാ യുള്ള വ്യക്തി ആയിരി ക്കരുത് | വിലയുടെ 33 1/3% (പരമാവധി 20,000 രൂപ) | ഇരുചക്രം വാഹനം ഓടിക്കുന്നതിനുള്ള ലൈസ ൻസ് ഉണ്ടായി രിക്കണം. 5 വർഷത്തി നുള്ളിൽ വാഹനം വിൽ ക്കുകയോ ഉപ യോ ാഗിക്കാനായി മറ്റ് ആർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടയ്ക്കണം. ഒരു കുടുംബത്തിന് ഒരു തവണ മാത്രം | നിർവ്വഹണ ഉദ്യോഗ സ്ഥൻ ധനസഹായം ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്ക് അക്കൗണ്ടി ലേക്ക് നൽകണം |
| | **11. സ്വയം തൊഴിലിന് ടാക്സി കാർ, പിക്ക് അപ്പ് വാൻ** | | | |
| | പട്ടികജാതി/ പട്ടികവർഗ്ഗം തൊഴിൽ രഹിതരായ 20 നും 40 നും ഇടയ്ക്ക് പ്രായ പരിധിയിൽ ഉള്ളവർ, ടാക്സി ഓടിക്കുന്നതിനുള്ള ലൈസൻസ്, ബാഡ്ജ് എന്നിവ ഉണ്ടായിരിക്കണം. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പേര് ഉണ്ടായിരിക്കണം. നിലവിൽ നാല് ചക്ര- ആറ് ചക്ര വാ ഹനം സ്വന്തമായുള്ള വ്യക്തി ആയിരിക്കരുത്. ഒരു തൊഴിൽ എന്ന നില യിൽ വാഹനം ഉപയോഗി ക്കണം | വാഹന വില യുടെ 33 1/3 % (പരമാവിധി 2,00,000 രൂപ) | ഗുണഭോക്തൃ ലിസ്റ്റ്, അയൽസഭ ശുപാർശ ചെയ്യണം. ഗ്രാമസഭ/ വാർഡ്സഭ അംഗീക രിക്കണം. വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്ക ണം, ഒരു കുടുംബത്തിന് ഒരു തവണ മാത്രം. 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കു കയോ ഉപയോഗിക്കാ നായി മറ്റ് ആർ കെ ങ്കിലും കൈ മാറു കയോ ചെയ് താൽ ലഭിച്ച് സബ് സിഡി തുക തിരിച്ചടക്കണം | വാഹനം ഏത് കട യിൽ നിന്നാണോ വാങ്ങിയത് ആ കട യുടെ ബാങ്ക് അക്കൗ ണ്ടിലേക്ക് സബ്സിഡി തുക നൽകണം |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| പ്രാദേശിക സർക്കാരുകൾ | **12.ഗാർഹിക ബയോഗ്യാസ് പ്ലാന്റ്** | | | |
| | പട്ടികവർഗ്ഗം/ പട്ടികജാതി, കുടുതൽ മാലിന്യം ഉൽപാദിപ്പിക്കുന്നതും ബയോഗ്യാസ് പ്ലാന്റ് പരിപാലിക്കുവാൻ സന്നദ്ധതയുള്ള കുടുംബം | 75% (50% സർക്കാരും 25% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും) | അപേക്ഷ ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് | പ്ലാന്റ് പ്രവർത്തിച്ച് തുടങ്ങിയതിന് ശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ധനസഹായ തുക വരവ് വെയ്ക്കുന്നു. |
| | **13.ശാരീരിക വൈകല്യം ഉള്ളവർക്ക് പെട്ടിക്കട** | | | |
| | പട്ടികജാതി /പട്ടികവർഗ്ഗം, ഇതിന് മുമ്പ് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായം ലഭിച്ചവർ അർഹരല്ല. റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കരുത്, വരുമാന പരിധി 50,000 രൂപ ക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം. 25,000 രൂപയിൽ അധികം തുക വേണ്ടി വരുന്നെങ്കിൽ ഗുണഭോക്താവ് കണ്ടെത്തണം | 25000 രൂപ | ഗുണഭോക്തൃ ലിസ്റ്റ്, അയൽസഭ ശുപാർശ ചെയ്യണം. ഗ്രാമസഭ/വാർഡ് സഭ അംഗീകരിക്കണം | നിർവ്വഹണ ഉദ്യോഗസ്ഥ ൻ പെട്ടികട നിർമ്മിച്ച് നൽകിയ/ വിൽപന നടത്തിയവർക്കാണ് സബ്സിഡി സംഖ്യ നൽകേണ്ടത്. തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. വാല്യുവേഷൻ എൽ.എസ്.ജി.ഡി ഓവർസിയർ/എഞ്ചിനീയർ എടുത്തിരിക്കണം |
| | **14.പച്ചക്കറി കൃഷിക്ക് കൂലി ചിലവ് സബ്സിഡി** | | | |
| | പട്ടിക ജാതി/ പട്ടിക വർഗം പച്ചക്കറി കൃഷി ചെയ്യുന്ന നാമമാത്ര കർഷകർക്ക് മാത്രം അംഗീകാരം ലഭിച്ച പദ്ധതിയുടെ അടിസ്ഥാനത്തിലാണ്. ഉത്പ്പാദനോപാദികൾക്ക് പുറമെ ഈ സബ്സിഡി നൽകാം. എന്നാൽ മറ്റ് ഏതെങ്കി ലും സ്കീം പ്രകാരം പച്ചക്കറി കൃഷിക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഈ സബ്സിഡിക്ക് അർഹരല്ല. | ഹെക്ടറിന് 10000 രൂപ സബ്സിഡി | കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് കൃഷി ചെയ്യണം. അപേക്ഷ ഭൂമിയുടെ കരം അടച്ച രശീതിന്റെ കോപ്പി പാട്ടഭൂമിയാണെങ്കിൽ പാട്ട കരാർ/സമ്മതപത്രം കൃഷി ചെയ്തിട്ടുണ്ട് എന്ന് കൃഷി ഓഫീസർ ഉറപ്പ് വരുത്തണം | കൃഷി ഓഫീസർ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക വരവ് വെയ്ക്കുന്നു. തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും ഫണ്ട് ലഭിച്ച് ട്രഷറിയിൽ നിന്നും ബില്ല് മാറുന്ന ക്രമത്തിൽ |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | **15. നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി** | | | |
| പ്രാദേശിക സർക്കാരുകൾ | പട്ടികജാതി/പട്ടികവർഗ്ഗം.<br>നെൽകൃഷി ചെയ്തിട്ടുള്ള<br>ചെറുകിട നാമമാത്ര കർഷ<br>കർക്ക് പ്രാദേശികഭരണ<br>സ്ഥാപനത്തിന്റെ<br>പദ്ധതിയുടെ അടിസ്ഥാന<br>ത്തിൽ. ഉൽപ്പനോപാദി<br>കൾക്ക് പുറമെ ഈ<br>സബ്സി ഡി നൽകാം.<br>എന്നാൽ മറ്റേതെങ്കിലും<br>സ്കീം പ്രകാരം ആനുകൂ<br>ല്യങ്ങൾ ലഭിക്കുന്നവർ ഈ<br>സബ്സിഡിക്ക് അർഹരല്ല.<br>വിള ഇൻഷുറൻസ് തുക<br>മുൻകൂറായി കർഷകർ<br>അടക്കണം | ഒരു ഹെക്ടറിന്<br>6000 രൂപ | കുറഞ്ഞത് 10 സെന്റ്<br>സ്ഥലത്ത് കൃഷി,<br>അപേക്ഷ, ഭൂമിയുടെ<br>കരം അടച്ച രശീ<br>തിന്റെ കോപ്പി, പാട്ടഭൂ<br>മിയാണെങ്കിൽ പാട്ട<br>കരാർ/ സമ്മത<br>പ.ത്രം, കൃഷി ചെയ്<br>തിട്ടുണ്ട് എന്ന് കൃഷി<br>ഓഫീസർ ഉറപ്പ് വരു<br>ത്തണം | കൃഷി ഓഫീസർ ഗുണ<br>ഭോക്താവിന്റെ ബാങ്ക്<br>അക്കൗണ്ടിലേക്ക് തുക<br>വരവ് വെയ്ക്കുന്നു<br>തദ്ദേശഭരണസ്ഥാപന<br>ത്തിൽ നിന്നും ഫണ്ട്<br>ലഭിച്ച് ട്രഷറിയിൽ<br>നിന്നും ബില്ല് മാറുന്ന<br>ക്രമത്തിൽ |
| | **16.കുറ്റിപമ്പ്, പവ്വർ സ്പ്രെയർ, കളനീ ക്കൽ ഉപകരണം, കാട് വെട്ട് യന്ത്രം, മെതിയന്ത്രം, ട്രാ ക്ടർ, ടില്ലർ, നടിൽ യന്ത്രം, വിന്നോവർ, റോക്കർ സ്പ്രെയർ, തെങ്ങ് കയറ്റയന്ത്രം, റോട്ടോവേറ്റർ** | | | |
| | കർഷകർ മാത്രം<br>അംഗങ്ങളായിട്ടുള്ള<br>സമിതികൾ/ സംഘ<br>ങ്ങൾക്ക് മാത്രം.<br>പ്രാദേശികഭരണസ്ഥാ<br>പനത്തിന്റെ പദ്ധതി<br>യുടെ അടിസ്ഥാനത്തി<br>ൽ ഇവയുടെ ഉടമ<br>സ്ഥത തദ്ദേശഭരണ<br>സ്ഥാപനത്തിനായി<br>രിക്കും. വിൽക്കാ നോ<br>കൈമാറ്റം ചെയ്യാനോ<br>പാടില്ല. | വിലയുടെ 75<br>% സബ്<br>സിഡി | റെജിസ്റ്ററേഷൻ സർട്ടിഫിക്ക<br>റ്റിന്റെ കോപ്പി, അപേക്ഷ,<br>എഗ്രി മെന്റ്, യന്ത്രങ്ങൾ ശരി<br>യായി സംരക്ഷിക്കുമെന്നും<br>പൊതുകാർഷികാവശ്യ<br>ത്തിനു മാത്രമെ ഉപയോ<br>ഗിക്കു എന്നും സ്വകാര്യവ്യ<br>ക്തികൾ ഈടാക്കുന്നതിനെ<br>ക്കാൾ കുറഞ്ഞത് 25% കുറ<br>ഞ്ഞവാടകനിരക്കിൽ കർഷ<br>കർക്ക് ലഭ്യമാക്കണമെന്നും<br>കരാർ വ്യവസ്ഥ വേണം | ഗ്രാമപഞ്ചായത്തിൽ<br>അംഗീകരിച്ച പ്രൊജ<br>ക്റ്റിന്റെ അടിസ്ഥാന<br>ത്തിൽ കൃഷി ഓഫീ<br>സർ നടപ്പിലാക്കുന്നു |
| | **17.കറവയുള്ള പശു ,എരുമ** | | | |
| | പട്ടികജാതി/പട്ടികവർഗ്ഗം<br>(വ്യക്തിഗതം) അംഗീകാരം<br>ലഭിച്ച പ്രൊജക്റ്റിന്റെ അടി<br>സ്ഥാനത്തിൽ, കുടുംബ<br>വാർഷികവരുമാനം 50,000<br>രൂപയിൽ കവിയാത്ത<br>വർക്കും, ചെറുകിട/നാമ<br>മാത്ര കർഷകർക്ക് മാത്രം .<br>ഉരുക്കളെ കുറഞ്ഞത് 3<br>വർഷം വളർത്തുമെന്ന്<br>കരാർ വെയ്ക്കണം | 75 % (പരമവധി<br>20,000 രൂപ) | അപേക്ഷ<br>ഗ്രാമസഭ വഴി ഗുണ<br>ഭോക്താക്കളെ തിര<br>ഞ്ഞെടുക്കുന്നു. | ക്ഷീരവികസന ഓഫീ<br>സർ /വെറ്ററിനറി<br>ഡോക്ടർ ഗ്രാമപഞ്ചാ<br>യത്തിൽ നിന്നും ഫണ്ട്<br>ലഭ്യമാക്കുന്നതനുസ<br>രിച്ച് ഗുണഭോക്താ<br>വിന്റെ അക്കൗണ്ടി<br>ലേക്ക് വരവ്<br>വെയ്ക്കുന്നു |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| പ്രാദേശിക സർക്കാരു കൾ | **18. പെണ്ണാട്** | | | |
| | എസ്.സി,/എസ്.റ്റി (വ്യക്തിഗത)അംഗീകാരം ലഭിച്ച പ്രൊജക്റ്റിന്റെ അടിസ്ഥാനത്തിൽ വാങ്ങുന്ന ആടുകൾക്ക് കുറഞ്ഞത് 10 കി.ഗ്രാം ഭാരമുണ്ടായിരിക്കണം | 75 % (പരമവധി 15,000 രൂപ, ) 3 എണ്ണം വാങ്ങണം | ,, | ,, |
| | **19.ഗർഭിണികിടാരി** | | | |
| | എസ്.സി,/ എസ്.റ്റി (വ്യക്തിഗതം) അംഗീ കാ രം ലഭിച്ച പ്രൊജ ക്റ്റിന്റെ അടിസ്ഥാന ത്തിൽ.ഗർഭിണികിടാരി കൾക്ക് 5 മാസത്തില ധികം ഗർഭമുണ്ടായിരി ക്കണം. 18 മാസമെ ങ്കിലും പ്രായമുള്ള കീടാരികൾ ആയിരി ക്കണം | 75 % (പരമവധി 12,000 രൂപ) പർച്ചേയ്സ് നടപടിക്ര മങ്ങൾ പാലിച്ചു കൊണ്ട് ഗുണഭോക്താ ക്കളുടെ 7 പേരട ങ്ങുന്ന സമിതിയായി രിക്കണം വാങ്ങൽ നടത്തേണ്ടത്. ചെയർമാൻ ഒരു ജന പ്രതിനിധിയായിരി ക്കണം | അപേക്ഷ ഗ്രാമസഭ വഴി ഗുണഭോക്താ ക്കളെ തിരഞ്ഞെടുക്കു ന്നു. | ക്ഷീരവികസന ഓഫീ സർ/വെറ്ററിനറി ഡോക്ടർ ഗ്രാമപഞ്ചാ യത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതനുസ രിച്ച് ഗുണഭോക്താ വിന്റെ അക്കൗണ്ടി ലേക്ക് വരവ് വെയ്ക്കുന്നു |
| | **20.കിടാരി, കാളകുട്ടി, പോത്തുകുട്ടി, ആട്ടിൻകുട്ടി** | | | |
| | എസ്.സി /എസ്.റ്റി (വ്യക്തിഗതം) അംഗീ കാരം ലഭിച്ച പ്രോജ ക്റ്റി ന്റെ അടിസ്ഥാന ത്തിൽ. 18 മാസമെ ങ്കിലും പ്രായമുള്ളവ ആയിരിക്കണം കീടാരി കളും , കാളകുട്ടികളും പോത്തുകുട്ടികളും | 75 % (പരമവധി 7500 രൂപ) | അപേക്ഷ ഗ്രാമസഭ വഴി ഗുണ ഭോക്താക്കളെ തിര ഞ്ഞെടുക്കുന്നു. | ,, |
| | **21.കന്നുകുട്ടി പരിപാലനം (SLBP)** | | | |
| | എസ്.സി/ എസ്.റ്റി കുടുംബവാർഷിക വരുമാനം 50,000 കയിൽ കവിയാത്ത ചെറുകിട/ നാമമാത്ര കർഷകൻ | 50% സംസ്ഥാന വി ഹിതം- 6250 രൂപ തദ്ദേശഭരണസ്ഥാ പനം- 6250 രൂപ ഗുണഭോക്തൃവിഹി തം- 12500 രൂപ | അപേക്ഷ ഗ്രാമസഭ വഴി ഗുണ ഭോക്താക്കളെ തിര ഞ്ഞെടുക്കുന്നു. | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക ളുടെ നിബന്ധനകൾ പാലിച്ചു കൊണ്ട് |
| | **22. കോഴി , കാട, താറാവ് മുതലായ വളർത്തുപക്ഷികൾ** | | | |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| പ്രാദേശിക സർക്കാരുകൾ | കുടുംബവാർഷിക വരുമാനം 50,000 കയിൽ കവിയാത്തവർക്കും ചെറുകിട നാമമാത്ര കർഷകർക്കും എസ്.സി,/എസ്.റ്റി. സബ്സിഡി പരിധിക്ക് വിധേയമായി എത്രഎണ്ണം നൽകാമോ അത്രയും എണ്ണം നൽകാം. കൂട് ഗുണഭോക്താക്കൾ സ്വന്തം നിലക്ക് നിർമ്മിക്കണം. തീറ്റയുടെ ചിലവ് ഗുണഭോക്താക്കൾ സ്വയം വഹിക്കണം | വിലയുടെ 75% ഒരു കുടുംബത്തിന് പരമാവധി500 രൂപ സബ്സിഡി | അപേക്ഷ ഗുണഭോകതാക്കളെ ഗ്രാമസഭ വഴി തിരഞ്ഞെടുക്കുന്നു | വെറ്ററിനറി സർജൻ, പ്രൊജക്റ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി പണം അല്ലാതെ നൽകുന്നു |
| | **23.ധാതുലവണങ്ങൾ, വിരമരുന്ന്** | | | |
| | ചെറുകിട നാമമാത്ര കർഷകർക്ക് കാലികളെ വളർത്തുന്ന പാൽ നൽകുന്ന ഗ്രൂപ്പ് സംരംഭകർക്ക് മാത്രം, എസ്.സി/ എസ്.റ്റി | 50% ഉരു ഒന്നിന് പ്രതി വർഷം പരമാവധി 750 രൂപ | അപേക്ഷ ഗുണഭോകതാക്കളെ ഗ്രാമസഭ വഴി തിരഞ്ഞെടുക്കുന്നു | വെറ്ററിനറി സർജൻ, പ്രൊജക്റ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി പണമല്ലാതെ നൽകുന്നു |
| | **24.തീറ്റപുൽകൃഷിക്കുള്ള വിത്ത്** | | | |
| | ചെറുകിട /നാമമാത്ര കർഷകർക്ക് മാത്രം, പട്ടിക ജാതി/പട്ടികവർഗ്ഗം. സംയോജിത കൃഷിരീതിയിൽ ഏർപ്പെടുന്ന കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെ ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടത്. | 80%, വിത്തിന്റെ വില, ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് നിശ്ചയിക്കണം | അപേക്ഷ ഗുണഭോകതാക്കളെ ഗ്രാമസഭ വഴി തിരഞ്ഞെടുക്കുന്നു | വെറ്ററിനറി സർജൻ, പ്രൊജക്റ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി പണം അല്ലാതെ നൽകുന്നു |
| | **25.മുയൽ വളർത്തൽ** | | | |
| | ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രം, പട്ടിക ജാതി/പട്ടിക വർഗ്ഗം. മുയൽ വളർത്തൽ തൊഴിലായി ചെയ്യുന്നവർക്ക് മാത്രം സബ്സിഡി നൽകാം | മുയലിന്റെ 50% ( പരമാവധി സബ്സിഡി 1000 രൂപ) കൂടിന് 25%(പരമാവധി സബ്സിഡി 2000 രൂപ) | അപേക്ഷ ഗുണഭോകതാക്കളെ ഗ്രാമസഭ വഴി തിരഞ്ഞെടുക്കുന്നു | വെറ്ററിനറി സർജൻ, പ്രൊജക്റ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി പണം അല്ലാതെ നൽകുന്നു |
| | **26.പാലിന് സബ്സിഡി** | | | |
| | ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 20,000 രൂപ | പട്ടികജാതി/പട്ടികവർഗ്ഗം, ക്ഷീര സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള ക്ഷീര കർഷകർ | ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം | ക്ഷീരസംഘങ്ങൾ മുഖേന അംഗീകാരം ലഭിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ ബാങ്ക് വഴി നൽകുന്നു |

| വകുപ്പ് | ഗുണഭോക്താ ക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| | **27.കറവയന്ത്രം** | | | |
| | പട്ടികജാതി/പട്ടിക വർഗ്ഗം, വ്യക്തിഗതം, 5 ഉരുക്കളെങ്കിലും ഉണ്ടായിരിക്കണം, അതിൽ 3 എണ്ണമെങ്കിലും കറവയുള്ള പശു/എരുമ ആയിരിക്കണം. ചെറുകിട/നാമമാത്ര കർഷകരായിരിക്കണം. | പരമാവധി 10,000 രൂപ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള സബ്സിഡി കൂടി സ്വീകരിക്കാം. മൊത്തം സബ്സിഡി കറവയന്ത്രത്തി ന്റെ 50% ൽ അധികരിക്കരുത്. | ISI മുദ്രയുള്ള കറവ യന്ത്രം മാത്രമെ വാങ്ങാവൂ | നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന് ധനസഹായം ബാങ്ക് നൽകുന്നു |
| പട്ടികജാതി വികസന വകുപ്പ് | **28.സ്വയംതൊഴിൽപദ്ധതി** | | | |
| | 18-50നും മദ്ധ്യേ പ്രായം, ഏഴാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ള സ്വയംതൊഴിൽ സംരംഭത്തിന് താൽപര്യമുള്ള പട്ടികജാതിക്കാർ, വരുമാന പരിധിയില്ല | വ്യക്തികൾക്ക് വായ്പയുടെ മൂന്നിലൊന്നോ /ഒരു ലക്ഷം രൂപയോ, ഏഴ് പേരടങ്ങിയ ഗ്രൂപ്പിന് വായ്പതുകയുടെ മൂന്നിലൊന്നോ/3.50 ലക്ഷം രൂപയോഏതാണോ കുറവ് അത് സബ്സിഡിയായി നൽകുന്നു. | അപേക്ഷ, ജാതി, പ്രായം, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പ്രോജക്റ്റ് റിപ്പോർട്ട്, അനുബന്ധരേഖകളും, മറ്റ് സർക്കാർ ഏജൻ സികളിൽ നിന്നും സ്വയംതൊഴിൽ സബ്സിഡി ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, പട്ടികജാതി വികസന ഓഫീസർക്ക് | ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ, വായ്പതുകയുപയോഗിച്ച് സംരംഭം ആരംഭിച്ച ശേഷം ബാങ്ക് വഴി നൽകുന്നു. |
| | **29.ഉല്പന്ന വിപണന പ്രദർശന മേള** | | | |
| | പാരമ്പര്യ ഉല്പന്ന, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നവർ | വ്യക്തികൾക്ക്/സ്വയം സഹായ സംഘങ്ങൾക്ക് വിപണന മേളയിൽ സ്റ്റാൾ സൗജന്യമായി നൽകുന്നു , വാഹനവാടക, പ്രതിദിന ബത്ത (500 രൂപ) ഭക്ഷണം എന്നിവ നൽകുന്നു | അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, ഉല്പന്ന നിർമ്മാണ സംബന്ധിച്ച ലഘുവിവരണം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് | പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സംസ്ഥാനതലത്തിൽ വിപണനമേള നടക്കുമ്പോൾ |
| | **30.സ്വയം പര്യാപ്ത ഗ്രാമം** | | | |
| | അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങൾ | അടിസ്ഥാനസൗകര്യ വികസനം, ഒരു കോടി രൂപ വരെയുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങളും തൊഴിലുപകരണങ്ങളും | എം.എൽ.എ/എം.പിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു.എം.എൽ.എ /എം.പി നിർദ്ദേശിക്കുന്ന അക്രഡിറ്റഡ് ഏജൻസിയുടെ എസ്റ്റിമേറ്റ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കണം | പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അക്രഡിറ്റഡ് ഏജൻസിക്ക് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ നാല് ഗഡുക്കളായി നൽകുന്നു. ഒന്നാം ഗഡു 25% മുൻകൂറായും മറ്റ് ഗഡുകൾ നിർവ്വഹണ പുരോഗതിക്കനുസരിച്ചും |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | **31.സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം** | | | |
| | കുടുംബശ്രീയിൽ രജിസ്ട്രേഷനുള്ള പത്തോ അതിലധികമോ പട്ടികജാതി സമുദായ അംഗങ്ങൾ ചേർന്ന് രൂപീകരിക്കുന്ന സ്വാശ്രയ സംഘങ്ങൾ. കുടുംബശ്രീയുടെ എം.ഇ.സി സംവിധാനത്തിൽ പരിശീലനം ലഭിച്ചവർ. (പ്രൊജക്ട് മുതൽ മുടക്കിന്റെ 25% ബാങ്ക് ലോൺ മുഖേന സ്വരൂപിക്കണം) | സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 15 ലക്ഷം രൂപ വരെയുള്ള പ്രൊജക്റ്റുകൾക്ക് 75% (പരമാവധി 10 ലക്ഷം രൂപ) സബ്സിഡിയായി നൽകുന്നു. | അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റ്, പ്രൊജക്റ്റ് റിപ്പോർട്ട്, പ്രൊജക്റ്റിന്റെ വിജയസാധ്യത സംബന്ധിച്ച ബന്ധപ്പെട്ട വകുപ്പിന്റെ റിപ്പോർട്ട് | ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർ പ്രൊജക്റ്റിന് അംഗീകാരം കിട്ടിയാൽ ആദ്യഗഡുവും പ്രോജക്ട് ആരംഭിച്ചതിന് ശേഷം രണ്ടാം ഗഡുവും തുല്യഗഡുക്കളായി സംഘങ്ങൾക്ക് ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു. |
| മൃഗസംരക്ഷണം | **32.പട്ടികജാതിക്കാർക്കുള്ള ആട് വളർത്തൽ പദ്ധതി** | | | |
| | ഇല തീറ്റകൾ സുലഭമായ പ്രദേശങ്ങളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള ആട് വളർത്തലിൽ താൽപര്യമുള്ള പട്ടികജാതിയിൽപ്പെട്ടവർ | ശരാശരി 10 കി.ഗ്രാം തൂക്കമുള്ള രണ്ട് മലബാറി പെണ്ണാട്ടിൻ കുട്ടികളെ വീതം 300 കർഷകർക്ക് നൽകുന്നു. ആടിന്റെ വിലയായ 8000/- രൂപയും, ഇൻഷുറൻസ് കടത്തുകൂലി എന്നിവയുടെ 250 രൂപയും, കൂടിന്റെ 8000 രൂപയും, ഗുണഭോക്തൃ വിഹിതമായും വകയിരിത്തിയിരിക്കുന്നു | റേഷൻ കാർഡ് കോപ്പി, ജാതി സർട്ടിഫിക്കറ്റ്, ആട്ടിൻകൂട് ഗുണഭോക്താവ് സ്വന്തം ചിലവിൽ പണി തീർത്തിട്ടുണ്ട് എന്ന വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് | ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുമ്പോൾ മൃഗാശുപത്രി മുഖേന വെറ്ററിനറി സർജൻ നൽകുന്നു. പഞ്ചായത്ത് പ്രസിഡന്റ് പട്ടികജാതി മെമ്പർ, വെറ്ററിനറി സർജൻ/സീനീയർ വെറ്ററിനറി സർജൻ എന്നിവരടങ്ങുന്ന സമിതി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. |
| | **33.പട്ടികജാതികർഷകർക്ക് രണ്ട് പശുകളെയും 3 പശുക്കുട്ടികളെയും നൽകുന്ന പദ്ധതി (2014–15)** | | | |
| | പശുവളർത്തലിൽ താൽപ്പര്യമുള്ള എസ്.സി വിഭാഗത്തിൽപ്പെട്ടവർ. ബി.പി.എൽ കുടുംബങ്ങൾക്കും വനിതകൾക്കും മുൻഗണന, മുൻപരിചയം, സ്ഥലലഭ്യത തുടങ്ങിയവക്കും മുൻഗണന | രണ്ട് കറവ പശുക്കളെയും 3 പശുകുട്ടികളെയും വാങ്ങുന്നതിന് 1,35,000/- സബ്സിഡി നൽകുന്നു, 9375 രൂപ ഗുണഭോക്തൃവിഹിതം 35625/ ബാങ്ക് ലോണും ആയിരിക്കും . പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ പശുകുട്ടികൾക്കുള്ള തുക നൽകും | ലോൺ സംബന്ധിച്ച രേഖകൾ, നേച്ചർ ഫ്രഷ് മാതൃകയിൽ തൊഴുത്ത് നിർമ്മിച്ചതിന്റെ തെളിവുകൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ സീനീയർ വെറ്ററിനറി സർജന് നൽകണം | തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധി, വെറ്ററിനറി സർജൻ, ഗുണഭോക്തൃ പ്രതിനിധി എന്നിവരടങ്ങുന്ന പർച്ചേസ് കമ്മിറ്റി രൂപികരിക്കാം. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറക്ക് തുക കൈമാറും, തീറ്റയ്ക്കുള്ള വിഹിതം (ഒരു യൂണിറ്റിന് 28,125/) S.L.B.P ഡെപ്യൂട്ടി ഡയറക്ർ നൽകും |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആര്, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| മൃഗസംരക്ഷണം | **34.ഗ്രാമീണ മേഖലയിൽ വീട്ട് പരിസരത്ത് കോഴി വളർത്തൽ വികസന പരിപാലനം** | | | |
| | കോഴി വളർത്തലിൽ താല്പര്യമുള്ള കർഷകർ | 100 ശതമാനം ധനസഹായം, 45-60 ദിവസം പ്രായമുള്ള 10 കോഴികുഞ്ഞുങ്ങൾ, കോഴികൂട്, 2 മാസത്തെ കോഴിത്തീറ്റക്കുള്ള ചിലവ് കോഴിവളർത്തലിൽ പരിശീലനം | ഗ്രാമപഞ്ചായത്ത് പ്രതിനിധി, വെറ്ററിനറി ഡോക്ടർ/ സീനിയർ വെറ്ററിനറി ഡോക്ടർ തിരഞ്ഞെടുക്കുന്ന ലിസ്റ്റ് | ഗ്രാമപഞ്ചായത്ത് വെറ്ററിനറി ഡോക്ടർ/സീനിയർ വെറ്ററിനറി ഡോക്ടർ ഗുണഭോക്തൃ പ്രതിനിധി ഉൾപ്പടെയുള്ള പദ്ധതി നിർവഹണസമിതി |
| കുടുംബശ്രീ | **35.ആടുഗ്രാമം** | | | |
| | ഗ്രൂപ്പ് സംരംഭം. കുടുംബശ്രീ അംഗം/കുടുംബാംഗം.ഗ്രൂപ്പിൽ കുറഞ്ഞത് 5 പേർ പ്രായം 18-55 ആർ.എം.ഇ ഗൈഡ് ലൈൻ വ്യക്തിഗതം 18-60 വയസ്സ് | പ്രോജക്ട് തുക 150000 ധനസഹായം 50,000 ഗുണഭോക്തൃ വിഹിതം 7500/ | അപേക്ഷ, ബാങ്ക് അപ്രൂവൽ കത്ത്, തിരിച്ചറിയൽ കാർഡ് , റേഷൻകാർഡ് കോപ്പികൾ, എൻ.എച്ച.ജി.പാസ്സ് ബുക്ക് കോപ്പി, ഇ.ഡി.പി സ്കിൽ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് കോപ്പി | അപേക്ഷ സി.ഡി.എസ്സിന് നൽകണം ട്രെയിനിംഗ് പ്രൊജക്ട് തയ്യാറാക്കലും സമർപ്പിക്കലിനും ശേഷം ജില്ലാ കുടുംബശ്രീ മിഷൻ വഴി സംസ്ഥാന മിഷന് സമർപ്പിച്ച് സബ്സിഡി നൽകുന്നു |
| | **36.ക്ഷീരസാഗരം** | | | |
| | ഗ്രൂപ്പ് സംരംഭം. കുടുംബശ്രീ അംഗം/കുടുംബാംഗം. ഗ്രൂപ്പിൽ കുറഞ്ഞത് 5 പേർ പ്രായം 18-55 ആർ.എം.ഇ ഗൈഡ് ലൈൻ | പ്രൊജക്ട് തുക- 6,25,000 രൂപ സബ്സിഡി 218750 രൂപ ഗുണഭോക്തൃവിഹിതം 31250 രൂപ | ” | ” |
| | **37.മുട്ടക്കോഴി,അടുക്കളത്തോട്ടം പരിപാലനം** | | | |
| | ഗ്രൂപ്പ് സംരംഭം. കുടുംബശ്രീ അംഗം/കുടുംബാംഗം. ഗ്രൂപ്പിൽ കുറഞ്ഞത് 5 പേർ പ്രായം 18-55 ആർ.എം.ഇ ഗൈഡ് ലൈൻ | പ്രൊജക്ട് 75000 രൂപ, സബ്സിഡി 25000 രൂപ, ഗുണഭോക്തൃവിഹിതം 3750 രൂപ | ” | ” |
| | **38.താറാവ് വളർത്തൽ** | | | |
| | ഗ്രൂപ്പ് സംരംഭം. കുടുംബശ്രീ അംഗം/കുടുംബാംഗം. ഗ്രൂപ്പിൽ കുറഞ്ഞത് 5 പേർ പ്രായം 18-55 ആർ.എം.ഇ ഗൈഡ് ലൈൻ | പ്രോജക്ട് 1,50,000/- സബ്സിഡി 50,000/ ഗുണഭോക്തൃ വിഹിതം 7500/- | ” | ” |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| കുടുംബശ്രീ | **39. മൃഗസംരക്ഷണം (മാംസസുരക്ഷാപദ്ധതി)** | | | |
| | ഗ്രൂപ്പ് സംരംഭം. കുടുംബശ്രീ അംഗം/കുടുംബാംഗം. ഗ്രൂപ്പിൽ കുറഞ്ഞത് 5 പേർ പ്രായം 18-55 ആർ.എം.ഇ ഗൈഡ് ലൈൻ | പദ്ധതി തുക- 1,50,000/- സബ്സിഡി - 50,000/- ഗുണഭോക്തൃവിഹിതം- 7500/(പന്നി, പശു, ആട്, പോത്ത് ) എന്നിവയെ വളർത്തുവാൻ താൽപര്യമുള്ള അയൽക്കൂട്ടംഗങ്ങൾ | ,, | ,, |
| കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ | **40. ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി** | | | |
| | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം- കുടുംബവാർഷിക വരുമാനം 3,50,000 പ്രായപരിധി 18-50 | 2,00,000 രൂപ വരെയുള്ള സ്വയംതൊഴിൽ വായ്പകൾ (കൃഷി, ചെറുകിട വ്യവസായം, സേവന മേഖലകൾ) പലിശ നിരക്ക് 6% , തിരിച്ചടവ് കാലാവധി 5 വർഷം | ജാതി, കുടുംബ വാർഷിക വരു മാനം, വയസ്സ് ഇവ തെളിയിക്കുന്ന രേഖകൾ, ഉദ്യോഗസ്ഥ ജാമ്യം ഇവ സംബന്ധിച്ച രേഖകൾ, പ്രോജക്റ്റ് റിപ്പോർട്ട് | കോർപ്പറേഷന്റെ ജില്ലാ മാനേജർമാർ അപേക്ഷ സ്വീകരിക്കുന്നു, വായ്പ നേരിട്ട് നൽകുന്നു, ഏത് സമയവും അപേക്ഷിക്കാവുന്നതാണ്. |
| | **41. പ്രൊഫഷണൽ സർവ്വീസ് പദ്ധതി** | | | |
| | 18-50 വയസ്സ് പ്രായം, പട്ടികജാതിക്കാരായ യുവജനങ്ങൾ, കുടുംബ വാർഷിക വരുമാനം 3,50,000 രൂപ | 1,50,000 രൂപ വരെയുള്ള സ്വയംതൊഴിൽ വായ്പകൾ പലിശ നിരക്ക് 7 %, തിരിച്ചടവ് കാലാവധി 5 വർഷം | മുകളിൽ പറഞ്ഞ രേഖകൾക്ക് പുറമെ അപേക്ഷകന്റെ, പ്രൊഫഷണൽ യോഗ്യത സംബന്ധിച്ച രേഖ, ഉദ്യോഗസ്ഥജാമ്യം, വസ്തുജാമ്യം ഇവ സംബന്ധിച്ച രേഖകൾ, പ്രോജക്റ്റ് റിപ്പോർട്ട് | കോർപ്പറേഷന്റെ ജില്ലാ മാനേജർമാർ അപേക്ഷ സ്വീകരിക്കുന്നു, വായ്പ നേരിട്ട് നൽകുന്നു, ഏത് സമയവും അപേക്ഷിക്കാവുന്നതാണ്. |
| | **42. ഓട്ടോറിക്ഷ വായ്പാപദ്ധതി** | | | |
| | 18-50 വയസ്സ് പ്രായം, പട്ടികജാതിക്കാരായ തൊഴിൽരഹിതർ കുടുംബ വാർഷിക വരുമാനം 3,50,000 രൂപ | 2,10,000 രൂപ വരെ. ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള വായ്പ പലിശ നിരക്ക് 6 % , തിരിച്ചടവ് കാലാവധി 5 വർഷം | ജാതി, കുടുംബവാർഷിക വരുമാനം, വയസ്സ് തെളിയിക്കുന്ന രേഖകൾ , ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യം സംബന്ധിച്ച രേഖകൾ, ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് | കോർപ്പറേഷന്റെ ജില്ലാ മാനേജർമാർ അപേക്ഷ സ്വീകരിക്കുന്നു, വായ്പ നേരിട്ട് നൽകുന്നു, ഏത് സമയവും അപേക്ഷിക്കാവുന്നതാണ്. |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| പട്ടികജാതി/പട്ടികവർഗ്ഗവികസന കോർപ്പറേഷൻ | **43.വനിതാശാക്തീകരണ പദ്ധതി** | | | |
| | 18-50 വയസ്സ് പ്രായമുള്ള പട്ടിക ജാതിക്കാരായ വനിതകൾ, കുടുംബ വാർഷിക വരുമാനം 49,000 രൂപ മുതൽ 60000 വരെ, (ഗ്രൂപ്പുകൾക്കുള്ള പദ്ധതി) | 3,00,000 രൂപ വരെ 10-15 അംഗങ്ങൾ ഉൾപ്പെട്ട വനിതാ സംഘങ്ങൾക്ക് സ്വയംതൊഴിൽ വായ്പകൾ, പലിശ നിരക്ക് 6 % , തിരിച്ചടവ് കാലാവധി 5 വർഷം, 3 ലക്ഷം രൂപ വരെയുള്ളതിന് ജാമ്യം വേണ്ട | ജാതി, കുടുംബ വാർഷിക വരുമാനം, വയസ്സ് ഇവ തെളിയിക്കുന്ന രേഖകൾ, പ്രോജക്റ്റ് റിപ്പോർട്ട് | കോർപ്പറേഷന്റെ ജില്ലാ മാനേജർമാർ അപേക്ഷ സ്വീകരിക്കുന്നു, വായ്പ നേരിട്ട് നൽകുന്നു, ഏത് സമയവും അപേക്ഷിക്കാവുന്നതാണ്. |
| | **44.മൾട്ടിപർപ്പസ് യൂണിറ്റ്** | | | |
| | **ലോൺ**-18-50 വയസ്സ് പ്രായം, പുതിയ സംരംഭം ആരംഭിക്കുന്ന പട്ടികജാതിക്കാരായ യുവജനങ്ങൾ, കുടുംബ വാർഷിക വരുമാനം 3,50,000 രൂപ | മിടുക്കരായ സ്വയം തൊഴിൽ സംരംഭത്തിന് 10,00,000 രൂപ വരെ വ്യവസായ/ വാണിജ്യ വായ്പ, 5 ലക്ഷം വരെ പലിശ നിരക്ക് 6 %, 5 ലക്ഷത്തിന് മുകളിൽ പലിശ നിരക്ക് 8 %, തിരിച്ചടവ് കാലാവധി 5 വർഷം | ജാതി, കുടുംബ വാർഷിക വരുമാ നം, വയസ്സ് ഇവ തെളിയിക്കുന്ന രേഖകൾ, വസ്തുജാമ്യം സംബന്ധിച്ച രേഖകൾ, പ്രോജക്റ്റ് റിപ്പോർട്ട് | കോർപ്പറേഷന്റെ ജില്ലാ മാനേജർമാർ അപേക്ഷ സ്വീകരിക്കുന്നു, വായ്പ നേരിട്ട് നൽകുന്നു, ഏത് സമയവും അപേക്ഷിക്കാവുന്നതാണ്. |
| | **45.വിദേശത്ത് തൊഴിൽ വായ്പാ പദ്ധതി** | | | |
| | 18-50 വയസ്സ് പ്രായം, പട്ടികജാതിവിഭാഗങ്ങൾ, കുടുംബ വാർഷിക വരുമാനം 3,50,000 രൂപ | വിദേശത്ത് തൊഴിൽ നേടുന്നവർക്ക് അനുബന്ധ ചിലവുകൾക്കായി 50,000 രൂപ വരെ വായ്പ. തിരിച്ചടവ് കാലാവധി 5 വർഷം | ജാതി, കുടുംബ വാർഷിക വരുമാനം, വയസ്സ് ഇവ തെളിയിക്കുന്ന രേഖകൾ, ഉദ്യോഗസ്ഥ ജാമ്യം/ വസ്തുജാമ്യം സംബന്ധിച്ച രേഖകൾ, തൊഴിൽ ദാതാവുമായുള്ള ജോബ് എഗ്രിമെന്റ്, പാസ്പോർട്ട്, വിസ | കോർപ്പറേഷന്റെ ജില്ലാ മാനേജർമാർ അപേക്ഷ സ്വീകരിക്കുന്നു, വായ്പ നേരിട്ട് നൽകുന്നു, ഏത് സമയവും അപേക്ഷിക്കാവുന്നതാണ്. |
| | **46.കൃഷിഭൂമി വായ്പാപദ്ധതി** | | | |
| | 21-50 വയസ്സ് പ്രായപരിധി, വാർഷിക വരുമാനം പരിധി–ഗ്രാമപ്രദേശം–98000 രൂപ നഗരപ്രദേശം– 1,20,000 രൂപ | കുറഞ്ഞത് 50 സെന്റ് കൃഷിഭൂമി വാങ്ങാനായി കർഷകതൊഴിലാളികൾക്ക് 3 ലക്ഷം രൂപ വരെ വായ്പ. പലിശ നിരക്ക് 6 % തിരിച്ചടവ് കാലാവധി 8 വർഷം | ജാതി, കുടുംബ വാർഷിക വരുമാ നം, വയസ്സ് ഇവ തെളിയിക്കുന്ന രേഖകൾ, വാങ്ങുന്ന ഭൂമി സംബന്ധിച്ച രേഖ, ഭൂവുടമയുടെ സമ്മതപത്രം, വസ്തു ജാമ്യം മാത്രം | ജില്ലാ മാനേജർമാർ അപേക്ഷ സ്വീകരിക്കുന്നു, നേരിട്ട് വായ്പ നൽകുന്നു, നിശ്ചിത സമയങ്ങളിൽ മാത്രം അപേക്ഷ സ്വീകരിക്കുന്നു |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| പട്ടികജാതി/പട്ടികവർഗ്ഗവികസന കോർപ്പറേഷൻ | **47.മൈക്രോക്രെഡിറ്റ് ഫിനാൻസ്** | | | |
| | 18 - 50 വയസ്സ് പ്രായം, വാർഷിക വരുമാനം പരിധി- ഗ്രാമപ്രദേശം-98000 രൂപ നഗരപ്രദേശം- 1,20,000 രൂപ | ലഘുസ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനായി 50,000 രൂപ വരെ വായ്പ. പലിശ നിരക്ക് 5 % തിരിച്ചടവ് കാലാവധി 3 വർഷം | ജാതി, കുടുംബ വാർഷിക വരുമാനം, വയസ്സ് ഇവ തെളിയിക്കുന്ന രേഖകൾ, ഉദ്യോഗസ്ഥ/ വസ്തു ജാമ്യം സംബന്ധിച്ച രേഖകൾ | ജില്ലാ മാനേജർമാർ അപേക്ഷ സ്വീകരിക്കുന്നു, വായ്പ നേരിട്ട് നൽകുന്നു, ഏത് സമയവും അപേക്ഷിക്കാവുന്നതാണ്. |
| | **48.മഹിളാ സമൃദ്ധി യോജന** | | | |
| | 18-50 വയസ്സ് പ്രായം, വാർഷിക വരുമാനം പരിധി- ഗ്രാമപ്രദേശം-98000 രൂപ നഗരപ്രദേശം- 1,20,000 രൂപ | ലഘുസ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനായി വനിതാ സംരംഭകർക്ക് 50,000 രൂപ വരെ വായ്പ. പലിശ നിരക്ക് 4 %, തിരിച്ചടവ് കാലാവധി 5 വർഷം | ” | ” |
| | **49. മഹിളാകിസാൻ യോജന** | | | |
| | 18-50 വയസ്സ് പ്രായം, വാർഷിക വരുമാനം പരിധി- ഗ്രാമപ്രദേശം-98000 രൂപ നഗരപ്രദേശം- 1,20,000 രൂപ | ലഘുകാർഷിക സംരംഭങ്ങൾ ആരംഭിക്കാനായി വനിതാ സംരംഭകർക്ക് 50,000 രൂപ വരെ വായ്പ. പലിശ നിരക്ക് 5 %, തിരിച്ചടവ് കാലാവധി 5 വർഷം | ” | ” |
| | **50. ശില്പി സമൃദ്ധി യോജന** | | | |
| | 18-50 വയസ്സ് പ്രായം, വാർഷിക വരുമാനം പരിധി- ഗ്രാമപ്രദേശം-98000 രൂപ നഗരപ്രദേശം- 1,20,000 രൂപ | കേന്ദ്രസർക്കാർ ലൈസൻസ് നേടിയ കരകൗശല വിദഗ്ദ്ധർ ക്ക് സ്വയം തൊഴിൽ സംരംഭത്തിന് 50,000 രൂപ വരെ വായ്പ, പലിശ നിരക്ക് 5 %, തിരിച്ചടവ് കാലാവധി 5 വർഷം | ” | ” |
| | **51. മിനിവെഞ്ചർ പദ്ധതി** | | | |
| | 18-50 വയസ്സ് പ്രായം, വാർഷിക വരുമാനം പരിധി- ഗ്രാമപ്രദേശം-98000 രൂപ നഗരപ്രദേശം- 1,20,000 രൂപ | മിടുക്കരായ സ്വയം തൊഴിൽ സംരംഭകർക്ക് 3 ലക്ഷം രൂപ വരെ സ്വയംതൊഴിൽ വായ്പ. (കൃഷി, വ്യവസായ, സേവന മേഖലകളിൽ) പലിശ നിരക്ക് 6% തിരിച്ചടവ് കാലാവധി 5 വർഷം | ജാതി, കുടുംബ വാർഷിക വരുമാനം, വയസ്സ് തെളിയിക്കുന്ന രേഖകൾ ,ഉദ്യോഗസ്ഥ/ വസ്തു ജാമ്യം സംബന്ധിച്ച രേഖകൾ, പ്രോജക്റ്റ് റിപ്പോർട്ട് | ജില്ലാ മാനേജർമാർ അപേക്ഷ സ്വീകരിക്കുന്നു, വായ്പ നേരിട്ട് നൽകുന്നു, ഏത് സമയവും അപേക്ഷിക്കാവുന്നതാണ്. |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| പട്ടികജാതി/പട്ടികവർഗ്ഗവികസന കോർപ്പറേഷൻ | **52.ലഘുവ്യവസായ യോജന** | | | |
| | 18-50 വയസ്സ് പ്രായം, വാർഷിക വരുമാനപരിധി- ഗ്രാമപ്രദേശം-98000 രൂപ നഗരപ്രദേശം- 1,20,000 രൂപ | ലഘുവ്യവസായസംരംഭങ്ങൾ ആരംഭിക്കാനായി 3,00,000/- വരെ വായ്പ, പലിശ നിരക്ക് 6% തിരിച്ചടവ് കാലാവധി 5 വർഷം | ജാതി, കുടുംബ വാർഷിക വരുമാ നം, വയസ്സ് തെളിയിക്കുന്ന രേഖകൾ ,ഉദ്യോഗസ്ഥ/ വസ്തു ജാമ്യം സംബന്ധിച്ച രേഖകൾ, പ്രോജക്റ്റ് റിപ്പോർട്ട് | ” |
| | **53. വാഹനവായ്പാ പദ്ധതി (ഓട്ടോടാക്സി )** | | | |
| | 18-50 വയസ്സ് പ്രായം, കുടുംബവാർഷിക വരുമാന പരിധി- ഗ്രാമപ്രദേശം-98000 രൂപ നഗരപ്രദേശം- 1,20,000 രൂപ | ഓട്ടോടാക്സി വാങ്ങുന്നതിനായി 2,50,000 രൂപ വരെ സ്വയം തൊഴിൽ വായ്പ പലിശ നിരക്ക് 6% തിരിച്ചടവ് കാലാവധി 5 വർഷം | ജാതി, കുടുംബവാർഷിക വരുമാനം, വയസ്സ് ഇവ തെളിയിക്കു ന്ന രേഖകൾ, ഉദ്യോഗസ്ഥ/വസ്തു ജാമ്യം സംബന്ധിച്ച രേഖകൾ, ഡ്രൈവിംഗ് ലൈസൻസ് | ജില്ലാ മാനേജർമാർ അപേക്ഷ സ്വീകരിക്കുന്നു,. വായ്പ നേരിട്ട് നൽകുന്നു, ഏത് സമയവും അപേക്ഷിക്കാവുന്നതാണ് |
| | **54.കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സ്കീം പോളിടെക്നിക്ക് സ്കീം** | | | |
| വിദ്യാഭ്യാസം | കോളേജുകളിൽ നിന്ന് കൊഴിഞ്ഞു പോയവർ, പട്ടികജാതി, പട്ടിക വർഗ്ഗക്കാർ, ന്യൂനപക്ഷ വിഭാഗങ്ങൾ, വികലാംഗർ എന്നിവരുൾപ്പെടുന്ന ഗ്രാമ പ്രദേകത്തെ തൊഴിൽരഹിതർക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എ.എ. സി.റ്റി ഇ അംഗികാരമുള്ള പോളിടെക്നിക്കുകൾ വഴി നൽകുന്നു | സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമുള്ള വൈദഗദ്ധ്യവും വിവരവും ഉറപ്പാക്കുന്ന കോഴ്സുകളിൽ സൗജന്യ പരിശീലനം നൽകുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള എന്റർപ്രണർ സ്കിൽ ലഭ്യമാക്കുന്നു. പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായി പ്രത്യേക സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമുകളെ കണ്ടെത്തി നടപ്പിലാക്കുന്നു | തിരഞ്ഞെടുക്കുന്ന പോളിടെക്നിക്കി ന്റെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്ന പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചവരും തൊഴിലില്ലാത്തവരുമായ ജനങ്ങ ൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിലധി ഷ്ഠിത പരിശീലനം സൗജന്യമായി നൽകി അവരെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നു | കേന്ദ്ര മാനവ വികസന മന്ത്രാലയം വഴി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പോളിടെക്നിക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു, ചെന്നൈ ആസ്ഥാനമായുള്ള NIIT വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത് |
| | **55. കോച്ചിംഗ്-കം- ഗൈഡൻസ് സെന്റർ ഫോർ എസ്.സി/ എസ്.റ്റി** (ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, എറണാകുളം ജില്ലകൾ) | | | |
| നാഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്-കേരളം | ഉദ്യോഗാർത്ഥികളുടെ ഉന്നമനം | എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ളവർക്ക് സംവരണം ചെയ്ത ജോലികൾക്ക് യോഗ്യത നേടുന്നതിന് മറ്റ് പരീക്ഷകളിലും ഇന്റർവ്യൂകളിലും ഉയർന്ന റാങ്ക് നേടുന്നതിനും ഫണ്ടി ന്റെ ലഭ്യത അനുസരിച്ച് കോച്ചിംഗ് ക്ലാസ്സുകൾ നടത്തി വരുന്നു | ബന്ധപ്പെട്ട ജില്ലകളിലെല എംപ്ലോയിമെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടാകണം | പേര് രജിസ്റ്റർ ചെയ്ത ക്രമത്തിൽ ബാച്ചുകളായി പരിശീലനം നടത്തുന്നു |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| ക്ഷീരവികസന വകുപ്പ് | **56. പ്രത്യേക പരിശീലനം** | | | |
| | കെ.ജി.ടി.ഇ പരീക്ഷക്ക് സ്റ്റെനോഗ്രാഫി പഠിക്കുന്നവർക്ക്/ വേർഡ് പ്രോസസ്സിംഗ് എഴുതുന്നതിനും സഹായം ചെയ്ത് കൊടുക്കുന്നു. Info Park – Data Entry Operator ജോലി ലഭിക്കുന്നതിനും | ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ എസ്.സി/ എസ്.റ്റി ഉദ്യോഗാർത്ഥികൾ | ബന്ധപ്പെട്ട ജില്ലകളിലെ എംപ്ലോയിമെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടാകണം | ജില്ലാ എംപ്ലോയ്മെന്റ് വഴിയും പ്രാദേശിക എംപ്ലോയ്മെൻറ് ഓഫീസർ വഴി സേവനം ലഭ്യമാക്കുന്നു |
| | **57. എംപ്ലോയ്മെന്റ് മുഖേനയുള്ള നിയമനം** | | | |
| | എസ്.സി വിഭാഗത്തിൽപ്പെട്ട വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, 35 വയസ്സ് കഴിഞ്ഞ അവിവാഹിതർ, നിയമാനുസരണം വിവാഹ മോചനം നേടിയ സ്ത്രീകൾ | നിയമനങ്ങളിൽ 5 വർഷത്തെ വയസ്സിളവ് കൂടാതെ 10 വർഷത്തെ വയസ്സിളവ് കൂടി പരിഗണിക്കുന്നതാണ്. കൂടാതെ വിവിധ ജോലികൾക്ക് മുൻഗണനകൾ ലഭിക്കുന്നു. ഉദാ: 18-36, 36+5+10 പരമാവധി 50 വയസ്സ് | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടാകണം, ക്ലാസ്സ് IV,III, II,I എന്നീ ജോലിക്ക് പരിഗണിക്കും | എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഓഫീസർ |
| | **58. നോഡൽ ഏജൻസി സി.ഐ.ഡി.ബി.ഐ, നബാർഡ്- സ്റ്റാർട്ട് അപ്പ് ഇന്ത്യ ഉൾപ്പടെയുള്ള എസ്.സി/എസ്.റ്റി/സ്ത്രീസംരംഭകർ** | | | |
| | ഉത്പാദനം/ സേവനം/ ട്രെയിനിംഗോ ആയ സംരംഭം. കൂട്ട് സംരംഭം ആണെങ്കിൽ 51% ഓഹരിയും എസ്.സി/ എസ്.റ്റി വിഭാഗത്തിൽപ്പെട്ട സംരംഭകരോ, സ്ത്രിസംരംഭകരോ ആയിരിക്കണം | 10 ലക്ഷം മുതൽ 1 കോടി വരെ, ഒരു ബാങ്കിന്റെ ഒരു ശാഖയിൽ നിന്നും ഏറ്റവും കുറഞ്ഞത് ഒരു എസ്.സി/ എസ്.റ്റി/ സ്ത്രീ സംരംഭകർക്ക് ഈ പദ്ധതി വഴി സഹായം നൽകണം | നോഡൽ ഏജൻസി CIDBI/NABARD | വ്യവസായവകുപ്പിന്റെ താലൂക്ക് ജില്ല ഓഫീസുകൾ |
| | **59. SCA to SCP മിനിഡയറി യൂണിറ്റ് പട്ടികജാതി വിഭാഗം** | | | |

| വകുപ്പ് | ഗുണഭോക്താ ക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | മിനി ഡയറി യൂണിറ്റ് തുട ങ്ങുവാൻ താൽപര്യമുള്ള വ്യക്തികൾ | സങ്കരവർഗ്ഗത്തിൽപ്പെട്ട രണ്ട് ഉരുക്കളെ (1 കറവപശു, 1 ചെനകിടാരി)വാങ്ങുന്നതിന് തൊഴുത്ത് നവീകര ണം/ നിർമ്മാണം, കടത്ത്കൂലി, ഇൻഷുറൻസ് പ്രീമിയം, ഓട്ടോമാറ്റിക്ക് വാട്ടർബൗൾ, റബർ മാറ്റ്, കാലിത്തീറ്റ, തൊഴുത്തിലേക്കുള്ള പാത്ര ങ്ങൾ, പരിശീലനം എന്നിവ പരമാവധി 60875/- രൂപ ധന സഹായം പദ്ധതി അടങ്കൽ 1,21,750 /- രൂപ | അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് പശുവിന്റെ വിലച്ചീട്ട്, കടത്തുകൂലി, തൊഴുത്ത് നവീക രണം/ നിർമ്മാണം, ഇൻഷുറൻസ് പ്രീമി യം, സ്വയം നിയന്ത്രിത വാട്ടർബൗൾ, റബർമാ റ്റ്, കാലിത്തീറ്റ, പാത്ര ങ്ങൾ വാങ്ങിയതിന്റെ ബില്ല് , റെജിസ്ട്രേ ഷൻ ഫീസ് ഇല്ല. | ക്ഷീരസഹകരണസം ഘങ്ങൾ മുഖേന ബ്ലോക്ക്ക്ഷീരവികസന യൂണിറ്റ് പദ്ധതി നടപ്പി ലാക്കുന്നു. പരിശോധ നക്ക് ശേഷം സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു |
| മൃഗസംരക്ഷണ വകുപ്പ് | **60.താറാവ് നഴ്സറികളും താറാവ് വളർത്തൽ സ്ഥാപനവും** | | | |
| | താറാവ് വളർത്തലിൽ താൽപര്യമുള്ളവരും , അനുയോജ്യമായ സ്ഥലസൗകര്യങ്ങളും പരിചയമുള്ളവർക്ക് മുൻഗണന | 51-60 ദിവസം പ്രായ മുള്ള 10 താറാവ് കുഞ്ഞുങ്ങളെ വീതം ജില്ലയിലെ 140 കർഷ കർക്ക് നൽകുന്നു | മൃഗാശുപത്രിയിലെ വെറ്ററിനറി സർജന് നൽകണം, റേഷൻ കാർഡ് കോപ്പി, രാത്രി ഷെൽട്ടർ , തീറ്റമരുന്ന് മുതലായവക്കുള്ള ചിലവുകൾ ഗുണഭോക്താവ് വഹിക്കണം | ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുമ്പോൾ വെറ്ററിനറി സർജൻ, താറാവ് കുഞ്ഞുങ്ങളെ (തുക താറാവ് ഒന്നിന് 100 രൂപ നിരക്കിൽ 10 എണ്ണത്തിന് 1000 രൂപ ) നൽകുന്നു |
| | **61.ആട് സാറ്റലൈറ്റ് യൂണിറ്റുകൾ** | | | |
| | (കേന്ദ്രസഹായത്തോ ടെയുള്ള പ്രത്യേകഘട കപദ്ധതി) നിലവിൽ ആടുവ ളർത്തുന്നവരോ ആട് വളർത്താൻ താൽപ്പര്യ മുള്ളവരോ ആയ കർഷകർ. എ.പി. എൽ/ബി.പി.എൽ കുടുംബങ്ങളെ പരിഗ ണിക്കാം.ഗുണഭോ ക്താവ് 10% എസ്.സി/ എസ്.റ്റി വിഭാഗക്കാരു മാകാം. 30% സ്ത്രീകളും | 4-6 മാസം പ്രായ മുള്ള 5 പെണ്ണാടു കളും ഒരു ആണാടും അടങ്ങുന്ന ഒരു യൂണിറ്റ് വീതം ജില്ല യിലെ 6 ഗുണഭോ ക്താക്കൾക്ക് നൽകു ന്നു. | റേഷൻ കാർഡ് കോപ്പി മറ്റ് അനുബ ന്ധരേഖകൾ (ജാതി സർട്ടിഫിക്കറ്റ് മുതലാ യവ) ആടുകളുടെ വിലയായ 30,000/- രൂപയിൽ 25000 രൂപ ധനസഹായം 5000 ഗുണഭോക്തൃവി ഹിതം | പഞ്ചായത്ത് പ്രസി ഡന്റ് ചെയർമാനും വെറ്ററിനറി സർജൻ /സീനീയർ വെറ്ററിനറി സർജൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗുണഭോക്താക്കളുടെ പ്രതിനിധി എന്നിവര ട ങ്ങിയ പർച്ചേസ് കമ്മിറ്റി മുഖേന ആടു കളെ വാങ്ങുന്നു. |
| | **62.എരുമ വളർത്തൽ വ്യാപനം** | | | |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| | നിലവിൽ എരുമ വളർത്തുന്നവരോ, എരുമ വളർത്തുന്നതിൽ താൽപര്യമുള്ള വരോ ആയ കർഷകർ, ബി.പി.എൽ /എ.പി. എൽ കുടുംബങ്ങളെ പരിഗണിക്കാം, ഗുണഭോക്താവ് 30% സ്ത്രീകളും 10% എസ്. സി/എസ്.റ്റി വിഭാഗക്കാരുമാകാം. | കറവയുള്ള രണ്ട് എരുമകളെ വാങ്ങുന്നതിന് 50,000/ രൂപ ധനസഹായം നൽകുന്നു.86500/- ഗുണഭോക്തൃ വിഹിതം / ലോണും, 69120 രൂ ഗുണഭോക്തൃ വിഹിതവും ആയിരിക്കും | റേഷൻ കാർഡ് കോപ്പി മറ്റ് അനുബന്ധരേഖകൾ (ജാതി സർട്ടിഫിക്കറ്റ് മുതലായവ) ബാങ്ക് ലോൺ ലഭ്യമാക്കിയിരിക്കണം ഒന്നാം കറവയിലുള്ള എരുമകളെ ഗുണഭോക്താവ് വാങ്ങണം,ജില്ലയിൽ ആകെ 73 യൂണിറ്റുകൾ | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും വെറ്ററിനറി സർജൻ/ സീനീയർ വെറ്ററിനറി സർജൻ, ഗുണഭോക്താക്കളുടെ പ്രതിനിധി എന്നിവർ അംഗങ്ങളായ കമ്മിറ്റി രൂപികരിക്കാം |
| | **63. സ്ക്കൂൾ പൗൾട്രി ക്ലബുകൾ** | | | |
| | കോഴി വളർത്തലിൽ താൽപര്യമുള്ള 60 സർക്കാർ/എയ്ഡഡ് യു.പി/ഹൈസ്ക്കൂൾ ക്ലാസ്സുകളിലെ 50 കുട്ടികൾ | 45-60 ദിവസം പ്രായമുള്ള 5വീതം കോഴി, 100 രൂപക്കുള്ള തീറ്റ, മരുന്ന്, മറ്റ് സ്റ്റേഷനറി സാധനങ്ങൾ നൽകുന്നു. കോഴിയുടെ വില, തീറ്റ മറ്റ് സ്റ്റേഷനറി തുടങ്ങിയ ചെലവിലേക്ക് 650/- രൂ സർക്കാർ ധനസഹായമായും കൂടിന്റെ വില ഗുണഭോക്തൃവിഹിതവും വഹിക്കണം | കുട്ടികളുടെ ലിസ്റ്റ് കോഴികളെയും 100 രൂപക്കുള്ള തീറ്റ യും എഗ്ഗർ നഴ്സറിക്കാർ മുഖേന വിതരണം ചെയ്യും. | മരുന്ന്, സ്റ്റേഷനറി, ട്രാൻസ് പോർട്ടേഷൻ എന്നിവ സർക്കാർ വിഹിതമായ 50 രൂപ ചിലവിലേക്ക് വെറ്ററിനറി സർജൻ /സീനിയർ വെറ്ററിനറി സർജൻ വാങ്ങി നൽകും ,സീനീയർ വെറ്ററിനറി സർജൻ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ധനസഹായം വരവ് വെയ്ക്കുന്നു |
| മൃഗസംരക്ഷണ വകുപ്പ് | **64.ദേശീയ തീറ്റ പുൽ കൃഷി വികസന പരിപാടി**<br>**65.** | | | |
| | കന്നു കാലികളെ വളർത്തുന്ന കർഷകർ, തീറ്റപുൽ കൃഷി ചെയ്യുന്നതിന് താൽപര്യമുള്ള വ്യക്തികൾ | നടീൽ വസ്തുക്കൽ സൗജന്യമായി നൽ കുന്നു,നിലം ഒരുക്കുന്നതിനും വളത്തിനുമായി ഹെക്ടറിന് 15000/- (50% സബ്സിഡി) | അപേക്ഷ | ക്ഷീരസംഘങ്ങൾ ക്ഷീരവികസന ഓഫീസർ/ വെറ്ററിനറി ഡോക്ടർ എന്നിവർ വഴി അർഹരായവർക്ക് നൽകുന്നു. |
| | **66.കറവയന്ത്രം** | | | |
| | എല്ലാ വിഭാഗങ്ങൾക്കും 5 ഉരുക്കളെങ്കിലും വേണം. അതിൽ 3 എണ്ണം കറവയുള്ള പശു, എരുമ ആയിരിക്കണം , ചെറുകിട/നാമമാത്ര കർഷകർ | പരമാവധി 10,000 രൂപ ഉപകരണത്തിന്റെ വിലയ്ക്ക് 50% ൽ അധികരിക്കാത്ത വിധം മറ്റ് ഏജൻസികളിൽ നിന്നും സഹായം കൈപ്പറ്റാം | അപേക്ഷ, ഉപകരണത്തിന്റെ ബില്ല് വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക വരവ് വയ്ക്കുന്നു |
| | **67.വീട്ട്മുറ്റത്തെ കോഴി വളർത്തൽ** | | | |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആര്, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| മൃഗസംരക്ഷണ വകുപ്പ് | കോഴി വളർത്തലിൽ താല്പര്യമുള്ളവർ കോഴി ക്കൂട് സ്വന്ത മായി നിർമ്മിക്കണം | 10 കോഴി കുഞ്ഞുങ്ങൾ (2 മാസം പ്രായം)100 രൂപക്കുള്ള കോഴിത്തീറ്റയും | റേഷൻ കാർഡ് കോപ്പി, ജാതി സർട്ടിഫിക്കറ്റ് വെറ്ററിനറി ഡോക്ടർക്ക് | ഗ്രാമപഞ്ചായത്ത് വെറ്ററിനറി സർജൻ അർഹത അനുസരിച്ച് നൽകുന്നു. |
| | **68.ഗ്രാമീണ മേഖലയിൽ വീട്ടുപരിസരത്ത് കോഴി വളർത്തൽ വികസന പരിപാടി** | | | |
| | കോഴി വളർത്തലിൽ താൽപര്യമുള്ള കർഷകർ | ഗ്രാമീണമേഖലയിൽ താൽപര്യമുള്ള കർഷകർക്ക് നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നു. | മൃഗാശുപത്രിയിലെ വെറ്ററിനറി ഡോക്ടർക്ക് അപേക്ഷ സമർപ്പിക്കണം | മൃഗസംരക്ഷണവകുപ്പിന്റെ പഞ്ചായത്ത്തലത്തിലെ വെറ്ററിനറി സർജൻ /സീനിയർ വെറ്ററിനറി സർജൻ പദ്ധതി നിർവ്വഹണ ചുമതല |
| | **കെസ് റൂ 99** | | | |
| നാഷ്ണൽ എംപ്ലോയ്മെന്റ് സർവ്വീസ് | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും 21 നും 50 നും ഇടക്ക് പ്രായമുള്ള തൊഴിൽ രഹിതർക്ക് അപേക്ഷിക്കാം. | പരമാവധി ഒരു ലക്ഷം രൂപ വായ്പ , 20% സർക്കാർ സബ്സിഡി നല്കുന്നു,വായ്പ എടുത്ത ഗുണഭോക്താക്കളെ എംപ്ലോയ്മെന്റ് മുഖേനയുള്ള താത്ക്കാലിക ജോലിക്ക് പരിഗണിക്കുന്നതല്ല, സ്ഥിരം ജോലിക്ക് പരിഗണിക്കും , 6 ദിവസത്തെ ഇ.ഡി.പി. ട്രെയിനിംഗ് CBRSETI വഴി നൽകുന്നു. | വാർഷിക കുടുംബവരുമാനം 40,000 രൂപയ്ക്ക് താഴെ | 30.03.99 മുതൽ വകു പ്പിൽ നടപ്പിലാക്കി വരു ന്നു എംപ്ലോയ്മെന്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം ദേശ സാൽകൃത, ഷെഡ്യൂൾഡ്, കൊമേഴ്സ്യൽ, ബാങ്കുകൾ, സംസ്ഥാന, ജില്ലാസഹകരണ ബാങ്കുകൾ മറ്റ് പൊതുമേഖല ധനകാര്യസ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കുന്നു. |
| | **69.ശരണ്യ (സ്വയം തൊഴിൽ പദ്ധതി)** | | | |
| | **138. ജലസേചനം** | | | |
| | ക്ഷീര കർഷകർ (50 സെന്റ് മുകളിൽ തീറ്റപുൽ കൃഷി ) ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർ, | ജല സേചനത്തി നുള്ള പമ്പ്സെറ്റ്, വാട്ടർടാങ്ക്, പൈപ്പ്,സ്പ്രിംഗ്ലർ,കണികജലസേചനം, മഴ വെള്ള സംഭരണി, | അപേക്ഷ ഫോറം നികുതി/ പാട്ട ശീട്ട്, -പകർപ്പ് റേഷൻ കാർഡിന്റെ പകർപ്പ് | ക്ഷീര സഹകരണ സംഘം മുഖേന ക്ഷീരവികസന ഓഫീസർ പദ്ധതി നടപ്പിലാക്കുന്നു. |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| | വനിതകൾ, വിധവകൾ,പട്ടികജാതി, പട്ടികവർഗ്ഗ കർഷകർക്ക്, കൂടുതൽ പശുക്കളെ വളർത്തുന്നവർക്ക് | തുട ങ്ങിയവക്ക് ധന സഹാ യം മൊത്തം അടങ്കൽ തുകയുടെ 50% പരമാവധി 10,000 രൂപ | രജിസ്ട്രേഷൻ ഫീസ് 150 രൂപ | ഗുണഭോക്താക്കൾ പദ്ധതി നിർവ്വ ഹണം നടത്തണം |
| | **139. ഹ്രസ്വകാല തീറ്റപുൽ കൃഷി** | | | |
| | ക്ഷീര കർഷകർ ഗ്രൂപ്പടിസ്ഥാന ത്തിൽ തീറ്റപുൽ കൃഷി ചെയ്യുന്നവർ, സമ്മിശ്ര കൃഷി നടത്തുവാൻ താൽപര്യമുള്ളവർ. മുൻഗണന-ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർ, കഴിഞ്ഞ 3 വർഷങ്ങളിൽ ഇതേ പദ്ധതിക്ക് ധന സഹായം ലഭിക്കാത്ത വർ | മക്ക ചോളം , മണി ചോളം, വൻപയർ തുടങ്ങിയ ഹ്രസ്വ കാല തീറ്റപ്പുല്ലിന ങ്ങളുടെ വിത്തുകൾ സൗജന്യ മായി വിതരണം ചെയ്യും. 25 സെന്റിന്റെ ഗുണിത ങ്ങളായി കൃഷി ചെയ്യണം. വിള വെടുത്ത് കാലികൾക്ക് തീറ്റയായി നൽകണം | അപേക്ഷ ഫോറം നികുതി ശീട്ട് /പാട്ട ശീട്ട്, -പകർപ്പ് റേഷൻ കാർഡിന്റെ പകർപ്പ് | ക്ഷീര സഹകരണ സംഘം മുഖേന ക്ഷീരവികസന ഓഫീസർ പദ്ധതി നടപ്പിലാക്കുന്നു. ഗുണഭോക്താക്കൾ പദ്ധതി നിർവ്വഹണം നടത്തണം |
| ക്ഷീര വികസന വകുപ്പ് / ബ്ലോക്ക്തല ക്ഷീര വികസന സർവ്വീസ് യൂണിറ്റുകൾ | **140. തീറ്റപുൽ കൃഷി വികസനം വനിത ഗ്രൂപ്പുകൾ (ഗോപാലിക ഗ്രൂപ്പ്) മുഖേന തീറ്റപ്പുൽ കൃഷിയും വിപണനവും** | | | |
| | രണ്ടോ അതിലധിക മോ വനിതകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ, | കുറഞ്ഞത് ഒരേക്കർ സ്ഥലത്ത് തീറ്റപുൽ കൃഷി നടപ്പി ലാക്കണം. തീറ്റ പുല്ല് ശേഖരിക്കു ന്നതിനുള്ള ഷെഡ് നിർമ്മാണം, പുല്ല് വെട്ടുന്ന യന്ത്രം (ചാഫ് കട്ടർ), ത്രാസ് തുടങ്ങിയവ വാങ്ങണം മൊത്തം അടങ്കൽ 1 ലക്ഷം രൂപ , ധന സഹായം 75000 രൂപ | അപേക്ഷ ഫോറം നികുതി ശീട്ട് ഫീസ്, മുദ്രപത്ര ത്തിൽ എഗ്രിമെന്റ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്ക് കോപ്പി, ഗ്രൂപ്പ് രൂപീകരണ ത്തിന്റെ തീരുമാന മിനിറ്റ്സ് കോപ്പി, ഉപകരണങ്ങളുടെ ബില്ല് | ക്ഷീര സഹകരണ സംഘം മുഖേന ക്ഷീര വികസന ഓഫീസർ പദ്ധതി നടപ്പിലാക്കി. ഗുണഭോക്താക്കൾ പദ്ധതി നിർവഹണം നടത്തണം. ക്ഷീര സഹകരണ സംഘങ്ങൾ മുഖേന തീറ്റപ്പുല്ല് വിതരണം ചെയ്യും. വർഷം തോറും 10 ടൺ തീറ്റപ്പുല്ല് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനായി പരമാവധി പത്തായിരം രൂപ വീതം ധനസഹായ മായി നൽകും. |
| | **141. മിൽക്ക് ഷെഡ് വികസന പദ്ധതി ഗോദാനം (ഒരു പശു യൂണിറ്റ്)** | | | |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | ക്ഷീര കർഷകർ, സ്വയം തൊഴിൽ സംരംഭകർ, സ്വന്തമായി ഭൂമിയുള്ളവർ, **മുൻഗണന-** ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർ, വനിത കൾ, വിധവകൾ, പട്ടികജാതി, പട്ടിക വർഗ്ഗ കർഷകർക്ക് | സങ്കര വർഗ്ഗത്തിൽ പെട്ടതോ നാടൻ പശുക്കളെയോ വാങ്ങാം. ഗുണഭോക്താക്കൾ പരിശീലനത്തിൽ പങ്കെടു ക്കണം. സംസ്ഥാനത്തിന് പുറത്ത് നിന്ന് പർച്ചേസ് കമ്മിറ്റി മുഖേന പശുവിനെ വാങ്ങണം. പശുവിന്റെ വില, കടത്തുകൂലി, ഇൻഷ റൻസ് പ്രീമിയം, ഉപകരണങ്ങൾ, ഒരു മാസത്തെ കാലിത്തീറ്റ ചെലവ് എന്നി കാര്യങ്ങൾക്ക് ധനസഹായം. മൊത്തം അടങ്കൽ 76000/ രൂപ. 32000/ രൂപ ധന സഹായം കിഴിച്ച് ബാക്കി ഗുണ ഭോക്തൃ വിഹിതം , ബാങ്ക് വായ്പയും ലഭ്യമാക്കാം. | അപേക്ഷ ഫോറം നികുതി ശീട്ട് റേഷൻ കാർഡിന്റെ പകർപ്പ് 150 രൂപ രജിസ്ട്രേഷൻ ഫീസ് 200 രൂപ മുദ്ര പത്ര ത്തിൽ എഗ്രിമെന്റ് വെറ്ററിനറി ഡോക്ട റുടെ സാക്ഷ്യപത്രം പശുവിന്റെ വിലച്ചീട്ട്, ആവശ്യമായ മറ്റ് രേഖകൾ,തൊഴുത്ത് നിർമ്മാണം/നവീക രണം, ചെക്ക് പോ സ്റ്റിൽ നിന്നുള്ള രശീത് | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന ക്ഷീരവികസന ഓഫീസർ പദ്ധതി നടപ്പലാക്കുന്നു. ക്ഷീരസംഘങ്ങൾ മുഖേന പാൽ വിതരണം ചെയ്യാം. സബ്സിഡി തുക ഗുണ ഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി |
| | **142. മിൽക്ക് ഷെഡ് വികസന പദ്ധതി (2 പശു യൂണിറ്റ്)** | | | |
| **ക്ഷീര വികസന വകുപ്പ് / ബ്ലോക്ക്തല ക്ഷീര വികസന സർവ്വീസ് യൂണിറ്റുകൾ** | ക്ഷീരകർഷകർ, സ്വയം തൊഴിൽ ,സംരംഭകർ ,സ്വന്തമായി ഭൂമിയുള്ളവർ, **മുൻഗ ണന-** ക്ഷീരസംഘങ്ങ ളിൽ പാലളക്കുന്ന കർഷകർ, വനിതകൾ, വിധവകൾ, പട്ടികജാ തി, പട്ടികവർഗ്ഗ കർഷ കർക്ക് മുൻഗണന | ഗുണഭോക്താക്കൾ പരിശീ ലനത്തിൽ പങ്കെടുക്കണം. കാലിത്തൊഴുത്ത് നിർ മ്മിക്കണം, സങ്കര വർഗ്ഗ ത്തിൽപെട്ട ഉൽപാദന ക്ഷമതയുള്ള രണ്ട് പശുക്കളെ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങണം. കടത്തുകൂലി, ഇൻഷ റൻസ് പ്രീമിയം , ഉപകരണങ്ങൾ ,ഒരു മാസത്തെ കാലിത്തീറ്റ ചെലവ് എന്നീ ഇനങ്ങൾ ഉൾപ്പെടു ത്തിയിട്ടുണ്ട്. മൊത്തം അടങ്കൽ 1,54,000 രൂപ പരമാവധി ധനസ ഹായം 62,000 രൂപ | അപേക്ഷ ഫോറം നികുതി ശീട്ട് റേഷൻ കാർഡിന്റെ പകർപ്പ് 150 രൂപ രജിസ്ട്രേഷൻ ഫീസ് ചെക്ക് പോസ്റ്റിൽ നിന്നുള്ള രശീത് | ക്ഷീരസഹകരണസംഘ ങ്ങളുടെ സഹായ ത്തോടെ ക്ഷീര വികസന ഓഫീസർ പദ്ധതി നടപ്പലാക്കുന്നു. ക്ഷീരസംഘ ങ്ങൾ മുഖേന പാൽ വിപണനം നടത്താം. ജൂലൈ, ആഗസ്റ്റ് മാസം അപേക്ഷിക്കാം ധന സഹായം 62000 രൂപ ധന സഹായം കഴിച് ബാക്കി ബാങ്ക് വായ്പയായി സമാഹരിക്കാം |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| | **143. മിൽക്ക് ഷെഡ് വികസന പദ്ധതി(5 പശു യൂണിറ്റ്)** | | | |
| | 5 പശു യൂണിറ്റ് ക്ഷീര കർഷകർ, സ്വയം തൊഴിൽ, സംരംഭകർ, സ്വന്തമായി ഭൂമിയുള്ളവർ, പൊതു വിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം | ഗുണഭോക്താക്കൾ പരിശീലനത്തിൽ പങ്കെടുക്കണം. കാലിത്തൊഴുത്ത് എന്നിവ നിർമ്മിക്കണം. 25 സെന്റ് സ്ഥലത്ത് തീറ്റപുൽ കൃഷി ചെയ്യണം. പർച്ചേഴ്സ് കമ്മിറ്റി മുഖേന സങ്കര വർഗ്ഗത്തിൽ പെട്ട 5 പശുക്കളെ വാങ്ങണം. കടത്തുകൂലി, ഇൻഷ്വറൻസ് പ്രീമിയം, ഉപകരണങ്ങൾ, ഒരു മാസത്തെ കാലിത്തീറ്റ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്തം അടങ്കൽ 405000, ധന സഹായം 1,60000 രൂപ | അപേക്ഷ ഫോറം, നികുതി ശീട്ട്, റേഷൻ കാർഡിന്റെ പകർപ്പ്, 150 രൂപ രജിസ്ട്രേഷൻ ഫീസ് 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ്, വെറ്ററിനറി ഡോക്ടറുടെ സാക്ഷ്യപത്രം, ട്രിപ്പ് ഷീറ്റ്, ചെക്ക് പോസ്റ്റിൽ നിന്നുള്ള രശീതി | ക്ഷീരസഹകരണസംഘങ്ങളുടെ സഹായത്തോടെ ക്ഷീരവികസന ഓഫീസർ പദ്ധതി നടപ്പിലാക്കുന്നു. ക്ഷീരസംഘങ്ങൾ മുഖേന പാൽ വിപണനം നടത്താം. ജൂലൈ, ആഗസ്റ്റ് മാസം അപേക്ഷിക്കാം |
| | **144. മിൽക്ക് ഷെഡ് വികസന പദ്ധതി** | | | |
| ക്ഷീര വികസന വകുപ്പ് / ബ്ലോക്ക്തല ക്ഷീര വികസന സർവ്വീസ് യൂണിറ്റുകൾ | 10 പശു യൂണിറ്റ് ക്ഷീര കർഷകർ. സ്വയം തൊഴിൽ സംരംഭകർ, സ്വന്തമായി ഭൂമിയുള്ളവർ, ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർ, വനിതകൾ, വിധവകൾ, പട്ടികജാതി, പട്ടികവർഗ്ഗ കർഷകർക്ക് മുൻഗണന. സംസ്ഥാനത്തിന് പുറത്ത് നിന്ന് പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങണം, | ഗുണഭോക്താക്കൾ പരിശീലനത്തിൽ പങ്കെടുക്കണം. 10 സങ്ക രവർഗ്ഗ പശുക്കൾ, കാലിത്തൊഴുത്ത് , ചാണകക്കുഴി (12x8x5 )m , ബയോ ഗ്യാസ് പ്ലാന്റ്, പാൽ കറവ യന്ത്രം, ചാഫ് കട്ടർ, ഉപകര ണങ്ങൾ 50 സെന്റ് സ്ഥലത്ത് തീറ്റ പുൽകൃഷി, ഒരു മാസത്തെ കാലിത്തീറ്റ, ഇൻഷ്വറൻസ് പ്രീമിയം എന്നിവ | അപേക്ഷ ഫോറം നികുതി ശീട്ട് റേഷൻ കാർഡിന്റെ പകർപ്പ് 150 രൂപ രജിസ്ട്രേഷൻ ഫീസ് 200 രൂപ മുദ്ര പത്രത്തിൽ എഗ്രിമെന്റ്, പശുവിന്റെ വിലച്ചീട്ട്, വെറ്ററിനറി ഡോക്ടറുടെ സാക്ഷ്യപത്രം, ചെക്ക്പോസ്റ്റിൽ നിന്നുള്ള രശീതി, ട്രിപ്പ് ഷീറ്റ്, കടത്ത്കൂലി, കാലിത്തൊഴുത്ത് നിർമ്മാണം /നവീകരണം ഉപകരണങ്ങൾ കാലിത്തീറ്റ | ക്ഷീരസഹകരണ സംഘങ്ങളുടെ സഹായത്തോടെ ക്ഷീരവികസന ഓഫീസർ പദ്ധതി നടപ്പിലാക്കുന്നു. ക്ഷീരസംഘങ്ങൾ മുഖേന പാൽ വിപണനം നടത്താം. ജൂലൈ, ആഗസ്റ്റ് മാസം അപേക്ഷിക്കാം 300 ദിവസ ത്തേക്കുള്ള കാലിത്തീറ്റ, ഘടകത്തിനുള്ള ധനസഹായം ക്ഷീരവികസന ഓഫീസറുടെയും ഗുണ ഭോക്താവിന്റെയും |

| വകുപ്പ് | ഗുണഭോക്താ ക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| | | പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്തം അടങ്കൽ 8,89,500 ധനസഹാ യം 3,50,000 രൂപ | വാങ്ങിയതിന്റെയോ ഇൻഷൂറൻസ് പ്രീമിയം അടച്ച തിന്റെയോ രശീതി കൾ | സംയുക്ത അക്കൗ ണ്ടിൽ സൂക്ഷിക്കുകയും പദ്ധതി പൂർ ത്തിയാക്കുന്നമുറക്ക് ഘട്ടം ഘട്ടമായി നൽകു ന്നു. |
| | **145. മിൽക്ക്ഷെഡ് വികസന പദ്ധതി-5 കിടാരി യൂണിറ്റ്** | | | |
| | ക്ഷീര കർഷകർ സ്വയം തൊഴിൽ സംരംഭകർ സ്വന്തമായി ഭൂമിയുള്ളവർ, ക്ഷീര സംഘങ്ങളിൽ പാലള ക്കുന്ന കർഷകർ, വനിതകൾ, വിധവ കൾ, പട്ടികജാതി, പട്ടി കവർഗ്ഗ കർഷകർക്ക് മുൻഗണന. സംസ്ഥാനത്തിന് പുറത്ത് നിന്ന് പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങണം, | ഗുണഭോക്താക്കൾ പ രിശീലനത്തിൽ പങ്കെടുക്കണം . കാലിത്തൊഴുത്ത് കാലിത്തീറ്റ സംഭരണ മുറി, 25 സെന്റ് സ്ഥലത്ത് തീറ്റപുൽ കൃഷി ചെയ്യണം. സങ്കരവർഗ്ഗത്തിൽപെട്ട 5 കിടാരികൾ, 300 ദിവസ ത്തെ കാലിത്തീറ്റ, കടത്തുകൂലി, ഇൻഷ റൻസ് പ്രീമിയം , എന്നിവ ഉൾപ്പെടുത്തി യിട്ടുണ്ട് മൊത്തം അടങ്കൽ 226250/രൂപ ധനഹായം 90500/രൂ | ” | ക്ഷീരസഹകരണ സംഘങ്ങളുടെ സഹായ ത്തോടെ ക്ഷീരവികസന ഓഫീസർ പദ്ധതി നടപ്പിലാക്കുന്നു. ക്ഷീരസംഘങ്ങൾ മുഖേന പാൽ വിപണനം നടത്താം. ജൂലൈ, ആഗസ്റ്റ് മാസം അപേക്ഷിക്കാം കന്നുക്കുട്ടികളെ പ്രസവത്തിന് ശേഷമോ ,ചെന യോടുകൂടിയോ വിൽപ്പന നടത്താം. വിറ്റ തിനുശേഷം ഉടൻ തന്നെ വീണ്ടും കിടാരികളെ വാങ്ങണം. |
| **ക്ഷീര വികസന വകുപ്പ് / ബ്ലോക്ക്തല ക്ഷീ ര വികസന സർവ്വീസ് യൂണിറ്റുകൾ** | **146. മിൽക്ക് ഷെഡ് വികസന പദ്ധതി- 10 കിടാരി യൂണിറ്റ്** | | | |
| | ക്ഷീര കർഷകർ സ്വയം തൊഴിൽ സംരംഭകർ സ്വന്തമായി ഭൂമിയുള്ള വർ, ക്ഷീരസംഘങ്ങ ളിൽ പാലളക്കുന്ന കർഷകർ, വനിതകൾ, വിധവകൾ, പട്ടികജാ തി, പട്ടികവർഗ്ഗ കർഷ കർക്ക് മുൻഗണന. സംസ്ഥാനത്തിന് പുറത്ത് നിന്ന് പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങണം, | ഗുണഭോക്താക്കൾ പരിശീലന ത്തിൽ പങ്കെടുക്കണം. കാലി ത്തൊഴുത്ത്, കാലിത്തീറ്റ സംഭരണ മുറി 50 സെന്റ് സ്ഥലത്ത് തീറ്റപുൽ കൃഷി, സങ്കര വർഗ്ഗത്തിൽപെട്ട 10 കിടാരികൾ, കടത്തുകൂലി ഇൻഷ്വറൻസ് പ്രീമിയം (2 വർഷം), 300 ദിവസ ത്തെ കാലിത്തീറ്റ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. മൊത്തം അടങ്കൽ 4,53,000 രൂപ ധനസഹായം 1,81,200 രൂപ | ” | ” |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| | **147. മിൽക്ക് ഷെഡ് വികസന പദ്ധതി- ആവശ്യധിഷ്ഠിത ധന സഹായം** | | | |
| | ക്ഷീര കർഷകർ അഞ്ചോ അതിലധികമോ ഉരുക്കളെ വളർത്തുന്ന പുരോഗമന കർഷക വിഭാഗത്തിലെ ക്ഷീരകർഷകർ | പശു വളർത്തലുമായി ബന്ധപ്പെട്ട് റബ്ബർ മാറ്റ്, സ്വയം നിയന്ത്രിത കുടിവെള്ള സംവിധാനം, ജനറേറ്റർ, തീറ്റ പുൽകൃഷി, ജലസേചനം, കാലാവസ്ഥ നിയന്ത്രണം, മിൽക് കാൻ, തൊഴുത്തിലേക്കുള്ള മിസ്റ്റ്/സ്പ്രിംഗളർ, മലീനീകരണ നിയന്ത്രണത്തിന് ഗോമൂത്രവും ചാണകവും, കാലിത്തൊഴുത്ത് നവീകരണം , തീറ്റ പുൽ സംസ്കരണം, ബയോഗ്യാ സ് പ്ലാന്റ് നിർമ്മാണം, വീൽ ബാരോ, മിൽക്ക്കൂളർ, സോളാർ വാട്ടർഹീറ്റർ, ചെറുകിടപാൽ സംസ്കരണം, തുടങ്ങിയ ആവിശ്യാധിഷ്ഠിത പ്രവർത്തനങ്ങൾക്കുള്ള ധനസഹായം മൊത്തം അടങ്കൽ 1 ലക്ഷം രൂപ ധനസഹായം 50000 രൂപ | അപേക്ഷ ഫോറം, നികുതി ശീട്ട്, റേഷൻ കാർഡിന്റെ പകർപ്പ്, 150 രൂപ രജിസ്ട്രേഷൻ, ഫീസ് 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ്, BIS മാനദണ്ഡങ്ങൾ പ്രകാരമുള്ള ഉപകരണങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്, ധനസഹായം ലഭിക്കുന്നതിന് പദ്ധതിഘടകങ്ങൾ വാങ്ങിയതിന്റെ രേഖകളും നിശ്ചിത മാതൃകയിലുള്ള ബോർഡും സ്ഥാപിക്കണം | ക്ഷീര സംഘങ്ങളുടെ സഹകരണ ത്തോടെ ക്ഷീരവികസന ഓഫീസർ പദ്ധതി നടപ്പിലാക്കുന്നു. ജൂലൈ , ആഗസ്റ്റ് മാസം അപേക്ഷ സമർപ്പിക്കണം |
| | **148. മിൽക്ക് ഷെഡ് വികസന പദ്ധതി** | | | |
| **ക്ഷീര വികസന വകുപ്പ് / ബ്ലോക്ക്തല ക്ഷീര വികസന സർവ്വീസ് യൂണിറ്റുകൾ** | **കാലിത്തൊഴുത്ത് നിർമ്മാണം** ക്ഷീര കർഷകർ സ്വന്തമായി ഭൂമിയുള്ളവർ കൂടുതൽ ഉരുക്കളെ വളർത്തുന്നവർക്ക് പുതിയ തൊഴുത്ത് നിർമ്മാണത്തിന് മുൻഗണന | സ്ഥിരമായി കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും, നിലവാരമുള്ള കാലിത്തൊഴുത്ത് നവീകരിക്കുന്നതിനും, മലിനീകരണം ഒഴിവാക്കുന്നതിനും, ധന സഹായം ഉപയോഗ പ്പെടുത്താം. ലൈസൻസുള്ള സിവിൽ എഞ്ചിനീയറുടെ എസ്റ്റിമേറ്റ് നിർവ്വഹണത്തിൽ മുമ്പും മൂല്യ നിർണ്ണയ പൂർത്തീകരണ സാക്ഷ്യപത്രം പൂർത്തികരണത്തിന് ശേഷവും ഹാജരാക്കണം മൊത്തം അടങ്കൽ 1 ലക്ഷം രൂപ ധനസഹായം 50000 രൂപ | അപേക്ഷ ഫോറം നികുതി ശീട്ട് റേഷൻ കാർഡിന്റെ പകർപ്പ് 150 രൂപ. രജിസ്ട്രേഷൻ ഫീസ് 200 രൂപ മുദ്ര പത്രത്തിൽ എഗ്രിമെന്റ് | ക്ഷീര സംഘ ങ്ങളുടെ സഹക രണത്തോടെ ക്ഷീരവികസന ഓഫീസർ പദ്ധതി നടപ്പിലാ ക്കുന്നു/ നിർവ്വ ഹിക്കുന്നു. ജൂലൈ , ആഗസ്റ്റ് മാസം അപേക്ഷ സമർപ്പിക്കണം |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | **149. തീറ്റപുൽകൃഷി വികസനം- യന്ത്രവത്കരണം** | | | |
| | 50 സെന്റിന് മുകളിൽ പുൽകൃഷി നടത്തുന്ന ക്ഷീരകർഷകർ, കൂടുതൽ പശുക്കളെ വളർത്തുന്നവർ, മുൻവർഷം MSDP ഗുണഭോക്താക്കൾ, ക്ഷീരസംഘത്തിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് മുൻഗണന | 50 സെന്റ് സ്ഥലത്തെ തീറ്റപ്പുൽ കൃഷി നടത്തുന്നവർക്ക് യന്ത്രവത്കരണം നടത്തുന്നതിനാവശ്യമായ ടില്ലർ, ചാഫ്കട്ടർ, ഹാർവെസ്റ്റർ തുടങ്ങിയവ വാങ്ങുന്നതിന്, ധനസഹാ യം അടങ്കൽ തുകയുടെ 50% അല്ലെങ്കിൽ പരമാവധി 10,000 രൂപ, ഉപകരണം വാങ്ങിയതിന്റെ ഒറിജിനൽ ബില്ല് അപേക്ഷയോടൊപ്പം നൽകണം | നിശ്ചിതമാതൃകയിലുള്ള അപേക്ഷ,150 രൂപ രജിസ്ട്രേഷൻ ഫീസ്, നികുതിച്ചീട്ട് /പാട്ടച്ചീട്ട്, തിരിച്ചറിയൽ രേഖ/റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക്, കരാ ർപത്രം എന്നിവ ക്ഷീരവികസന ഓഫീസിലേക്ക് നൽകണം. | ക്ഷീരവികസന വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്നു. ഗുണഭോക്താവ് പദ്ധതി നിർവഹിച്ച് നിശ്ചിത മാതൃകയിലുള്ള ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ് |
| | **150. തീറ്റപ്പുൽകൃഷി വികസനം, ധാന്യോൽപാദനത്തിനായുള്ള ചോളകൃഷി** | | | |
| | ക്ഷീരകർഷകർ- കുറഞ്ഞത് 25 സെന്റിൽ കൃഷി ചെയ്യണം, കാലിത്തീറ്റഫാക്ടറി സ്ഥിതി ചെയ്യുന്നതോ അതിനടുത്ത ജില്ലകളിലോ ആയിരിക്കണം കൃഷിസ്ഥലം | ചോളവിത്ത് സൗജന്യമായി നൽകുന്നു. കൃഷി ചെയ്ത് വിത്തുൽപ്പാദിപ്പിക്കുന്നതിന് ഹെക്ടറിന് 12500 രൂപ നൽകുന്നു. ചോളകൃഷിയിൽ പരിശീലനം നൽകുന്നു | ” രജിസ്ട്രേഷൻ ഇല്ല | ” |
| | **151. കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം** | | | |
| ക്ഷീര വികസന വകുപ്പ് / ബ്ലോക്ക്തല ക്ഷീര വികസന സർവ്വീസ് യൂണിറ്റുകൾ | കൂടുതൽ ഉരുക്കളെ വളർത്തുന്ന കർഷകർക്ക് മുൻഗണനന. പട്ടികജാതി/പട്ടിക വർഗ്ഗം/പൊതുവിഭാഗം | അംഗീകൃതസ്ഥാപനങ്ങളിൽ നിന്നു ഗുണമേന്മയുള്ള കറവയന്ത്രം ക്ഷീര വികസന ഓഫീസറുമായി കൂടിയാലോചിച്ച് വാങ്ങാം. 50% ധനസഹായം പരമാവധി 25000 രൂപ ധനസഹായം നൽകുന്നു | നിശ്ചിതമാതൃകയിലുള്ള അപേക്ഷ, 150 രൂപ രജിസ്ട്രേഷൻ ഫീസ്, നികുതിച്ചീട്ട് /പാട്ടച്ചീട്ട്, തിരിച്ചറിയൽ രേഖ/റേഷൻ കാർഡ്, ബാങ്ക്പാസ്ബുക്ക്, കരാർ പത്രം എന്നിവ ക്ഷീര വികസന ഓഫീസിലേക്ക് നൽകണം. ഉപകരണം വാങ്ങിയതിന്റെ ഒറിജിനൽ ബില്ല് അപേക്ഷയോടൊപ്പം നൽ കണം കറവയന്ത്രം വാങ്ങിയതിന്റെ ബന്ധപ്പെട്ട രേഖ | |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | **152. മിൽക് ഷെഡ് വികസന പദ്ധതി ഹൈടെക് ഫോഡർ വികസന പദ്ധതി** | | | |
| | ക്ഷീരസഹകരണ സംഘങ്ങളുടെ സഹകരണത്തോടെഒരു ഏക്കറിനു മുകളിലുള്ള തീറ്റപുൽകൃഷി തോട്ടങ്ങളിൽ ജലസേചന സൗകര്യൾക്കുള്ള പദ്ധതി | ഒരു ഏക്കറിന് മുകളിൽ - പദ്ധതി അടങ്കൽ 50,000 ധനസഹായം 25,000 ഗുണഭോക്തൃ സമിതിയുടെ മേൽനോട്ടത്തിൽ ഒരു ഏക്കറിന് മുകളിലുള്ള കൃഷി തോട്ടങ്ങളിൽ ജലസേചന സൗകര്യം ഒരുക്കുക, 50 സെന്റ് മുതൽ ഒരു ഏക്കർ വരെ പദ്ധതി അടങ്കൽ 20,000 ധനസഹായം 10,000 രൂപ | ഗുണഭോക്താവിന്റെ അപേക്ഷ ക്ഷീരസംഘത്തിൽ സമർപ്പിക്കണം, സെക്രട്ടറി പരിശോധനക്ക് ശേഷം ഭരണസമിതിക്ക് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന ഓഫീസർക്ക് അയക്കുന്നു. ഇതിലേക്ക് വാങ്ങിയ ഉപകരണങ്ങൾ പൈപ്പ് അനുബന്ധഉപകരണങ്ങളുടെ ബില്ല് ഉള്ളടക്കം ചെയ്യേണ്ടതാണ് | ക്ഷീരവികസന ഓഫീസർ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് വരവ് വെയ്ക്കുന്നു |
| ഗ്രാമവികസന വകുപ്പ്/ ബ്ലോക്ക് പഞ്ചായത്ത്, MGNREGS | **153. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി** | | | |
| | ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസ്സമുള്ള 18 വയസ്സായവർ | 100 ദിവസം , തൊഴിൽ ആവശ്യപ്പെടുന്ന സമയത്ത്, ആസ്തികൾ ഉണ്ടാക്കൽ, സ്തീശാക്തീകരണം | ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യണം, തൊഴിൽ കാർഡ് ഉണ്ടാകണം | തൊഴിൽ ലഭിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തീയതി രേഖപ്പെടുത്തിയ അപേക്ഷ നൽകണം |
| | **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവർത്തികൾ** ജലസേചന കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം, നിർമ്മാണം, പുനരുദ്ധാരണം, മൃഗസംരക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ, മരംവെച്ചുപിടിപ്പിക്കൽ, അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് വ്യക്തിഗത ആസ്തികൾ, കിണറുകൾ, കുളങ്ങൾ,മുള, റബർ, തെങ്ങ് വികസനം, നൈപുണിവികസനം, മത്സ്യബന്ധന പ്രവർത്തനങ്ങൾ, ജൈവവളം, മണ്ണിര കമ്പോസ്റ്റ്, ഭക്ഷ്യധാന്യ സംഭരണികൾ, അങ്കവാടി നിർമ്മാണം, കക്കൂസ് നിർമ്മാണം, ഐ.എ.വൈ വീട് നിർമ്മാണം, കിണർ റീചാർജ്ജ് മുതലായവ | | | |
| ഗ്രാമവികസന വകുപ്പ്/ ബ്ലോക്ക് പഞ്ചായത്ത്, | **154. സംയോജിത നീർത്തട വികസനപദ്ധതി (PMKSY)** | | | |
| | തെരഞ്ഞെടുക്കപ്പെട്ട സൂക്ഷ്മ നീർത്തടങ്ങളിലെ എല്ലാ സ്ഥിരതാമസക്കാരും, ഭൂമിയുള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ് | ഒരു ഹെക്ടറിന് മലമ്പ്രദേശങ്ങളിൽ 15,000 രൂപയും സമതല പ്രദേശങ്ങളിൽ 12000 രൂപയും അനുവദിക്കുന്നു. മണ്ണും ജലവും ജൈവസമ്പത്തും നിലനിർത്തുന്ന തിനുള്ള പ്രവർത്തനം, മഴവെള്ളം പരമാവധി സംഭരിക്കുവാനും മണ്ണിലേക്കിറക്കാനും സംവിധാനം | തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നീർത്തട ഗ്രാമസഭ വഴി ഗുണഭോക്താക്കളെ കണ്ടെത്തുന്നു | ബ്ലോക്ക്പഞ്ചായത്ത് വഴി നിർവ്വഹണം നടത്തുന്നു |

| വകുപ്പ് | ഗുണഭോക്താ ക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | **155. . പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ (PMEGP)** | | | |
| **KVIC** | 18 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തി കൾക്കും സ്വയം സഹായ സംഘ ങ്ങൾക്ക് വരുമാനപരി ധിയില്ല (പൊതുവിഭാഗം എസ്.സി, എസ്.റ്റി, ഒ. ബി.സി, സ്ത്രീകൾ, ന്യൂനപക്ഷം, അംഗ വൈകല്യമുള്ളവർ) | ഉല്പാദനം സംരംഭങ്ങ ൾക്ക് 25 ലക്ഷം രൂപ വരെയും സേവന സംരംഭങ്ങൾക്ക് 10ലക്ഷം രൂപ വരെ യുള്ള പദ്ധതികൾക്ക്. നഗരപ്രദേശങ്ങളിൽ 25% ,ഗ്രാമപ്രദേശങ്ങ ളിൽ 35% സബ്സിഡി ആയി നൽ കുന്നു. 5% തുക ഗുണഭോക്തൃവി ഹിതമായും ബാക്കി ബാങ്ക് വായ്പയായും സ്വരൂപിക്കണം | ജാതി, വയസ്സ് തെളി യിക്കുന്ന സാക്ഷ്യപ ത്രങ്ങൾ, പദ്ധതി റിപ്പോർട്ട് | KVIC വഴി ജില്ലാതല ടാസ്ക് ഫോഴ്സ് സബ്സിഡി തുക പദ്ധതി ആരംഭിച്ച ശേഷം വായ്പാ ദാതാ വായ ബാങ്ക് വഴി ലഭ്യ മാക്കുന്നു |
| **കയർബോർഡ്** | **156. എട്ട് പേരടങ്ങുന്ന കയർ തൊഴിലാളികളുടെ സ്വയംസഹായസംഘ ങ്ങൾ പരമ്പരാഗത വ്യവസായങ്ങളുടെ പുനർജീവനത്തിനും ആധുനികവ ത്കരണം, യന്ത്രവത്ക്കരണം** | | | |
| | (REMOTE), 1-കയർപിരി യൂണിറ്റു കൾ, എട്ട് പേരടങ്ങു ന്ന കയർ തൊഴിലാളി കളുടെ സ്വയംസഹാ യസംഘം 2-ചെറുകിട നെയ്ത്ത് യൂണിറ്റുകൾ, 6 പേരട ങ്ങിയ കയർതൊഴിലാ ളികളുടെ സ്വയംസ ഹായംസംഘം | കയർപിരി യൂണിറ്റു കൾക്കും ചെറുകിട നെയ്ത്ത് യൂണിറ്റു കൾക്കും സഹായം. ആകെ പദ്ധതി ചില വിന്റെ 40%പരമാവധി 80,000 രൂപ | കയർ ബോർഡിലും ബാങ്കിലും അപേക്ഷ സമർപ്പിക്കണം | കയർബോർഡ് പ്രത്യേക സെൽ വഴിന ടപ്പിലാക്കുന്ന(കയർ ബോർഡ് ചെയർമാൻ, സെക്രട്ടറി, ബാങ്ക് പ്രതി നിധി, കയർപിരി /നെയ്ത്ത് മേഖലയി ലുള്ള രണ്ട് പ്രതിനിധി കൾ കയർ ബോർഡ് ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ്) |
| **കയർബോർഡ്** | **157. പരമ്പരാഗത വ്യവസായങ്ങളുടെ പുനർജീവനത്തിനുള്ള പദ്ധതി** | | | |
| | പരമ്പരാഗത കയർ വ്യവസായത്തിൽ ഉൾപ്പെടുന്ന ഒരു ജില്ലയിലോ താലൂക്കി ലോ വരുന്ന 500 ഗുണ ഭോക്തൃകുടുംബങ്ങളു ടെ ക്ലസ്റ്റർ | കോമൺ ഫെസിലിറ്റി സെന്റർ നടപ്പിൽ വരു ത്താൻ ഒരു ക്ലസ്റ്ററിന് ഏകദേശം കൂടിയത് 30 ലക്ഷം (ഗ്രാന്റ് 75% ഗുണഭോക്തൃവിഹി തം-25%) ഉത്പന്ന വൈവിധ്യവത് ക്ക രണം 4 ലക്ഷം (ഗ്രാന്റ് 75% ഗുണഭോക്തൃ വിഹിതം 25%) | ടെക്നിക്കൽ ഏജൻസി ക്ലസ്റ്റർ വികസനത്തിനായി സഹായിക്കുന്നു. ക്ലസ്റ്റർ ഡവലപ്പമെന്റ് എക്സിക്യൂട്ടീവ് ടി.എ യുടെ സഹായ ത്തോടെ പരിശീ ലനം നടത്തുന്നു. | നോഡൽ ഏജൻസി യായ കയർ ബോർഡ് ഇംപ്ലിമെന്റിംഗ് ഏജൻസിയെ തിരഞ്ഞെ ടുത്ത് പദ്ധതി നടപ്പിലാ ക്കുന്നു. |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| | **158. രജിസ്റ്റേർഡ്/പ്രൈവറ്റ് /അംഗീകാരം ലഭിച്ച് നഴ്സറികൾക്കുള്ള സഹായം** | | | |
| **കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്** | ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിന് സ്വന്തമായി ഭൂമിയുള്ള വ്യക്തികൾ | ഉത്പാദനചെലവിന്റെ 25% അല്ലെങ്കിൽ 2,00,000 രൂപ. ഒരു വർഷത്തിൽ 25 സെന്റിൽ നിന്ന് 6250 തൈകൾ ഉത്പാദിപ്പിക്കുന്നതിന് 50,000 രൂപ കുറഞ്ഞതും 1 ഏക്കറിൽ നിന്ന് 25000 തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്നതിന് 2 ലക്ഷം രൂപ | നാളികേരവികസന ബോർഡിന് അപേക്ഷ നൽകണം | 50,000 മുതൽ 2 ലക്ഷം രൂപ വരെ ഉത്പാദനാടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു |
| | **159. ലഘുവ്യവസായ സംരംഭങ്ങൾ-ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC)** | | | |
| **കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്** | സ്വകാര്യ പങ്കാളിത്ത സംരംഭകർക്കും, സംഘടനകൾക്കും. **സംരംഭങ്ങൾ**: റെഡി ടു ഡ്രിങ്ക് തേങ്ങാപാൽ, തേങ്ങാപാൽ, ജാം, ലഘു പാനീയങ്ങൾ, കരിക്കിൻവെള്ളം പാക്കിംഗ് യൂണിറ്റുകൾ, കോക്കനട്ട് കുക്കീസ്, നാളികേര ചിപ്സ്, വെളിച്ചണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, കൊപ്ര, ചിരട്ടകരി നിർമ്മാണ യൂണിറ്റ്, ഉത്തേചിത കരി നിർമ്മാണ യൂണിറ്റുകൾ (ആക്ടിവേറ്റഡ് കാർബൺ), വിനാഗിരി, ഉണ്ടകൊപ്ര തുടങ്ങിയവ | നാളികേരാധിഷ്ഠിത സംരംഭം ആരംഭിക്കാനോ, നിലവിലുള്ളത് വിപുലീകരിക്കാനോ ധനസഹായം നൽകുന്നു. പദ്ധതി അടങ്കലിന്റെ 25% പരമാവധി 50 ലക്ഷം രൂപ ധനസഹായമായി നൽകുന്നു. ആലുവ, തെക്കേ വാഴക്കുളത്തുള്ള CDB Institute of Technology പരിശീലനം നൽകുന്നു. | അപേക്ഷയോടൊപ്പം വിശദമായ പദ്ധതി രേഖയും സ്വയംഭരണ വകുപ്പിൽ നിന്നുള്ള ക്ലിയറൻസുകൾ, കെട്ടിടത്തിന്റെ പ്ലാൻ, വിശദമായ എസ്റ്റിമേറ്റ് എന്നിവ സഹിതം. പദ്ധതിയുടെ 4% എങ്കിലും ബാങ്ക് വായ്പ വേണം. ബാങ്കിന്റെ അപ്രൈസൽ റിപ്പോർട്ടും വായ്പ അനുവദിച്ച ഓർഡറും സഹിതം വേണം അപേക്ഷിക്കുവാൻ | കോക്കനട്ട് ഡവലപ്മെൻര് ബോർഡ് കൊച്ചി. CDB Institute of Technology, Keenpuram, South Vazhakulam, Aluva, Ernakulam -68, Ph: 0484-2679680 |
| | **160. Food & Nutrition Board& Central Government , Kakkanad** | | | |
| **Food & nutrition Board** | SC/ST/OBC/ Public | ഭക്ഷണത്തെക്കുറിച്ചും, ഭക്ഷ്യ പോഷണത്തെക്കുറിച്ചും അവബോധം നൽകുന്നു.പച്ചക്കറിയിലെ വിഷാംശം ലഘൂകരിക്കുന്നതിനുള്ള അറിവ് നൽകുക. സ്ക്വാഷ്, ജാം, ജെല്ലി, ഹൽവ, ..എന്നിവ ഉണ്ടാക്കുന്നതിനുള്ള സൗജന്യ പരിശീലനം | പൊതുജനങ്ങൾ. പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക സമുദായങ്ങൾ, ട്രെയിനിംഗ് നടത്തുന്ന വിവരണത്തിനായി ടെക്നിക്കൽ ഓഫീസറുമായി ബന്ധപ്പെടുക | Technical Officer, Food & Nutrition Board Office, Kakkanad Cell No- 8943023758 |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| സാമൂഹ്യനീതി വകുപ്പ് | **161. വികലാംഗർക്കുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങൾ** | | | |
| | കോഴിക്കോടും, തിരുവനന്തപുരത്തും തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു, കോഴിക്കോട് -ബുക്ക് ബൈൻഡിംഗ്, ടെയിലറിംഗ്, എംബ്രോയിഡറി, ഡി.ടി.പി, ഫാഷൻ ഡിസൈനിംഗ് | 18-25 നും ഇടയിൽ പ്രായമുള്ള വികലാംഗർ | അപേക്ഷാഫോറങ്ങൾ തൊഴിൽപരിശീലന കേന്ദ്രത്തിൽനിന്നും ലഭിക്കുന്നു, താൽപര്യമുള്ള വിഷയത്തിൽ പരിശീലനകേന്ദ്രത്തിന് അപേക്ഷ സമർപ്പിക്കുന്നു | സാമൂഹ്യനീതി വകുപ്പിന് വേണ്ടി പരിശീലന കേന്ദ്രത്തിലെ സൂപ്രണ്ടുമാർ പരിശീലനം നൽകുന്നു |
| | **162. ഗ്രീൻ ഫാംസ് കേരള- ഫാം ടൂറിസം** | | | |
| 6.20 ടൂറിസം വകുപ്പ് | കുറഞ്ഞത് 10 ഏക്കർ കൃഷിഭൂമിയെങ്കിലും കൈവശമുള്ള കൃഷിക്കാർ/കൃഷിക്കാരുടെ സ്വയം സഹായസംഘങ്ങൾ | അപേക്ഷകൾ സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ട് ടൂറിസം വകുപ്പ് അംഗീകരിക്കുന്നതോടെ പദ്ധതിയുടെ ആകെ ചെലവിന്റെ 25% മോ പരമാവധി 5 ലക്ഷം രൂപയോ സബ്സിഡി ലഭിക്കാനായി അപേക്ഷിക്കാം. കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിന്റെ സഹായം ലഭിക്കുന്നു. കൂടാതെ മാർക്കറ്റിംഗ്/ വിൽപ്പന ലക്ഷ്യമാക്കി ടൂറിസം വകുപ്പ് പ്രസിദ്ധീകരിക്കുന്ന സേവനദാതാക്കളുടെ ലിസ്റ്റിൽ അംഗമാകുന്നതോടെ കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാനും ബിസിനസ്സിൽ അഭിവൃദ്ധി ഉണ്ടാക്കാനും സാധിക്കും | ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അപേക്ഷാ ഫോം പൂരിപ്പിച്ച് ടൂറിസം ഡയറക്ട ർ, തിരുവനന്തപുരം എന്ന പേരിൽ 1000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം, സ്ഥലത്തിന്റെ കൈവശരേഖ, മുൻ പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, വിവിധ വ്യക്തികൾ ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നതെങ്കിൽ പാർട്ണർഷിപ്പ് ഡീഡ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫാമിലെ സൗകര്യങ്ങളും പ്രവൃത്തികളും വ്യക്തമാക്കുന്ന ലേഔട്ട് , ഫാമിന്റെ ഫോട്ടോഗ്രാഫുകൾ ടൂറിസം വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുക | അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ അപേക്ഷ സ്വീകരിക്കുകയും പരിശോധനാ സംഘം സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യും |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| | **163. പ്ലാന്റേഷൻ ടൂറിസം** | | | |
| | കുറഞ്ഞത് 50 ഏക്കർ എങ്കിലും പ്ലാന്റേഷൻ സ്വന്തമായുള്ള /കൈവശമുള്ള കൃഷിക്കാർ/കൃഷിക്കാരുടെ സ്വയം സഹായസംഘങ്ങൾ | അപേക്ഷകൾ സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ട് ടൂറിസം വകുപ്പ് അംഗീകരിക്കുന്നതോടെ പദ്ധതിയുടെ ആകെ ചെലവിന്റെ 25% മോ പരമാവധി 5 ലക്ഷം രൂപയോ സബ്സിഡി ലഭിക്കാനായി അപേക്ഷിക്കാം. കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിന്റെ സഹായം ലഭിക്കുന്നു. കൂടാതെ മാർക്കറ്റിംഗ്/ വിൽപ്പന ലക്ഷ്യമാക്കി സാധിക്കും ടൂറിസം വകുപ്പ് പ്രസിദ്ധീകരിക്കുന്ന സേവനദാതാക്കളുടെ ലിസ്റ്റിൽ അംഗമാകുന്നതോടെ കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാനും ബിസിനസ്സിൽ അഭിവൃദ്ധി ഉണ്ടാക്കാനും | ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു ള്ള അപേക്ഷാ ഫോം പൂരിപ്പിച്ച് ടൂറിസം ഡയറക്ടർ, തിരുവനന്തപുരം എന്ന പേരിൽ 1000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം, സ്ഥലത്തിന്റെ കൈവശരേഖ, മുൻ പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, വിവിധ വ്യക്തികൾ ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നതെങ്കിൽ പാർട്ണർഷിപ്പ് ഡീഡ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫാമിലെ സൗകര്യങ്ങളും പ്രവൃത്തികളും വ്യക്തമാക്കുന്ന ലേ ഔട്ട് , ഫാമിന്റെ ഫോട്ടോഗ്രാഫുകൾ ടൂറിസം വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുക | അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ അപേക്ഷ സ്വീകരിക്കുകയും പരിശോധനാ സംഘം സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യും |
| | **164. വ്യവസായം** | | | |
| | വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധപ്പെടുത്തുന്ന പ്രധാന പാതയോരങ്ങളിൽ കുറഞ്ഞത് 10 സെന്റ് മുതൽ 20 സെന്റ് സ്ഥലം ഉള്ള വ്യക്തികൾക്ക് പദ്ധതിയിൽ അംഗമാകാൻ അപേക്ഷിക്കാം.പദ്ധതിയിൽ റെസ്റ്റ് റൂമുകൾ, ടോയ്ലെറ്റുകൾ, റെസ്റ്ററന്റുകൾ, സോവനീയർ ഷോപ്പുകൾ, വാഹന പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾ ആണ് പരാമർശിച്ചിട്ടുള്ളത് | അപേക്ഷകൾ സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ട് ടൂറിസം വകുപ്പ് അംഗീകരിക്കുന്നതോടെ പദ്ധതിയുടെ ആകെ ചെലവിന്റെ 25% മോ പരമാവധി 5 ലക്ഷം രൂപയോ സബ്സിഡി ലഭിക്കാനായി അപേക്ഷിക്കാം. കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിന്റെ സഹായം ലഭിക്കുന്നു. കൂടാതെ മാർക്കറ്റിംഗ്/ വിൽപ്പന ലക്ഷ്യമാക്കി ടൂറിസം വകുപ്പ് പ്രസിദ്ധീകരിക്കുന്ന സേവനദാതാക്കളുടെ ലിസ്റ്റിൽ അംഗമാകുന്നതോടെ കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാനും ബിസിനസ്സിൽ അഭിവൃദ്ധി ഉണ്ടാക്കാനും സാധിക്കും | ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അപേക്ഷാ ഫോം പൂരിപ്പിച്ച് ടൂറിസം ഡയറക്ടർ, തിരുവനന്തപുരം എന്ന പേരിൽ 1000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം, സ്ഥലത്തിന്റെ കൈവശരേഖ, മുൻ പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, വിവിധ വ്യക്തികൾ ചേർന്നാണ്പദ്ധതി നടപ്പിലാക്കുന്നതെങ്കിൽ പാർട്ണർഷിപ്പ് ഡീഡ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫാമിലെ സൗകര്യങ്ങളും പ്രവൃത്തികളും വ്യക്തമാക്കുന്ന ലേ ഔട്ട് , ഫാമിന്റെ ഫോട്ടോഗ്രാഫുകൾ ടൂറിസം വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുക | അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ അപേക്ഷ സ്വീകരിക്കുകയും പരിശോധനാ സംഘം സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യും |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| | **165. ഗൃഹസ്തലി** | | | |
| | കേരളത്തിന്റെ പരമ്പരാഗത ശൈലിയിലുള്ളതും 50 വർഷമോ അതിലേറെയോ വർഷം പഴക്കമുള്ളതുമായ വീട്/കെട്ടിട ഉടമകൾക്ക് ടൂറിസം വകുപ്പിന്റെ സബ്സിഡിയോടെ സംരക്ഷിക്കുന്നതിനും ഹോംസ്റ്റേ, കേരള സർവ്വീസ്ഡ് വില്ല, റസ്റ്ററന്റ്, ഹോട്ടൽ, ആയ്യുർവേദിക് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ ആരംഭിച്ചുകൊണ്ട് ടൂറിസം വ്യവസായരംഗത്ത് നിന്നും വരുമാനം ഉണ്ടാക്കാൻ സാധിക്കുന്ന വിധത്തിൽ പ്രവർത്തിക്കുന്നതിന് ഉതകുന്നു. | പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നിന്റെ 25% മോ പരമാവധി 10,000/-രൂപയോ സബ് സിഡി നൽകുന്നു. കൂടാതെ കെട്ടിട പുനരുദ്ധാരണ പദ്ധതിക്കായി നിക്ഷേപിക്കുന്ന തുകയുടെ 25% മോ പരമാവധി 5 ലക്ഷം രൂപയോ ഇൻവെസ്റ്റിമെന്റ് സബ്സിഡി ലഭിക്കും ബാങ്കുകളിൽ നിന്നും ലോൺ ലഭിക്കുന്നതിന് ടൂറിസം വകുപ്പ് പിന്തുണ നൽകും | ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അപേക്ഷാ ഫോം പൂരിപ്പിച്ച് ടൂറിസം ഡയറക്ട ർ, തിരുവനന്തപുരം എന്ന പരിൽ 1000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം,കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ/കൈ വശാവകാശ/ലീസ് സർട്ടിഫിക്കറ്റ്, (ആവശ്യമെങ്കിൽ പവർ ഓഫ് അറ്റോ ർണിയുടെപകർപ്പ്) പ്രധാന പാതയിൽ നിന്നും കെട്ടിടത്തിലേക്ക് എത്തിച്ചേരാൻ സാധിക്കുന്ന വഴി വ്യക്തമാക്കുന്ന ലൊക്കേഷൻ പ്ലാൻ, കെട്ടിടത്തി ന്റെ നിലവിലുള്ള പ്ലാൻ, എലിവേഷൻ, കെട്ടിടത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പുനരുദ്ധാരണ/നവീകരണ പ്രവൃത്തി വ്യക്തമാക്കുന്ന അംഗീകൃത എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ്, വീടിന് ചുറ്റുമായി പുരയിടത്തിലെ എല്ലാ ഭാഗത്തും എത്ര സ്ഥലം ലഭ്യമാണ് എന്ന് വ്യക്തമാക്കുന്ന സൈറ്റ് പ്ലാൻ, അംഗീകൃത എഞ്ചിനീയർ | അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ അപേക്ഷ സ്വീകരിക്കുകയുംപരിശോധനാ സംഘം സമർപ്പിക്കുന്ന റിപ്പോർട്ടി ന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യും |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | സർട്ടിഫൈചെയ്ത എസ്റ്റിമേറ്റ്, കെട്ടിടത്തിന്റെ പുറമെ നിന്നും അകമേ നിന്നുമുള്ള ഫോട്ടോഗ്രാഫുകൾ,നിലവിൽ ടൂറിസം വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാർഗനിർദേശങ്ങളും ഭാവിയിൽ ഒരുപക്ഷേ നടത്തുന്ന ഭേദഗതികളും അംഗീകരിച്ചുകൊണ്ട് പദ്ധതിയിൽ അംഗമാകാൻ സമ്മതമാണെന്ന് വ്യക്തമാക്കി കൊണ്ടുള്ള അപേക്ഷകന്റെ സമ്മതപത്രം. | |
| | **166. ഹോം സ്റ്റേ** | | | |
| | വിനോദസഞ്ചാരികൾക്ക് താമസിക്കാൻ സൗകര്യമുള്ളതും ആതിഥേയമനോഭാവമുള്ളവർക്കും സ്വന്തം വീട്ടിൽ സന്ദർശകർക്കായി അവ ഒരുക്കാൻ താൽപ്പര്യമുണ്ടെങ്കിൽ ടൂറിസം വകുപ്പിന്റെ ഈ സ്കീമിൽ അംഗമാകാൻ അപേക്ഷിക്കാം | പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നിന്റെ 25% മോ പരമാവധി 10,000/- രൂപയോ സബ് സിഡി നൽകുന്നു.<br>കൂടാതെ കെട്ടിട പുനരുദ്ധാരണ പദ്ധതിക്കായി നിക്ഷേപിക്കുന്ന തുകയുടെ 25% മോ പരമാവധി 5 ലക്ഷം രൂപയോ ഇൻവെസ്റ്റിമെന്റ് സബ്സിഡി ലഭിക്കും. ബാങ്കുകളിൽ നിന്നും ലോൺ ലഭിക്കുന്നതിന് ടൂറിസം വകുപ്പ് പിന്തുണ നൽകും | ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അപേക്ഷാ ഫോം പൂരിപ്പിച്ച് ടൂറിസം ഡയറക്ടർ, തിരുവനന്തപുരം , എന്ന പേരിൽ 1000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ/ കൈവശാവകാശ/ ലീസ് സർട്ടിഫിക്കറ്റ്, (ആവശ്യമെങ്കിൽ പവർ ഓഫ് അറ്റോർണിയുടെ പകർപ്പ്) പ്രധാന പാതയിൽ നിന്നും കെട്ടിടത്തിലേക്ക് എത്തിച്ചേരാൻ സാധിക്കുന്ന വഴി വ്യക്തമാക്കുന്ന ലൊക്കേഷൻ പ്ലാൻ, കെട്ടിടത്തിന്റെ നിലവിലുള്ള പ്ലാൻ, | അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ അപേക്ഷ സ്വീകരിക്കുകയും പരിശോധനാ സംഘം സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യും |

| വകുപ്പ് | ഗുണഭോക്താക്കൾ/അർഹത | നല്കുന്ന സഹായം/സേവനം | ഹാജരാക്കേണ്ട രേഖകൾ, ആർക്ക് | ആർ, എപ്പോൾ, എങ്ങനെ നല്കുന്നു |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | എലിവേഷൻ, കെട്ടിടത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പുനരുദ്ധാരണ/ നവീകരണ പ്രവൃത്തി വ്യക്തമാക്കുന്ന അംഗീകൃത എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ്, വീടിന് ചുറ്റുമായി പുരയിടത്തിലെ എല്ലാഭാഗത്തും എത്ര സ്ഥലം ലഭ്യമാണ് എന്ന് വ്യക്തമാകുന്ന സൈറ്റ് പ്ലാൻ, അംഗീകൃത എഞ്ചിനീയർ സർട്ടിഫൈ ചെയ്ത എസ്റ്റിമേറ്റ്, കെട്ടിടത്തിന്റെ പുറമെ നിന്നും അകമേ നിന്നുമുള്ള ഫോട്ടോഗ്രാഫുകൾ, നിലവിൽ ടൂറിസം വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാർഗനിർദേശങ്ങളും ഭാവിയിൽ ഒരു പക്ഷേ നടത്തുന്ന ഭേദഗതികളും അംഗീകരിച്ചു കൊണ്ട് പദ്ധതിയിൽ അംഗമാകാൻ സമ്മതമാണെന്ന് വ്യക്തമാക്കികൊണ്ടുള്ള അപേക്ഷകന്റെ സമ്മതപത്രം | |

# ഭാഗം II

# മിനിസ്ട്രി ഓഫ് ഹാന്റി ക്രാഫ്റ്റ്സ്

## പദ്ധതിയുടെ പേര് : ബാബാ സാഹിബ് അംബേദ്കർ ഹസ്ത ശിൽപ് വികാസ് യോജന (BAHVY)

### 1. ആമുഖം

തീർത്തും അസംഘടിത മേഖലയായ കരകൗശല തൊഴിലാളികളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് സുസ്തിരതയിലേക്കും ശാക്തീകരണത്തിലേക്കും നയിക്കുക എന്ന ഉദ്ദ്യേശത്തോടു കൂടിയാണ് ഈ പദ്ധതി 2000-01 ൽ തുടങ്ങിയത്. ഈ പദ്ധതിയ്ക്ക് പ്രധാനമായും അഞ്ച് ഘടകങ്ങളുണ്ട്.

1. സാമൂഹിക ഇടപെടൽ
2. യന്ത്രവത്കൃത ഇടപെടൽ
3. വിപണന ഇടപെടൽ
4. ധനപരമായ ഇടപെടൽ
5. ക്ലസ്റ്ററിന്റെ അടിസ്ഥാന സൗകര്യവികസന ഇടപെടൽ

### 2. ഫണ്ട്

a സാമൂഹിക ഇടപെടൽ

- ഡയഗ്നോസ്റ്റിക് സർവ്വേ, പ്രെജക്ട് റിപ്പോർട്ട് തയ്യാറാക്കലും : 500 പേരുള്ള ഒരു ക്ലസ്റ്ററിന് ഏറ്റവും കൂടിയത് 1.50 ലക്ഷം രൂപ. 50% തുക അഡ്വാൻസ് ആയി നൽകുന്നു.
- ഐഡന്റിറ്റി കാർഡ് വിതരണം: ഒരു കാർഡിന് 25 രൂപ വച്ച് ധനസഹായം ലഭിയ്ക്കും.

b യാന്ത്രിക ഇടപെടൽ

| | |
|---|---|
| ആധുനിക ഉപകരണങ്ങളുടെ വിതരണം | ഒരു ടൂൾ കിറ്റിന് 50 രൂപ ധനസഹായം ലഭിയ്ക്കും |
| ഡിസൈൻ, സാങ്കേതിക വിദ്യ വികസനം, ട്രെയിനിംഗ് (15 ദിവസത്തെ ട്രെയിനിങ്ങിന് 30 കരകൗശല തൊഴിലാളികൾക്ക് പങ്കെടുക്കാം) | ഒരു ട്രെയിനിംഗിന് 1,80,000 രൂപ ധനസഹായം ലഭിയ്ക്കും. |

c വിപണന ഇടപെടൽ

| | | |
|---|---|---|
| | എക്സിബിഷൻ സംഘടിപ്പിക്കുക – | 1,88,750 |
| | പരസ്യത്തിനായുള്ള സഹായം – | ചെലവ് 75: 25 എന്ന അനുപാതത്തിൽ ഗവൺമെന്റും NGOയും വഹിയ്ക്കും |
| | വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക (കേന്ദ്ര സംസ്ഥാന കരകൗശല കോർപ്പറേഷൻ , അപെക്സ് സഹകരണ സംഘങ്ങൾ, കരകൗശല തൊഴിലാളികളുടെ | ഏറ്റവും കൂടിയത് 23 ലക്ഷം |

| | | |
|---|---|---|
| | കൂട്ടായ്മ, തുടങ്ങിയ സ്ഥാപനങ്ങളൊക്കെ ഇതിന് അർഹരാണ്) | |
| | മാർക്കറ്റ് സ്റ്റഡി ടൂർ | 4,00,000 |
| | സമഗ്രമായ ഡിസൈൻ , സാങ്കേതിക വിദ്യ വികസന പരിശീലനം (6 മാസം ദൈർഘ്യമുള്ള 50 കരകൗശല തൊഴിലാളികൾക്കുള്ള പരിശീലനം) | 10,00,000 ട്രെയിനിംഗ് നടത്തുന്നതിന് ധനസഹായം ലഭിയ്ക്കും. |
| f | കാർപ്പറ്റ് ഒഴികെ മറ്റ് കരകൗശല വസ്തുക്കളുടെ പരിശീലനം (4 മാസം, 20 കരകൗശല തൊഴിലാളികൾ) | 1,81,000 |
| | കാർപ്പറ്റ് പരിശീലനം (6 മാസം, 40 തൊഴിലാളികൾ) | 5,75,000 (ഇതിൽ 64,000 ഇംപ്ലിമെന്റിങ്ങ് ഏജൻസി വഹിക്കണം.) ഏറ്റവും കൂടിയത് 6,70,000 ലഭിയ്ക്കും |
| | സെമിനാർ & സിംപോസിയം സംഘടിപ്പിക്കുക | |
| | റിസേർച്ച് | 5,00,000 |
| | വെയർ ഹൗസും, കോമൺ വർക്ക് ഷെഡും സ്ഥാപിക്കുക | ഏറ്റവും കൂടിയത് 1,00,000 രൂപ. |
| | സംരംഭകത വികസന പരിശീലനങ്ങൾ സംഘടിപ്പിക്കുക (20 കരകൗശല തൊഴിലാളികളുടെ ഗ്രൂപ്പിന്) | 2,00,000 രൂപ |

d ധനപരമായ ഇടപെടൽ

- മാർജിൻ മണി

ക്ലസ്റ്റർ ലെവലിലുള്ള കരകൗശല വിദഗ്ദരുടെ കൂട്ടായ്മയ്ക്ക് പ്രവർത്തന മൂലധനം കൊടുക്കുക. ഒരു തൊഴിലാളിക്ക് 4000 രൂപ വച്ച് ഏറ്റവും കൂടിയത് 5,00,000 രൂപ കിട്ടും.

- ക്ലസ്റ്റർ മാനേജർക്കുള്ള കൂലി

ക്ലസ്റ്ററിന്റെ അനുദിന പ്രവർത്തനങ്ങൾക്കായുള്ള സേവനത്തിന് ഒരു മാസം 2756 രൂപ വച്ച് 60 മാസത്തേക്ക് ലഭിയ്ക്കും.

- ഇംപ്ലിമെന്റിംഗ് ഏജൻസികൾക്കുള്ള നടത്തിപ്പ് ചെലവ്

25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾ നടപ്പിലാക്കിയവർക്ക് 1 ലക്ഷം രൂപയും, 25 ലക്ഷം രൂപയ്ക്ക് മുകളിൽ പദ്ധതികൾ നടപ്പിലാക്കിയവർക്ക് 1.5 ലക്ഷം രൂപയും ലഭിയ്ക്കും.

- ഗൈഡിംഗ് & മോണിറ്ററിങ്ങ് കൺസൾട്ടൻസി ചാർജ്

കൺസൾട്ടൻസി സർവ്വീസിന് സഹായിക്കുന്ന ആൾക്ക് വർഷത്തിൽ ഒരു ലക്ഷം രൂപ വച്ച് അഞ്ച് വർഷത്തേക്ക് 5 ലക്ഷം രൂപ ധനസഹായം ലഭിയ്ക്കും.

- കരകൗശല തൊഴിലാളികൾക്കായുള്ള ക്രെഡിറ്റ് ഗ്യാരന്റി സ്കീം

ലോൺ തുകയുടെ 75 % ഏറ്റവും കൂടിയത് 18.75 രൂപ ധനസഹായം ലഭിയ്ക്കും.

e ക്ലസ്റ്ററിന്റെ അടിസ്ഥാന സൗകര്യ വികസനം

- അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ഉണ്ടാക്കുക

രണ്ട് കോടി രൂപ 3 തവണകളിലായി ലഭിയ്ക്കും.

- കോമൺ ഫെസിലിറ്റി സെന്ററുകൾ ഉാക്കുക

ഏറ്റവും കൂടിയത് 60 ലക്ഷം രൂപ വരെ ധനസഹായം ലഭിയ്ക്കും.

- AHVY പദ്ധതിയിൽ ഉൾപ്പെടാത്ത കയറ്റുമതിക്കാർക്കും/ സംരംഭകർക്കുമായുള്ള ഫെസിലിറ്റി സെന്ററുകൾ

ഗവൺമെന്റും, കയറ്റുമതിക്കാർ/ സംരംഭകർ 30:70 എന്ന അനുപാതത്തിൽ ചെലവുകൾ വഹിക്കണം. ഏറ്റവും കൂടിയത് 18,00,000 ലക്ഷം രൂപ ഗ്രാന്റായി ഗവൺമെന്റിൽ നിന്നും ലഭിയ്ക്കും.

3. **നിർവ്വഹണ സ്ഥാപനം**

ഓഫീസ് ഓഫ് ദി ഡെവലപ്പ്മെന്റ് കമ്മീഷണർ (ഹാന്റിക്രാഫ്റ്റ്)

4. **ലക്ഷ്യങ്ങൾ**

- **സാമൂഹിക ഇടപെടൽ**

a തിരഞ്ഞെടുത്ത ക്ലസ്റ്ററുകളിൽ ഡയഗ്നോസ്റ്റിക് സ്റ്റഡി നടത്തി ക്ലസ്റ്ററിനെ സുസ്ഥിരമക്കാൻ എന്തെല്ലാം ഘടകങ്ങൾ ആവശ്യമാണെന്ന് പരിശോധിക്കുക.

b ഗുണഭോക്താക്കളെ സംഘടിപ്പിക്കുക, ഗുണഭോക്താക്കളുടെ സ്വയം സഹായ സംഘങ്ങൾ, ത്രിഫ്റ്റ്, ക്രെഡിറ്റ്, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

c തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുക

- **യന്ത്രവത്കൃത ഇടപെടൽ**

a കരകൗശല തൊഴിലാളികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുക

b വിപണിക്കാവശ്യമുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുക

c നിലവിലുള്ള ക്ലസ്റ്ററിന്റെ അവസ്ഥ മനസ്സിലാക്കുക

d പുതിയ ഉപകരണങ്ങൾ, ഉത്പാദന പ്രക്രിയ തുടങ്ങിയവ വികസിപ്പിക്കുക

e പുതിയ ഉത്പന്നങ്ങളെ ടെസ്റ്റ് മാർക്കറ്റ് ചെയ്യുക

f പുതിയ ഉത്പന്നങ്ങൾക്കായി പരിശീലനങ്ങൾ സംഘടിപ്പിക്കുക

- **വിപണന ഇടപെടൽ**

a എക്സിബിഷനുകൾ സംഘടിപ്പിക്കുക

b ഇന്ത്യക്ക് അകത്തും പുറത്തും കരകൗശല ഉത്പന്നങ്ങളെ കുറിച്ച് ബോധവത്കരണം നടത്തുക.

c വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുക

d ഇതേ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന മറ്റ് സ്ഥലങ്ങൾ സന്ദർശിക്കുക.

e ഉൽപ്പന്നങ്ങൾക്കും അസംസ്കൃത വസ്തുക്കൾക്കും സ്റ്റോറേജ് സ്ഥലം ലഭ്യമാക്കുക.

f സംരംഭകത്വ ഗുണങ്ങൾ വളർത്തുന്നതിന് വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

- **ധനപരമായ ഇടപെടൽ**

a പ്രവർത്തന മൂലധന സഹായങ്ങൾ

b നിർവ്വഹണ സ്ഥാപനങ്ങൾക്ക് ക്ലസ്റ്ററിൽ ജോലി ചെയ്യുന്നതിന് സർവ്വീസ് ചാർജ് നൽകുക.

c ക്ലസ്റ്റർ മാനേജർമാർക്ക് വേജ് കോപൻസേഷൻ നൽകുക.

d കരകൗശല തൊഴിലാളികൾക്ക് ഇടനിലക്കാരന്റെ സഹായമില്ലാതെ ലോൺ കിട്ടുന്നതിനുള്ള സംവിധാനമുാക്കുക.

- **അടിസ്ഥാന സൗകര്യ വികസനം**

a ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുക

b കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക

c റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുക

d c കയറ്റുമതിക്കാർക്കും , സംരംഭകർക്കും ഉയർന്ന യന്ത്ര സൗകര്യങ്ങൾ നൽകുക.

5. **ഗുണഭോക്താക്കൾ**

- NGOs , സഹകരണ സ്ഥാപനങ്ങൾ, ട്രസ്റ്റ്സ്
- പ്രശസ്തമായ സ്ഥാപനങ്ങൾ:- യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്സ്, DRDAs, EDIs മുതലായവ
- കേന്ദ്ര സംസ്ഥാന കൈത്തറി/ കരകൗശല വികസന കോർപ്പറേഷൻ
- NGO ഫെഡറേഷൻ, അപെക്സ് സൊസൈറ്റി, ടഒഏ കൺസോർഷ്യം , സംരംഭക കൺസോർഷ്യം, കയറ്റുമതിക്കാർ
- സെക്ഷൻ 25 കംപനി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ

6. **ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ**

**a സാമൂഹിക ഇടപെടൽ**

- ഡയഗ്നോസ്റ്റിക് സ്റ്റഡി നടത്തുക
- പ്രൊജക്ട് റിപ്പോർട്ട് ഉാക്കുക
- കരകൗശല തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ ഉാക്കുക.
- പദ്ധതിയുടെ കീഴിൽ വരുന്ന കരകൗശലക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകുക

**b യന്ത്രപരമായ ഇടപെടൽ**

ആധുനിക ഉപകരണങ്ങളുടെ വികസനവും വിതരണവും

- ഡിസൈൻ, ടെക്നോളജി ഡെവലപ്പ്മെന്റ് എന്നിവയുടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക
- റിസേർച്ചുകൾ സംഘടിപ്പിക്കുക

**c** **വിപണന ഇടപെടൽ**

- എക്സിബിഷൻ സംഘടിപ്പിക്കുക
- പരസ്യങ്ങൾ കൊടുക്കുക
- വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുക
- മറ്റ് ക്ലസ്റ്ററുകൾ സന്ദർശിക്കുക/പഠനയാത്രകൾ സംഘടിപ്പിക്കുക
- വെയർ ഹൗസിംഗ് ഫെസിലിറ്റിയും പൊതുവായ വർക്ക് ഷെഡും ഉാക്കുക
- സംരംഭകത്വ വികസന പരിപാടികൾ സംഘടിപ്പിക്കുക

**d** **ധനപരമായ ഇടപെടൽ**

- മാർജിൻ മണി സഹായം നൽകുക
- ക്ലസ്റ്റർ മാനേജർക്ക് വേജ് കോംപൻസേഷൻ നൽകുക.
- നിർവ്വഹണ സ്ഥാപനങ്ങൾക്ക് സർവ്വീസ് ചാർജ് നൽകുക
- ആവശ്യക്കാർക്ക് വേണ്ട നിർദ്ദേശങ്ങളും സംവിധാനങ്ങളും നൽകുക
- കരകൗശല തൊഴിലാളികൾക്ക് ക്രെഡിറ്റ് ഗ്യാരന്റി പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുക

**e** **ക്ലസ്റ്ററിന്റെ അടിസ്ഥാന സൗകര്യ വികസനം**

- റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുക
- കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക
- AHVY പദ്ധതിയിൽ ഉൾപ്പെടാത്തവർക്കും ഉന്നതനിലവാരമുള്ള യന്ത്ര സംവിധാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.

# സ്കീം-മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ്

## പദ്ധതിയുടെ പേര് : ഭക്ഷ്യസംസ്കരണ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം

**1. ആമുഖം**

അടിസ്ഥാന സൗകര്യമില്ലായ്മയാണ് കാർഷിക/ഭക്ഷ്യ മേഖലകളിലെ ഏറ്റവും പ്രധാന പ്രശ്നം. ഇതിനു പരിഹാരമായി മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ് മൂന്ന് പദ്ധതികൾക്ക് രൂപം കൊടുത്തു.

- മെഗാ ഫുഡ് പാർക്ക്

- കശാപ്പുശാലകളുടെ ആധുനിക വത്കരണം
- കോൾഡ് ചെയിൻ(ശീതികരണ ശൃംഖല), വാല്യൂ അഡിഷൻ(മൂല്യവർദ്ധന ഉത്പന്നങ്ങൾ), ഭക്ഷണ സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ

2. ഫണ്ട്

- **മെഗാഫുഡ് പാർക്ക്**
  ഏറ്റവും കൂടിയത് 50 കോടി രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 50% ആണ് ഒരു മെഗാ ഫുഡ് പാർക്ക് തുടങ്ങുവാനായി ലഭിയ്ക്കുന്നത്.
- **ഫുഡ് പാർക്ക്**
  ഏറ്റവും കൂടിയത് 4 കോടി രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 25% ആണ് ഒരു ഫുഡ് പാർക്ക് തുടങ്ങുവാനായി ലഭിയ്ക്കുന്നത്.
- കോൾഡ് ചെയിൻ(ശീതികരണ ശൃംഖല), വാല്യൂ അഡിഷൻ(മൂല്യവർദ്ധന ഉത്പന്നങ്ങൾ),**ഭക്ഷണ സാധനങ്ങൾ** കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള പദ്ധതി.
  യന്ത്ര സംവിധാനങ്ങൾക്കും ഉപകരണങ്ങൾക്കുമായി വേണ്ടി വരുന്ന തുകയുടെ 50% അല്ലെങ്കിൽ ഏറ്റവും കൂടിയത് 10 ലക്ഷം രൂപ.
- **കശാപ്പുശാലകളുടെ ആധുനിക വത്കരണം**
  പദ്ധതി ചെലവിന്റെ 50% അല്ലെങ്കിൽ ഏറ്റവും കൂടിയത് 15 കോടി രൂപ ഓരോ പ്രൊജക്ടിനും ലഭിയ്ക്കുന്നതാണ്.

3. **നിർവ്വഹണ സ്ഥാപനം**

മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ്.

4. **ലക്ഷ്യങ്ങൾ**

**മെഗാഫുഡ് പാർക്ക്** :

- രാജ്യത്തെ തിരഞ്ഞെടുത്ത ക്ലസ്റ്ററുകളിൽ ഫുഡ് പ്രോസസ്സിംഗ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
- കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധന പ്രോത്സാഹിപ്പിക്കുക.
- ഓരോ ക്ലസ്റ്ററിലും അസംസകൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുക.
- പുതിയ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുക.

**കോൾഡ് ചെയിൻ(ശീതികരണ ശൃംഖല), വാല്യൂ അഡിഷൻ(മൂല്യവർദ്ധന ഉത്പന്നങ്ങൾ),ഭക്ഷണ സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള പദ്ധതി.**

- സമഗ്രമായ  അടിസ്ഥാന സ്യകര്യങ്ങൾ ഒരുക്കി കൊടുക്കുക
- ഉത്പാദകരെ വിപണിയുമായി സ്ഥിരമായി ബന്ധപ്പെടുത്തി കൊടുക്കുക.

**കശാപ്പുശാലകളുടെ നവീകരണം**

- കശാപ്പുശാലകളിലെ മാലിന്യങ്ങൾ നല്ല രീതിയിൽ സംസ്കരിക്കുക
- കശാപ്പ് ശാലകളുടെ അടിസ്ഥാന സൗകര്യ വികസനം

5. **ഗുണഭോക്താക്കൾ**

* **മെഗാഫുഡ് പാർക്ക്** :

  തിരഞ്ഞെടുത്ത ക്ലസ്റ്ററുകൾ

* **കോൾഡ് ചെയിൻ(ശീതികരണ ശൃംഖല), വാല്യൂ അഡിഷൻ(മൂല്യവർദ്ധന ഉത്പന്നങ്ങൾ),ഭക്ഷണ സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള പദ്ധതി.**

  പ്രൈവറ്റ്/പബ്ലിക് സ്ഥാപനങ്ങൾ

* **കശാപ്പുശാലകളുടെ നവീകരണം**

  PPP മോഡലിലാണ് നടപ്പിലാക്കുന്നത്.

## പദ്ധതിയുടെ പേര് : മനുഷ്യശക്തി വികസനം (Human Resource Development)

1. **ആമുഖം**

വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് ഫുഡ് പ്രോസസ്സിംഗ് അതുകൊണ്ട് തന്നെ പരിശീലനം സിദ്ധിച്ച വിദഗ്ദരായ പരിശീലകരും, സംരംഭകരും, സാങ്കേതിക വിദഗ്ദരും വിദഗ്ദ ജോലിക്കാരുമൊക്കെ ഉണ്ടാവേണ്ടത് ഈ വ്യവസായത്തിന്റെ ആവശ്യമാണ്. ഗ്രാമങ്ങളിലേക്കും ഭക്ഷ്യ സംസ്കരണ വ്യവസായം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് മനുഷ്യശക്തി വികസനം. ഇതിന് പ്രധാനമായും രണ്ട് ഘടകങ്ങളുണ്ട്.

* ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ
* സംരംഭകത്വ വികസന പരിപാടി(ഇ.ഡി.പി)(പരിശീലന കാലയളവ്- ആറാഴ്ച, പരിശീലനാർത്ഥികൾ - 25)

2. **ഫണ്ട്**

* ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ

യന്ത്രസംവിധാനങ്ങളും ഉപകരണങ്ങളും വാങ്ങാൻ 4 ലക്ഷം രൂപയും പ്രവർത്തന മൂലധനമായി 2 ലക്ഷം രൂപയും ഒരു ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ തുടങ്ങാനായി ലഭിയ്ക്കും.

* ഇ.ഡി.പി

ഒരു ഇ.ഡി.പി യ്ക്ക് രണ്ട് ലക്ഷം രൂപ

3. **നിർവ്വഹണ സ്ഥാപനം**

മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ്

4. **ലക്ഷ്യങ്ങൾ**

1. ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ

* ഗ്രാമീണ സംരംഭകത്വം(റൂറൽ എന്റർപ്രണേർഷിപ്പ്) പ്രോത്സാഹിപ്പിക്കുക

- ഗ്രാമീണ മേഖലയിൽ ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് സംരംഭങ്ങൾ വളർത്തിയെടുക്കുക.

2. ഇ.ഡി.പി.(ആറാഴ്ച നീണ്ട്

- പരിശീലനാർത്ഥികളെ ഭക്ഷ്യമേഖലയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ തുടങ്ങാൻ പ്രാപ്തമാക്കുക.

5. **ഗുണഭോക്താക്കൾ**

- ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ

  കേന്ദ്ര,സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾ, പരിശീലന സ്ഥാപനങ്ങൾ, ഐ.ടിഐ, എൻ.ജി.ഒ, സഹകരണ സ്ഥാപനങ്ങൾ

- ഇ.ഡി.പി.

  കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾ,റിസേർച്ച് വികസന സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റീസ്, എൻ.ജി.ഒ

# സ്കീം-മിനിസ്ട്രി ഓഫ് ടെക്സ്റ്റയിൽസ്

പദ്ധതിയുടെ പേര് : സമഗ്രമായ വൈദഗ്ദ്യ വികസന പദ്ധതി(Integrated skill Development scheme for the textiles and apparel sector including jute & Handicrafts)

1. **ആമുഖം**

തുണിവ്യവസായത്തിലെ വിദഗ്ദ തൊഴിലാളികളുടെ കുറവ് നികത്തുന്നതിന് വേണ്ടി കൂടുതൽ പരിശീലനം നൽകി കൂടുതൽ ആളുകളെ തുണി വ്യവസായത്തിലേക്ക് ആകർഷിപ്പിക്കുകയണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

2. **ഫണ്ട്:**

239.70 കോടി രൂപ 2 വർഷത്തെ വിദഗ്ദ പരിശീലനത്തിനായി മാറ്റി വച്ചിരിക്കുന്നു.

3. **നിർവ്വഹണ സ്ഥാപനം**

ടെക്സ്റ്റൈൽ മന്ത്രാലയം

1. **ലക്ഷ്യങ്ങൾ**

- കൂടുതൽ ആൾക്കാരെ ഈ വ്യവസായത്തിലേക്ക് ആകർഷിച്ച് വ്യവസായത്തെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുക.
- വ്യവസായത്തിന്റെ ആവശ്യത്തിന് അനുസരിച്ച് ആൾക്കാരെ പരിശീലിപ്പിച്ചെടുക്കുക.
- മികച്ച പരിശീലകരുടെ കൂട്ടായ്മ ഉണ്ടാക്കുക.

2. **ഗുണഭോക്താക്കൾ**

5 വർഷം കൊണ്ട് 26.75 ലക്ഷം പേർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

3. **ഈ പദ്ധതിയുടെ കീഴിൽ വരുന്ന വ്യവസായങ്ങൾ**

- തുണി
- കരകൗശലം
- കൈത്തറി
- ചണം
- പട്ടുനൂൽ പുഴു വളർത്തൽ

7. **ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

ഓരോ വ്യവസായ മേഖലയ്ക്കും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാം.

താഴെ പറയുന്ന പ്രധാനപ്പെട്ട പരിശീലന പരിപാടികളാണ് ഈ പദ്ധതി വഴി നടപ്പിലാക്കുക

- അടിസ്ഥാനപരിശീലനം
- വൈദഗ്ദ്യ വികസന പരിശീലനം
- പുതിയ സാങ്കേതികവിദ്യകളെ കുറിച്ചുള്ള പരിശീലനം
- പരിശീലകർക്കായുള്ള പരിശീലനം
- മാനേജ്മെന്റ് വൈദഗ്ദ്യം
- സംരംഭകത്വ വികസനം

## പദ്ധതിയുടെ പേര് : സമഗ്രമായ ടെക്സ്റ്റൈൽ പാർക്കിനുള്ള പദ്ധതി (scheme for integrated textile park)

1. **ആമുഖം**

അപ്പാരൽ പാർട്ട് ഫോർ എക്പോർട്ട് സ്കീം(APES) ഉും ടെക്സ്റ്റൈൽസ് സെന്റർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് സ്കീം (TCIDS) ഉും സംയോജിപ്പിച്ചാണ് സമഗ്രമായ ടെക്സ്റ്റൈൽ പാർക്കിനുള്ള പദ്ധതി രൂപപ്പെട്ടത്.

2 **ഫണ്ട്**

പദ്ധതി തുകയുടെ 40% അല്ലെങ്കിൽ 40 കോടി രൂപ.

3 **നിർവ്വഹണ സ്ഥാപനം**

ടെക്സ്റ്റൈൽസ് മന്ത്രാലയം

4. **ലക്ഷ്യം**

തുണി നിർമ്മാണ യൂണിറ്റുകൾക്ക് ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുകയാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

**5 ഗുണഭോക്താക്കൾ**

പദ്ധതി വഴി വളരാൻ സാധ്യതയുള്ള വ്യവസായ ക്ലസ്റ്റർ/ പ്രദേശങ്ങളെയാണ് പരിഗണിക്കുന്നത്. ഓരോ ഇൻഡസ്ട്രിയൽ പാർക്കിലും ഏറ്റവും ചുരുങ്ങിയത് 50 യൂണിറ്റെങ്കിലും ഉണ്ടായിരിക്കണം. ഓരോ ഇൻഡസ്ട്രിയൽ പാർക്കിലുംഓരോ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രജിസ്റ്റർ ചെയ്യും. ഗ്രാന്റ് ലഭിയ്ക്കുന്നത് SPVക്കായിരിക്കും.

**6. പ്രവർത്തനങ്ങൾ**

ഓരോ പാർക്കിലേയും സംരംഭകരുടെ എണ്ണവും പദ്ധതി നിക്ഷേപവും, ഓരോ പദ്ധതിയിലുംവ്യത്യാസമായിരിക്കും. ആകെ എല്ലാ സംരംഭകരുടേയും ഭൂമിയ്ക്കും കെട്ടിടത്തിനും യന്ത്രസംവിധാനത്തിനും ചെലവിടുന്ന തുക എപ്പോഴും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള തുകയുടെ ഇരട്ടിയായിരിക്കണം.

## പദ്ധതിയുടെ പേര് : ടെക്സ്റ്റൈൽസ് വർക്കേഴ്സ് റിഹാബിലിറ്റേഷൻ ഫണ്ട് സ്കീം

**1. ആമുഖം**

ടെക്സ്റ്റൈൽസ് യൂണിറ്റ് ഏതെങ്കിലും കാരണത്താൽ അടച്ചു പൂട്ടുകയാണെങ്കിൽ അർഹരായ തൊഴിലാളികൾക്ക് വേറൊരു ജോലി കിട്ടുന്നതു വരെ അവരുടെ കൂലിയ്ക്ക് സമാനമായ തുക കൊടുത്ത് അവരെ സഹായിക്കാനായി രൂപപ്പെടുത്തിയ ഫണ്ടാണിത്.

**2. റിലീഫ് ഫണ്ട് (ആശ്വാസ നിധി)**

മൂന്ന് വർഷത്തേക്കാണ് ഈ ഫണ്ട് ലഭിയ്ക്കുന്നത്.

ആദ്യ വർഷത്തിൽ ഒരു വർഷത്തെ കൂലിയുടെ 75% ഉം രണ്ടാമത്തെ വർഷത്തിൽ ഒരു വർഷത്തെ കൂലിയുടെ 50% ഉം മൂന്നാമത്തെ വർഷത്തിൽ ഒരു വർഷത്തെ കൂലിയുടെ 25% ആണ് ലഭിയ്ക്കുന്നത്.

**3. നിർവ്വഹണ സ്ഥാപനം**

ഓഫീസ് ഓഫ് ടെക്സ്റ്റൈൽസ് കമ്മീഷണർ ഇതിന്റെ റീജിയണൽ ഓഫീസുകളിൽ കൂടിയും മറ്റ് സ്റ്റേറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ, പ്രൊവിഡന്റ് ഫണ്ട് ഓഫിസുകൾ, ട്രേഡ് യൂണിയൻ ഓഫിസുകൾ , ബാങ്ക് എന്നിവരുടെ സഹകരണത്തിൽ കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജോലിക്കാരെ കുറിച്ചുള്ള വിവരങ്ങൾ ടെക്സ്റ്റൈൽസ് ഉടമകളിൽ നിന്നോ/ പ്രൊവിഡന്റ് ഫണ്ട് ഓഫീസിൽ നിന്നോ ശേഖരിച്ച് അർഹമായവരുടെ ലിസ്റ്റുണ്ടാക്കി ടെക്സ്റ്റൈൽസ് കമ്മീഷണറുടെ റീജിയണൽ ഓഫീസിൽ സമർപ്പിക്കുന്നു. റീജിയണൽ ഓഫീസിൽ നിന്നും അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹമായവർക്ക് ബാങ്ക് അക്കൗണ്ടിലേക്ക് അയച്ചു കൊടുക്കുന്നു.

**4. ഗുണഭോക്താക്കൾ**

അഞ്ച് വർഷമോ അതിൽ കൂടുതലോ തുടർച്ചയായി ഒരു സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുള്ള 3500 / അതിൽ താഴെയോ ശമ്പളമുള്ള PFൽ അംഗമായവർക്കാണ് ഈ ആനുകൂല്യം ലഭിയ്ക്കുക.

# കയർ ബോർഡ്

കയർ വ്യവസായത്തിന്റെ ഉന്നതിക്കും വികസനത്തിനുമായി കയർ ഇൻഡസ്ട്രീസ് ആക്ട്, 1953 അനുസരിച്ച് ഇൻഡ്യ ഗവൺമെന്റ് രൂപം കൊടുത്ത സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് കയർ ബോർഡ്. കയർ വികസനത്തിനായി കയർ ബോർഡ് ധാരാളം പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

## പദ്ധതിയുടെ പേര് : റിജുവനേഷൻ, മോഡേണൈസേഷൻ ആന്റ് ടെക്നോളജി അപ്ഗ്രഡേഷൻ ഓഫ് ട്രഡിഷണൽ ഇൻഡസ്ട്രീസ് (റിമോട്ട്) (പരമ്പരാഗത വ്യവസായങ്ങളുടെ പുനർജീവനത്തിനും ആധുനിക വത്കരണം, യന്ത്രവത്കരണം എന്നിവയ്ക്കായി തുടങ്ങിയ പദ്ധതി)

### 1. ആമുഖം

കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി 2007-2008 വർഷത്തിലാണ് ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചത്. കയർപിരി മേഖലയിലും, ചെറുകിട കയർ നെയ്തുകാർക്കും പുതിയ യന്ത്ര തറികളും ആധുനീക സജ്ജീകരണങ്ങളും തയ്യാറാക്കി കൊടുത്ത് കയർ മേഖലയെ സുസ്തിരമാക്കാനാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. കൂടാതെ വർഷം മുഴുവൻ അസംസ്കൃത സാധനങ്ങൾ കയർതൊഴിലാളികൾക്ക് കൊടുത്ത് വർഷം മുഴുവൻ കയറിന്റെ ലഭ്യത ഉറപ്പുവരുത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

### 2. സാമ്പത്തിക സഹായം

ഈ പദ്ധതി പ്രകാരം കയർപിരി യൂണിറ്റുകൾക്കും, ചെറുകിട നെയ്ത്ത് യൂണിറ്റുകൾക്കുമാണ് സാമ്പത്തിക സഹായം നൽകുന്നത്.

- കയർപിരി യൂണിറ്റുകൾ:

എട്ട് പേരടങ്ങിയ കയർ തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾക്കാണ് പദ്ധതി സഹായം ലഭിക്കുന്നത്. ഏറ്റവും കുറഞ്ഞത് 2 സെന്റ് സ്ഥലം സ്വന്തമായി ഉള്ളതിന്റെ രേഖയോ അല്ലെങ്കിൽ 10 വർഷത്തേക്ക് പാട്ടക്കരാർ തയ്യാറാക്കിയതിന്റെ പകർപ്പോ അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഏറ്റവും കൂടിയത് 80,000 രൂപ അല്ലെങ്കിൽ ആകെ പദ്ധതി ചെലവിന്റെ 40% ഒരു യൂണിറ്റിന് സബ്സിഡിയായി ലഭിയ്ക്കും.

- ചെറുകിട നെയ്ത്ത് യൂണിറ്റുകൾ :

ആറ് പേരടങ്ങിയ കയർ തൊഴിലാളികളുടെ സ്വയം സഹായ സംഘത്തിന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുവാനാണ് ഈ പദ്ധതി വഴി ധനസഹായം ലഭിക്കുന്നത്. ഏറ്റവും കുറഞ്ഞത് 3 സെന്റ് സ്ഥലം സ്വന്തമായി ഉള്ളതിന്റെ രേഖയോ അല്ലെങ്കിൽ 10 വർഷത്തേക്ക് പാട്ടക്കരാർ തയ്യാറാക്കിയതിന്റെ പകർപ്പോ അപേക്ഷയോടൊപ്പം സമർപ്പിക്കണം. പദ്ധതി ചെലവിന്റെ 40% അല്ലെങ്കിൽ 2,00,000 രൂപയാണ് ഈ പദ്ധതി പ്രകാരം ലഭിയ്ക്കുക.

### 3. നിർവ്വഹണ സ്ഥാപനം

കയർബോർഡാണ് ഈ പദ്ധതിയുടെ നിർവ്വഹണ സ്ഥാപനം. പദ്ധതി നടത്തിപ്പിനായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. യന്ത്രങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്കായി കയർ ബോർഡിന്റെ റിസേർച്ച് സെന്ററുകളെ സമീപിക്കാവുന്നതാണ്. ഈ പദ്ധതി മോണിറ്ററിങ്ങ് ചെയ്യുന്നത് കയർബോർഡ് തന്നെയാണ്.

### 4. ലക്ഷ്യങ്ങൾ

- കയർപിരി/ നെയ്ത്ത് മേഖലയിൽ ആധുനിക യന്ത്ര സംവിധാനങ്ങളുപയോഗിച്ച് കയർ വ്യവസായത്തെ ആധുനീകവത്കരിക്കുക.
- ഉത്പാദനക്ഷമതയും, ഗുണമേൻമയും വർദ്ധിപ്പിക്കാൻ നിലവിലുള്ള ഉത്പാദന രീതി മെച്ചപ്പെടുത്തുക.
- കാര്യക്ഷമതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് കയർപിരി/ നെയ്ത്ത് മേഖലയിലെ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുക.
- തൊണ്ടിന്റെ ഉപയോഗം വർദ്ധിപ്പിക്കുക
- ഗ്രാമീണ മേഖലയിൽ കയറിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

**5. ഗുണഭോക്താക്കൾ**

കയർപിരി യൂണിറ്റുകൾ : എട്ട് പേരടങ്ങിയ കയർ തൊഴിലാളികളുടെ സ്വയംസഹായ സംഘം

ചെറുകിട നെയ്ത്ത് യൂണിറ്റുകൾ : ആറ് പേരടങ്ങിയ കയർ തൊഴിലാളികളുടെ സ്വയംസഹായ സംഘം

അപേക്ഷകർ കയർബോർഡിലും ബാങ്കിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്റ്റിയറിങ്ങ് കമ്മിറ്റി(സ്റ്റിയറിങ്ങ് കമ്മിറ്റി അംഗങ്ങൾ-കയർ ബോർഡ് ചെയർമാൻ, കയർ ബോർഡ് സെക്രട്ടറി, ബാങ്ക് പ്രതിനിധി, സംസ്ഥാന ഗവൺമെന്റ് പ്രതിനിധി, കയർ പിരി/നെയ്ത്ത് മേഖലയിലുള്ള രണ്ട് പ്രതിനിധികൾ, കയർ ബോർഡ് ജോയിന്റ് ഡയറക്ടർ(പ്ലാനിംഗ്)) പരിശോധിച്ച് അർഹരായ അപേക്ഷകർക്ക് ലോൺ നൽകുന്നതാണ്. ലോൺ തുക ഗഡുക്കളായി പലിശയോടു കൂടി തിരിച്ചടക്കേണ്ടതാണ്.

**6. നിർവ്വഹണ സംവിധാനങ്ങൾ**

സെക്രട്ടറി, MSME ചെയർമാനായ ഹൈ ലെവൽ അപെക്സ് കമ്മിറ്റിയും, കയർ ബോർഡ് ചെയർമാൻ ചെയർമാനായ ഇവാല്യുവേഷൻ & സ്റ്റീയറിങ്ങ് കമ്മിറ്റിയും, റീജിയണൽ ഓഫീസർ, കയർ ബോർഡ് ചെയർമാനായ റീജിയണൽ ലെവൽ സെലക്ഷൻ കമ്മിറ്റിയും, എക്സ്റ്റൻഷൻ സർവ്വീസ് ഓഫീസർ, ചെയർമാനായ സബ് റീജിയണൽ ലെവൽ സെലക്ഷൻ കമ്മിറ്റിയും ഈ പദ്ധതിയ്ക്കു വേണ്ടി പ്രവർത്തിക്കുന്നു.

**7. യന്ത്രങ്ങൾ വാങ്ങേണ്ടത് എവിടെ നിന്ന്**

യൂണിറ്റിനാവശ്യമായ യന്ത്രങ്ങൾ കയർബോർഡ് അംഗീകരിച്ച യന്ത്രനിർമ്മാതാക്കളിൽ നിന്നും വാങ്ങേണ്ടതാണ്.

## പദ്ധതിയുടെ പേര് : സ്കീം ഓഫ് ഫണ്ട് ഫോർ റിജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ്. (പരമ്പരാഗത വ്യവസായങ്ങളുടെ പുനർജീവനത്തിനായുള്ള പദ്ധതി)

**1. ആമുഖം**

ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2005-2006 കാലഘട്ടത്തിലാണ്. പരമ്പരാഗത വ്യവസായങ്ങൾ അന്യം നിന്നു പോകാതെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ പരമ്പരാഗത വ്യവസായങ്ങളെ പ്രാപ്തമാക്കാനാണ് ഈ പദ്ധതി രൂപികരിച്ചത്.

2. **ഫണ്ട്:**

- കോമൺ ഫെസിലിറ്റി സെന്റർ (CFC) നടപ്പിൽ വരുത്താൻ ഒരു ക്ലസ്റ്ററിന് ഏറ്റവും കൂടിയത് -30 ലക്ഷം (ഗ്രാന്റ് - 75%, ഗുണഭോക്തൃ വിഹിതം - 25%)
- ഉത്പന്ന വൈവിധ്യവത്കരണം - 4 ലക്ഷം (ഗ്രാന്റ് - 75%, ഗുണഭോക്തൃ വിഹിതം - 25%)
- വിപണി വർദ്ധനവ് -1.5 ലക്ഷം (ഗ്രാന്റ് 100%)
- പരിശീലന പരിപാടികൾ - 15 ലക്ഷം (ഗ്രാന്റ് 100%)
- ഇംപ്ലിമെന്റിങ്ങ് ഏജൻസി - 10 ലക്ഷം (ഗ്രാന്റ് 100%)
- സി.ഡി. ഇ കോസ്റ്റ്- 10 ലക്ഷം(ഗ്രാന്റ് 100%)
- **ടെക്നിക്കൽ ഏജൻസി (TA)** - 4 ലക്ഷം (ഗ്രാന്റ് 100%)
- സർവ്വെ & സ്റ്റഡി - 1.2 ലക്ഷം(ഗ്രാന്റ് 100%)

3. **നിർവഹണ സ്ഥാപനം-** കയർ ബോർഡ്

4. **ലക്ഷ്യങ്ങൾ**

- രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പരമ്പരാഗത വ്യവസായങ്ങളുടെ ക്ലസ്റ്റർ സ്ഥാപിക്കുക.
- പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉത്പാദനക്ഷമവും ലാഭകരവും വിപണിയധിഷ്ഠിതവുമാക്കുക
- പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുക.
- പ്രാദേശിക ഉപഭോക്താക്കളെ കൂടുതലായി പദ്ധതിയുടെ നടത്തിപ്പിന് വേണ്ടിയുള്ള ആലോചനയിൽ പങ്കാളികളാക്കുക.
- ഗുണഭോക്താക്കളുടെ കാര്യക്ഷമത വർദ്ധിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- പരമ്പരാഗത വ്യവസായങ്ങൾ കൂടുതലായി നടത്തുന്ന മറ്റ് സ്ഥലങ്ങളിൽ പോയി കാണാനുള്ള സംവിധാനം ഉണ്ടാക്കുക.

5. **ഗുണഭോക്താക്കൾ**

പരമ്പരാഗത കയർ വ്യവസായത്തിലുൾപ്പെടുന്ന ഒരു ജില്ലയിലോ/താലൂക്കിലോ വരുന്ന 500 ഗുണഭോക്തൃ കുടുംബങ്ങളുടെ ക്ലസ്റ്റർ ആണ് ഈ പദ്ധതി പ്രകാരം ഉണ്ടാക്കുക.

6. **നിർവ്വഹണ സംവിധാനങ്ങൾ**

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നാല് ഏജൻസികളുണ്ട്.

- **നോഡൽ ഏജൻസി**

കയർ ബോർഡാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി.

- **ഇംപ്ലിമെന്റിങ്ങ് ഏജൻസി**

ഇംപ്ലിമെന്റിങ്ങ് ഏജൻസിയെ തിരഞ്ഞെടുത്ത് നിയമിക്കുന്നത് നോഡൽ ഏജൻസിയാണ്.

- **ക്ലസ്റ്റർ ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ്**

ഓരോ ഇംപ്ലിമെന്റിങ്ങ് ഏജൻസിയും ഓരോ ക്ലസ്റ്ററിലേക്കും ഒരു മുഴുവൻ സമയ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവിനെ നിയമിക്കും. ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം അദ്ദേഹത്തിനായിരിക്കും.

- **ടെക്നിക്കൽ ഏജൻസി (TA)**

ദേശീയതലത്തിൽ പ്രശസ്തമായ ക്ലസ്റ്റർ വികസനത്തിൽ മുൻപരിചയമുള്ള സ്ഥാപനത്തെയാണ് ടെക്നിക്കൽ ഏജൻസിയായി നിയമിക്കുന്നത്. നോഡൽ ഏജൻസിക്കും, ഇംപ്ലിമെന്റിങ്ങ് ഏജൻസിക്കും ക്ലസ്റ്റർ നടത്തിപ്പിനാവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുക്കാനും CDE ട്രെയിനിങ്ങ്, ക്ലസ്റ്റർ നടത്തിപ്പിൽ വരുത്തുമ്പോൾ CDE ക്കു വേണ്ട സഹായം ചെയ്യാനും TA യുടെ സഹായം ആവശ്യപ്പെടാം.

## പദ്ധതിയുടെ പേര് : ഉത്പാദന അടിസ്ഥാന സൗകര്യവികസനം(Production Infrastructure Development)

1. **ആമുഖം.**

ഏഴാം പഞ്ചവത്സര പദ്ധതി മുതലാണ് ഈ സ്കീം പ്രവർത്തനമാരംഭിച്ചത്. കയർ മേഖലയുടെ സുസ്ഥിര വികസനത്തിനുവേണ്ടി അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. പുതിയ കയർ യൂണിറ്റുകൾ സ്ഥാപിക്കുകയും, നിലവിലുള്ള യൂണിറ്റുകൾ ആധുനീകവത്കരിക്കുകയും വഴി കയർ മേഖലയുടെ സുസ്ഥിരവികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

2. **ധനസഹായം**

| | പുതിയ യൂണിറ്റുകൾക്ക് :<br><br>(ഉപകരണങ്ങളുടെ വിലയുടെ 25 % (അടിസ്ഥാന സൗകര്യവികസനം അടക്കം) ഏറ്റവും കൂടിയത്. | യൂണിറ്റുകളുടെ ആധുനീകവത്കരണത്തിന് : ആധുനീകവത്കരണത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ വിലയുടെ 25 % (അടിസ്ഥാന സൗകര്യവികസനം അടക്കം), ഏറ്റവും കൂടിയത്. |
|---|---|---|
| ഡിഫൈബറിങ്ങ് / ഡിക്കോർട്ടികേറ്റിങ്ങ് യൂണിറ്റ്. | 6,00,000 | 2,00,000 |
| ഓട്ടോമാറ്റിക് (യന്ത്രവത്കൃത കയർ | 4,00,000 | 2,00,000 |

| | | |
|---|---|---|
| പിരി യൂണിറ്റ്) | | |
| മറ്റ് എല്ലാ യൂണിറ്റുകൾക്കും | 5,00,000 | 2,00,000 |

3. **നിർവ്വഹണ സ്ഥാപനം : കയർ ബോഡ്**
4. **ലക്ഷ്യങ്ങൾ**

- ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആധുനികരീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉത്പാദന യൂണിറ്റുകൾക്ക് നൽകുക.
- കയർമേഖല കൂടുതൽ വ്യാപിപ്പിക്കാൻ സാധ്യമായ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുക.
- ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുക
- കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രധാനമായും ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകൾക്കിടയിൽ
- പുതിയ തലമുറയെ ഈ വ്യവസായത്തിലേക്കാകർഷിക്കുക
- നിലവിലുള്ള കയർ യൂണിറ്റുകളെ ആധുനീകവത്കരിക്കുക
- ഉപഭോക്താക്കൾക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുക
- കയർവ്യവസായത്തെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുക
- പ്രകൃതിക്ക് അനുയോജ്യമായ ഉത്പാദന സമ്പ്രദായം സ്വീകരിക്കുക
- കയർവ്യവസായത്തെ മലിനീകരണമില്ലാത്ത വ്യവസായമാക്കി മാറ്റുക

5. **ഗുണഭോക്താക്കൾ**

ജില്ലാവ്യവസായ കേന്ദ്രത്തിലും, കയർബോർഡിൽ (കയർ ഇൻഡസ്ട്രി രജിസ്ട്രേഷൻ റൂൾ, 2008 അനുസരിച്ച്) രജിസ്റ്റർ ചെയ്തിട്ടുള്ള പദ്ധതി തുക 5 ലക്ഷത്തിലധികം വരുന്ന പുതിയ കയർ യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭിയ്ക്കുന്നതാണ്.

6. **നിർവ്വഹണ സംവിധാനങ്ങൾ**

കൊച്ചി കയർ ബോർഡാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. പദ്ധതി നടപ്പിലാക്കുന്നത് കയർ ബോർഡിന്റെ റീജിയണൽ /സബ് റീജിയണൽ ഓഫീസുകളുടേയും ജില്ലാവ്യവസായ കേന്ദ്രത്തിന്റേയും സഹകരണത്തോടെയാണ്. യന്ത്രങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് കയർബോർഡിന്റെ തന്നെ റിസേർച്ച് സെന്ററുകളെ സമീപിക്കാവുന്നതാണ്.

7. **യന്ത്രങ്ങൾ വാങ്ങേണ്ടത് എവിടെ നിന്ന്**

യൂണിറ്റിനാവശ്യമായ യന്ത്രങ്ങൾ കയർബോർഡ് അംഗീകരിച്ച യന്ത്രനിർമ്മാതാക്കളിൽ നിന്നും വാങ്ങേണ്ടതാണ്.

## സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന.(SJSRY)

1. **ആമുഖം**

കേന്ദ്ര ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയായ SJSRY 1997 ലാണ് രൂപം കൊണ്ടത്. നെഹ്റു റോസ്ഗാർ യോജന(NRY), അർബൻ ബെയ്സിക് സർവീസസ് ഫോർ ദി പുവർ (UBSP), പ്രൈം മിനിസ്റ്റേഴ്സ് ഇൻന്റഗ്രേറ്റഡ് അർബൻ പോവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം(PMIUPEP) തുടങ്ങിയ മൂന്ന് പദ്ധതികൾ സംയോജിപ്പിച്ചാണ് SJSRY രൂപം കൊണ്ടത്. ഈ പദ്ധതിക്ക് താഴെ പറയുന്ന ഘടകങ്ങൾ ഉണ്ട്.

- നഗര സ്വയം തൊഴിൽ പദ്ധതി (Urban Self Employment Programme -USEP)
- നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്കായി സ്വയം സഹായ പദ്ധതി (Urban Woman Self Help Programme -UWSP)
- നഗരപ്രദേശങ്ങളിലുള്ളവരെ ജോലിയ്ക്ക് പ്രാപ്തരാക്കൻ തൊഴിൽ വൈദഗ്ദ്യ പരിശീലനം (Skill Training for Employment Promotion Amongst Urban Poor STEP-UP)
- നഗരപ്രദേശങ്ങളിലെ ജനങ്ങൾക്കായി വേയ്ജ് എംപ്ലോയിമെന്റ് പദ്ധതി (UWEP)

  നഗരസഭയുടെ പരിധിയിൽ വരുന്ന പൊതു ഉടമസ്ഥതയിലുള്ള ആസ്തികൾ നിർമ്മിക്കാൻ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള മറ്റ് തൊഴിലിലേർപ്പെടാൻ കഴിയാത്ത അവിദഗ്ദ തൊഴിലാളികളെ പരിഗണിക്കുന്നു.
- നഗരപ്രദേശങ്ങളിൽ ജന സമൂഹ കൂട്ടായ്മ.(Urban Community Development Net Work-UCDN)
  നഗര ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി അയൽകൂട്ടങ്ങളും, അയൽകൂട്ട കമ്മിറ്റികളും , കമ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളും ഉണ്ടാക്കി പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക.

2. **ഫണ്ട്:**

SJSRY പദ്ധതിയുടെ വിഹിതം കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും 75:25 എന്ന അനുപാതത്തിൽ വഹിക്കും

## നഗര സ്വയം തൊഴിൽ പദ്ധതി (Urban Self Employment Programme -USEP)

- സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം

  2 ലക്ഷം വരെ പദ്ധതി തുകയുള്ള യൂണിറ്റുകൾക്ക് സഹായം ലഭിയ്ക്കുന്നത് പദ്ധതി തുകയുടെ 25% അല്ലെങ്കിൽ ഏറ്റവും കൂടിയത് 50000 രൂപ വരെ സബ്സിഡി ലഭിയ്ക്കും. ഗുണഭോക്തൃവിഹിതം 5% ആണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഈ പദ്ധതിയുടെ പങ്കാളികളാകാം. പ്രത്യേക വിദ്യഭ്യാസ നിലവാരത്തിന്റെ ആവശ്യമില്ല.

- സാങ്കേതിക വിദ്യ, വിപണനം, മറ്റ് ആവശ്യമായ സഹായങ്ങൾ

  നിലവിലുള്ള യൂണിറ്റുകൾക്ക് സാങ്കേതിക വിദ്യ, വിപണനം, മറ്റ് ആവശ്യമായ സഹായങ്ങൾ എന്നിവയ്ക്കായി മൈക്രോ ബിസിനസ്സ് സെന്ററുകൾ(MBC) സ്ഥാപിക്കാം. ഒരു MBC ക്കായി 80ലക്ഷം രൂപ വരെ ധനസഹായം ലഭിയ്ക്കും. ഇതിൽ 60 ലക്ഷം രൂപ മൂലധനമായിട്ടും 20 ലക്ഷം രൂപ നടത്തിപ്പ് ചെലവുമാണ്.

## നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്കായി സ്വയം സഹായ പദ്ധതി (Urban Woman Self Help Programme -UWSP)

- സ്വയം തൊഴിൽ തുടങ്ങുവാനുള്ള ധനസഹായം

  ഗ്രൂപ്പ് സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്കുള്ള പദ്ധതിയാണിത്. ഗ്രൂപ്പുകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഗ്രൂപ്പ് സംരംഭം ആകണമെങ്കിൽ ഏറ്റവും കുറഞ്ഞത് അഞ്ച് പേരെങ്കിലും ഉൾപ്പെടണം. ഒരാൾക്ക് 60000 എന്ന നിരക്കിൽ 3 ലക്ഷം രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 35% ഇതിൽ ഏതാണോ കുറവ് അത് സബ്സിഡിയായി ലഭിക്കും. ഗുണഭോക്തൃ വിഹിതം-5%

- റിവോൾവിങ്ങ് ഫണ്ട്

  നിലവിലുള്ള തൊഴിലധിഷ്ഠിത യൂണിറ്റുകൾക്ക് 25000 രൂപ പ്രവർത്തന മൂലധന മായി കൊടുക്കുന്നു

## 22. നഗരപ്രദേശങ്ങളിലുള്ളവരെ ജോലിക്ക് പ്രാപ്തരാക്കൻ തൊഴിൽ വൈദഗ്ദ്യ പരിശീലനം (Skill Training for Employment Promotion Amongst Urban Poor STEP-UP)

സ്വയം തൊഴിൽ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും വെയ്ജ് എംപ്ലോയിമെന്റിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവർക്കും പരിശീലനത്തിൽ പങ്കെടുക്കാം. വിദഗ്ദ തൊഴിൽ പരിശീലനത്തിനായി 10000 രൂപ ഒരു ട്രെയിനിങ്ങ് നടത്തുന്നതിനായി നൽകും.

### 3. നിർവഹണ സ്ഥാപനം

കേരളത്തിൽ കുടുംബശ്രീയാണ് ഈ പദ്ധതിയുടെ നിർവഹണ സ്ഥാപനം.

### 4. ലക്ഷ്യങ്ങൾ

സ്വയം തൊഴിലിൽ കൂടിയോ, കൂലി തൊഴിലിൽ കൂടിയോ നഗര പ്രദേശങ്ങളിലെ തൊഴിലില്ലായ്മ നീക്കി വരുമാനം ഉറപ്പു വരുത്തുകയാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

### 5. ഗുണഭോക്താക്കൾ

- നഗരപ്രദേശങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾ
- ആകെ ഗുണഭോക്താക്കളിൽ 30 % സ്ത്രീകളും 3% പേർ വികലാംഗരും ആയിരിക്കണം. പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരും ഗുണഭോക്താക്കളിൽ ഉണ്ടായിരിക്കേണ്ടതാണ്.

### 6. ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

- നഗരപ്രദേശങ്ങളിൽ ജനങ്ങളുടെ കൂട്ടായ്മ ഉണ്ടാക്കുക. അയൽകൂട്ടങ്ങളും, അയൽകൂട്ട കമ്മിറ്റികളും, കമ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളും ഉണ്ടാക്കുക.
- വിഭവങ്ങളുടെ ലഭ്യത മനസ്സിലാക്കുക.
- തൊഴിൽ സാധ്യതകൾ മനസ്സിലാക്കുക
- വെയ്ജ് എംപ്ലോയിമെന്റിന് വേണ്ടിയുള്ളവർക്ക് തൊഴിലുടമകളെ പരിചയപ്പെടുത്തി കൊടുക്കുന്നതിനൊപ്പം തൊഴിൽ പരിശീലനവും നൽകുക.
- സ്വയം തൊഴിൽ തുടങ്ങുന്നവർക്ക് ബിസിനസ്സ് അവസരങ്ങളും സംരംഭവികസന പരിശീലനവും, തൊഴിൽ പരിശീലനവും നൽകുക. വിപണിയുമായി ബന്ധപ്പെടുത്തി

കൊടുക്കുക. ഉപദേശങ്ങളും സഹായങ്ങളും ചെയ്യുക. ബിസിനസ്സ് പ്ലാൻ തയ്യാറാക്കി കൊടുക്കുക തുടങ്ങിയവ ഈ പദ്ധതിയിലൂടെ ലഭിക്കുന്നു.

7. **നിർവഹണ സംവിധാനങ്ങൾ**

ഓരോ നഗര സഭകളിലും/മുൻസിപ്പാലിറ്റികളിലും എക്സിക്യൂട്ടിവ് ഓഫിസർ അല്ലെങ്കിൽ കമ്മിഷണറുടേയോ കീഴിൽ ഒരു ടൗൺ അർബൻ പോവർട്ടി അലീവിയേഷൻ സെൽ രൂപികരിക്കും. ജില്ലകളിൽ ഡിസ്ട്രിക്ട് അർബൻ ഡെവല്പ്പ്മെന്റ് ഏജൻസിയും , സംസ്ഥാനത്ത് കുംടുബശ്രീയും മേൽനോട്ടം വഹിക്കും.

8. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്:**

ഇവയെല്ലാം തന്നെ നഗരസഭകളുടെ പദ്ധതിയുടെ ഭാഗമാക്കാം. കുടുംബശ്രീയുടെ കർമ്മ പദ്ധതികൾക്കും നഗരസഭകളുടെ മറ്റ് സ്വയം തൊഴിൽ പദ്ധതികൾക്കും വേണ്ട ഗുണഭോക്താക്കളെ വാർഡ് സഭവഴി തെരഞ്ഞെടുക്കുക. മറ്റ് ഡിപ്പാർട്ട്മെന്റുകൾ ഏജൻസികൾ എന്നിവയ്ക്കും ഇതേ ലിസ്റ്റ് ഉപയോഗപ്പെടുത്തുക.

നഗരപ്രദേശങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങളെ ഏകോപിപ്പിച്ച് എല്ലാവരെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുക.

9. **പദ്ധതി സംയോജന സാദ്ധ്യതകൾ**

താഴെ പറയുന്ന വിവിധ സ്കീമുകളുമായി ബന്ധപ്പെടുത്തി ഇത് നടപ്പാക്കാവുന്നതാണ്.

- ജവഹർ ലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (JNNURM)
- പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയിമെന്റ് ജനറേഷൻ പ്രോഗ്രാം. (PMEGP)
- ആം ആദ്മി ബിമ യോജന (AABY)
- രാഷ്ട്രീയ സ്വസ്ത്യ ബീമ യോജന (RSBY)
- നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM)
- സർവ്വ ശിക്ഷ അഭിയാൻ (SSA)
- മിഡ് –ഡെ മീൽസ് സ്കീം (MMS)
- ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്പ്മെന്റ് സ്കീം.(ICDS)
- ജനനി സുരക്ഷ യോജന (JSS)
- നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം (NSAP)
- സ്കിൽ ഡെവലപ്പ്മെന്റ് ഇനീഷിയേറ്റീവ് സ്കീം (SDIS)
- മോഡുലാർ എംപ്ലോയബിൾ സ്കിൽസ് (MES)

10. **മറ്റ് സംയോജന സാദ്ധ്യതകൾ:**

- NABARD/SIDBI എന്നിവ നടത്തുന്ന EDPകൾ
- ദേശിയ കൃഷി വികസന ഡിപ്പാർട്ട്മെന്റ് നടത്തുന്ന Food processin EDPകൾ
- കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയം നടത്തുന്ന 'Technical EDP'
- സംസ്ഥാന സർക്കാർ നടത്തുന്ന EDPകൾ

ഈ പദ്ധതികളെല്ലാം തന്നെ നഗര സഭയുടെ വിവിധ മേഖല പ്രൊജക്ടുകളും, സ്വയംതൊഴിൽ പ്രൊജക്ടുകളും, പരിശീലന പ്രൊജക്ടുകളുമായി ബന്ധപ്പെടുത്താം. കൂടാതെ മറ്റ്

ഡിപ്പാർട്ട്മെന്റ്/ഏജൻസികളുടെ പദ്ധതികളും പദ്ധതി രേഖയിൽ വിശദീകരിക്കാവുന്നതും വിടവുകൾ രണ്ട് പേർക്കും നികത്താവുന്നതും, പ്രവർത്തികൾ ജനകീയ ചർച്ചയ്ക്കും മോണിറ്ററിങ്ങിനും വിധേയമാക്കേണ്ടതുമാണ്.

# കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്(നാളികേരവികസന ബോർഡ്)

കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ നാളികേര ഉത്പാദനത്തിന്റേയും ഉപയോഗത്തിന്റേയും സമഗ്ര വികസനത്തിനു വേണ്ടി 1981 ജനുവരി 12 ന് കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് നിലവിൽ വന്നു.

## പദ്ധതിയുടെ പേര് : നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും

ഗുണമേൻമയുള്ള വിത്തിന്റേയും, നടീൽ വസ്തുക്കളുടേയും ഉത്പാദനവും വിതരണവും വർദ്ധിപ്പിക്കുക എന്ന ഉദ്ദ്യേശത്തോടു കൂടി നിലവിൽ വന്ന പദ്ധതിയാണിത്. ഇതിന് പ്രധാനമായും അഞ്ച് ഘടകങ്ങൾ ഉണ്ട്.

1 7 വിത്തുൽപ്പാദന പ്രദർശന കൃഷിസ്ഥങ്ങൾ സ്ഥാപിക്കുക (ഡെമോൺട്രേഷൻ കം സീഡ് പ്രൊഡക്ഷൻ ഫാം DSP)

ഗുണമേൻമയുള്ള വിത്തിനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ 240 ഹെക്ടർ വിസ്തൃതിയുള്ള ഫാമുകൾ നിർമ്മിക്കുക. ശാസ്ത്രീയ രീതിയിലുള്ള തെങ്ങു കൃഷിയുടെ പ്രദർശന ശാലകൾ കൂടിയാണ് ഈ ഫാമുകൾ.

2 DSP ഫാമിനോട് ചേർന്ന് നാളികേര നഴ്സറി സ്ഥാപിക്കുക

ഓരോ പ്രദേശത്തിനും അനുയോജ്യമായ വ്യത്യസ്ത ഇനങ്ങളുടെ ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ കർഷകർക്ക് ന്യായവിലയിൽ ലഭ്യമാക്കുക.

3 രജിസ്ട്രേഡ്/ പ്രൈവറ്റ്/ അംഗീകാരം ലഭിച്ച നാളികേര നഴ്സറികൾക്കുള്ള സഹായം

ധനസഹായം: ഉത്പാദന ചെലവിന്റെ 25%, അല്ലെങ്കിൽ 2 ലക്ഷം രൂപ, ഏതാണോ കുറവ് അത്. ഒരു വർഷത്തിൽ 25 സെന്റിൽ നിന്ന് 6250 തൈകൾ ഉത്പാദിപ്പിക്കുന്നതിന് ലഭിയ്ക്കുന്ന 50,000 രൂപയാണ് ഏറ്റവും കുറഞ്ഞ ധനസഹായം. കൂടിയ ധനസഹായം ഒരേക്കറിൽ നിന്ന് 25,000 തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിന് ലഭിക്കുന്ന 2 ലക്ഷം രൂപയാണ്.

4 റീജിയണൽ കോക്കനട്ട് നഴ്സറി

സ്റ്റേറ്റ് ഗവൺമെന്റിന്റെ കോക്കനട്ട് നഴ്സറി പദ്ധതിയെ പരിപോഷിപ്പിക്കുന്നതിന് വേണ്ടിയാണിത്. പരമ്പരാഗത മേഖലയല്ലാത്ത സ്ഥലങ്ങളിൽ റീജിയണൽ കോക്കനട്ട് നഴ്സറിക്കു വേണ്ടിയുള്ള ഉയർന്ന ധനസഹായം ഉത്പാദന ചെലവിന്റെ 50% ആണ്.

5 ന്യൂക്ലിയർ സീഡ് ഗാർഡൻ സ്ഥാപിക്കുക

പ്രൈവറ്റ്/ രജിസ്ട്രേഡ്/ കോപ്പറേറ്റീവ് സൊസൈറ്റി ആയിട്ടോ, കർഷക കൂട്ടായ്മയായിട്ടോ രജിസ്റ്റർ ചെയ്തവർക്കുള്ള സഹായം.ഏറ്റവും കൂടിയത് : 6 ലക്ഷം രൂപ ധനസഹായമായി ലഭിയ്ക്കും. മൂന്ന് വർഷമാണ് ഇതിന്റെ കാലാവധി. ആദ്യത്തെ വർഷം 3 ലക്ഷവും, രണ്ടും മൂന്നും വർഷങ്ങളിൽ 1.5 ലക്ഷം വീതവും ആണ് ലഭിയ്ക്കുക. സ്ഥലത്തിന്റെ വിസ്തീർണം (4 ഹെക്ടറിൽ കുറവ്) അല്ലെങ്കിൽ സീഡ് ഗാർഡൻ തുടങ്ങാനാവശ്യമായ പദ്ധതി ചെലവിന്റെ 25% ആണ് ധനസഹായത്തിനായി പരിഗണിക്കപ്പെടുന്നത്.

## പദ്ധതിയുടെ പേര് : ഉത്പാതദനക്ഷത വർദ്ധിപ്പിക്കുന്നതിന് വേണ്ടി സമഗ്രകൃഷി

ഓരോ കേര കർഷകന്റേയും നാളികേര ഉത്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രമായൊരു സമീപനമാണിത്. ഇതിൽ താഴെ പറയുന്ന പ്രോഗ്രാമുകൾ ഉൾപ്പെടുന്നു.

1. മാതൃകാ തോട്ടങ്ങളുടെ വികസനം

മാതൃകാ തോട്ടങ്ങളുടെ വികസനത്തിലൂടെ ഫലവത്തായ ഉത്പാദന രീതി സ്വീകരിക്കുവാനും, കർഷകർക്ക് കൂടുതൽ പ്രചേദനം നൽകുവാനും ഇത് ലക്ഷ്യമിടുന്നു.

അസുഖം ബാധിച്ച ചെടികൾക്ക് വേണ്ട പരിചരണങ്ങൾ ചെയ്ത് രോഗവിമുക്തമാക്കുന്നവക്ക് രണ്ട് തവണകളിലായി ഒരു ഹെക്ടറിന് 35,000 രൂപ ലഭിയ്ക്കും. അസുഖം ബാധിച്ച ചെടികളിൽ പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

2. സമഗ്രകൃഷിയിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ക്ലസ്റ്റർ സമീപനം.

അനുയോജ്യമായ നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഓരോ കർഷകന്റേയും കൃഷിയും , ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് ഈ പരിപാടി കൊണ്ട് ഉദ്ദ്യേശിക്കുന്നത്. ഇതിനായി കർഷകരുടെ കൂട്ടായ്മ ഉണ്ടാക്കുകയും എല്ലാവരുടേയും പങ്കാളിത്തത്തോടു കൂടി തുടർ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ് ചെയ്യുന്നത്.25 മുതൽ 50 ഹെക്ടവരെ സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

3. ജൈവ വള യൂണിറ്റുകൾക്കുള്ള സഹായം

ജൈവവളങ്ങളായ മണ്ണിര കംപോസ്റ്റ്, ചകിരി ചോറ് കംപോസ്റ്റ്, മറ്റു കംപോസ്റ്റുകൾ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഒരു ജൈവവള യൂണിറ്റ് നിർമ്മിക്കുന്നതിനായി 20,000 രൂപ അല്ലെങ്കിൽ നിർമ്മാണ ചെലവിന്റെ 50% ലഭിയ്ക്കും.

## പദ്ധതിയുടെ പേര് : വിപണി വർദ്ധിപ്പിക്കൽ

- വിപണിയെ കുറിച്ചുള്ള വിവരങ്ങൾ

- ഉത്പാദന പ്രക്രിയയുടെ ആധുനീക വത്കരണം- കൊപ്ര ഡ്രൈയറും മറ്റ് യന്ത്രങ്ങളും വാങ്ങുന്നതിന് വേണ്ടി ഉപകരണങ്ങളുടെ ചെലവിന്റെ 25% അല്ലെങ്കിൽ 10,000 രൂപ ഏതാണോ കുറവ് അത്.

## പദ്ധതിയുടെ പേര് : തെങ്ങിന് ഇൻഷൂറൻസ് പദ്ധതി

**ലക്ഷ്യങ്ങൾ**

- പ്രകൃതിദത്തമായോ മറ്റ് പ്രശ്നങ്ങനങ്ങളാലോ തെങ്ങ് നഷ്ടപെടാൻ ഇടയായാൽ കർഷകരെ സഹായിക്കുക.
- പെട്ടന്ന് തെങ്ങ് നഷ്ടപ്പെടുന്നതു മൂലം ഉണ്ടാകുന്ന വരുമാന കുറവിൽ നിന്ന് കർഷകരെ രക്ഷിക്കുക.
  - തെങ്ങിന്റെ പുനർനടീൽ വഴിയും, പുനർജ്ജീവിപ്പിക്കുന്നതു വഴിയും വരുമാനദായകമാക്കുക.

**ഗുണഭോക്താക്കൾ**

ഏറ്റവും കുറഞ്ഞത് 10 തെങ്ങെങ്കിലും ഉള്ള കർഷകൻ/ കർഷകർ. Dwarf, Hybrid തരം തെങ്ങുകൾക്ക് 4-60 വർഷവും Tall തരങ്ങൾക്ക് 7-60 വർഷവും പ്രായമുണ്ടായാൽ മാത്രമെ ഈ പദ്ധതിയിലേക്ക് പരിഗണിക്കപ്പെടുകയുള്ളു.

**പ്രീമിയം**

| തെങ്ങിന്റെ വയസ്സ് | അടയ്ക്കേണ്ട തുക (തെങ്ങ്/ വർഷം) | ഒരു തെങ്ങിന് കിട്ടുന്ന തുക |
|---|---|---|
| 4–15 | 4.69 | 600 |
| 16–60 | 6.35 | 1150 |

**പ്രീമിയം സബ്സിഡി**

കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് : 50%

സംസഥാന സർക്കാർ : 25%

ഗുണഭോക്താവ് : 25%

## പദ്ധതിയുടെ പേര് : ടെക്നോളജി മിഷന്റെ കീഴിലുള്ള ധനസഹായം

പദ്ധതി തുകയുടെ 25%, ഏറ്റവും കൂടിയത് 50 ലക്ഷ ം രൂപ.

**ഗുണഭോക്താക്കൾ**

തെങ്ങുകൃഷിയുമായി ബന്ധമുള്ള പുതിയ യൂണിറ്റുകൾ സ്ഥാപിക്കാനും, നിലവിലുള്ള യൂണിറ്റ് ആധുനികവത്കരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും ടെക്നോളജി മിഷനിൽ അപേക്ഷിക്കാം.ഈ

പദ്ധതികൾ ബാങ്കിൽ കൂടിയാണ് സമർപ്പിക്കേണ്ടത്. ഏറ്റവും ചുരുങ്ങിയത് പദ്ധതി തുകയുടെ 40% ലോണായിരിക്കണം. വിപണനത്തിനായും ധനസഹായം ലഭിയ്ക്കുന്നു.

വിപണന മേളകളിൽ പങ്കെടുക്കാനും സൂപ്പർമാർക്കറ്റുകളിൽ പ്രദർശനത്തിനായി സ്ഥലം വാടകയ്ക്കെടുക്കാനുമൊക്കെയായി ആകെ പദ്ധതി തുകയുടെ 50% ഏറ്റവും കൂടിയത് 10 ലക്ഷം രൂപ ഒരു വ്യക്തിയ്ക്കും, 25 ലക്ഷം വരെ സഹകരണസ്ഥാപനങ്ങൾക്കും കൊടുക്കുന്നു

## പദ്ധതിയുടെ പേര് : ഇന്ത്യയുടെ പരമ്പരാഗത മേഖലകളിൽ 'തെങ്ങിൻ തോപ്പ്' (Coconut Garden) പുനർനടീലും പുനർജ്ജീവിപ്പിക്കലും

ഉത്പാദനക്ഷമതയില്ലാത്തതും പഴയതും അസുഖം ബാധിച്ചതുമായ ചെടികൾ വെട്ടിമാറ്റി പകരം ഉത്പാദനക്ഷമത കൂടിയ ചെടികൾ വയ്ക്കാനും, നിലവിലുള്ള ഗാർഡൻ പുനർജ്ജീവിപ്പിക്കാനുമുള്ള പദ്ധതിയാണിത്. ഇതിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ താഴെ പറയുന്നവയാണ്.

പഴയ ചെടികൾ വെട്ടിമാറ്റി പുതിയവ സ്ഥാപിക്കൽ - ഒരു ഹെക്ടറിൽ 32 തെങ്ങിനാണ് ഈ സഹായം ലഭിയ്ക്കുന്നത്. ആദ്യത്തെ 20 തെങ്ങുകൾക്ക് 500 രൂപ വച്ചും, ബാക്കി 12 തെങ്ങുകൾക്ക് 250 രൂപ വീതവുമാണ് നൽകുന്നത്.

നിലവിലുള്ള തോട്ടം പുനർജ്ജീവിപ്പിക്കൽ : ഒരു ഹെക്ടറിന് 2 വർഷത്തേക്ക് 15,000 രൂപ.

പുനർനടീലി നുള്ള സഹായം: ഓരോ തൈയ്ക്കും 20 രൂപ വെച്ച്

**നിർവ്വഹണ സ്ഥാപനം : കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്, കൊച്ചി**

## റബ്ബർ ബോർഡ് പദ്ധതികൾ

രാജ്യത്തെ റബ്ബർ വ്യവസായത്തിന്റെ വ്യാപനത്തിനും വികസനത്തിനുമായി റബ്ബർ ആക്ട് 1947 അനുസരിച്ച് ഇൻഡ്യ ഗവൺമെന്റ് രൂപം കൊടുത്ത സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് റബ്ബർ ബോർഡ്. റബ്ബർ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

## A. പദ്ധതിയുടെ പേര് :ടാപ്പിംഗ് പരിശീലന പദ്ധതികൾ

1. **ആമുഖം.**

ടാപ്പിംഗ് പരിശീലന പദ്ധതിയുടെ ഭാഗമായി ടാപ്പിംഗ് പ്രദർശനം, ടാപ്പിംഗ് പരിശീലന കേന്ദ്രം, കൂടുതൽ ഗാഢവും വിപുലവുമായ ടാപ്പിങ്ങ് പരിശീലനം കുറഞ്ഞ കാലയളവിൽ, സമഗ്രമായ ടാപ്പിംഗ് പരിശീലനം, ടാപ്പേഴ്സ് ബാങ്ക് എന്നീ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

### a. ടാപ്പിംഗ് പ്രദർശനം

ഓരോ തോട്ടത്തിലും എത്തി ബന്ധപ്പെട്ട ആളുകൾക്ക് 'ടാപ്പിംഗ്', റെയിൻ ഗാർഡിങ്ങ്, റബ്ബർ ഷീറ്റ് ഉണ്ടാക്കുന്ന വിധം തുടങ്ങിയവയൊക്കെ റബ്ബർ ബോർഡിൽ നിന്നുള്ള ഉദ്യോഗസ്ഥർ കാണിച്ചു കൊടുക്കുന്നു. ഇവരുടെ സേവനം തികച്ചും സൗജന്യമാണ്.

### b ടാപ്പിംഗ് പരിശീലന കേന്ദ്രം

വിദഗ്ദമായ റബ്ബർ ടാപ്പിംഗ് ഉത്പാദനം വർദ്ധിപ്പിക്കുവാനും, റബ്ബർ തോട്ടത്തിന്റെ ജീവിത കാലയളവ് വർദ്ധിപ്പിക്കുവാനും സഹായിക്കും. ഇതിനുള്ള 30 ദിവസത്തെ വിദഗ്ദ പരിശീലനം റബ്ബർ ബോർഡിന്റെ റീജിയണൽ ഓഫീസിനോട് ചേർന്നുള്ള ടാപ്പിംഗ് പരിശീലന കേന്ദ്രത്തിൽ നിന്ന് ലഭിയ്ക്കും. 75 രൂപ പരിശീലനാർത്ഥിക്ക് സറ്റൈഫന്റ് ആയി ലഭിയ്ക്കും.

### c കൂടുതൽ ഗാഢവും വിപുലവുമായ ടാപ്പിങ്ങ് പരിശീലനം കുറഞ്ഞ കാലയളവിൽ.

ടാപ്പിങ്ങിന്റെ വിദഗ്ദ രീതികളെ കുറിച്ചുള്ള എട്ട് ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം റബ്ബർ ബോർഡ് നടത്തികൊടുക്കുന്നു. തോട്ടം ഉടമയ്ക്കോ, ആശ്രിതർക്കോ ഇതിൽ പങ്കെടുക്കാം. 75 രൂപയാണ് പരിശീലനാർത്ഥിക്ക് സറ്റൈഫന്റ് ആയി നൽകുന്നത്. വിജയിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

### d സമഗ്രമായ ടാപ്പിംഗ് പരിശീലനം

കേരളത്തിൽ വിദഗ്ദരായ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിന് പുറത്തുള്ള യുവാക്കളെ ടാപ്പിംഗ് പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി 2010-11 ലാണ് ആരംഭിച്ചത്.

### e ടാപ്പേഴ്സ് ബാങ്ക്

റബ്ബർ ടാപ്പിംഗിന് സാമൂഹിക അംഗീകാരം, ആകർഷകമായ ശമ്പളം, ജോലി, സ്ഥിരത, തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്താനാണ് 'റബ്ബർ ടാപ്പേഴ്സ് ബാങ്ക്' രൂപീകരിച്ചത്. വിദഗ്തരായ തൊഴിലാളികളെ ഈ മേഖലയിൽ തന്നെ നിലനിർത്താനും മറ്റുള്ളവരെ ഇതിലേക്ക് ആകർഷിപ്പിക്കുവാനും ഈ പദ്ധതി വഴി ലക്ഷ്യമിടുന്നു.

## B. പദ്ധതിയുടെ പേര് :ബാങ്ക് ലോൺ

ബോർഡിന്റെ ധനസഹായം ലഭിയ്ക്കുന്നതിനായി ഗുണഭോക്തൃവിഹിതം എടുക്കേണ്ടിവരുമ്പോൾ ഗുണഭോക്താവിന്റെ കൈയ്യിൽ പണം ഇല്ലാത്ത അവസ്ഥയിലാണെങ്കിൽ ഈ ആവശ്യത്തിനായും, തോട്ടം നടത്തിപ്പിനായും ഗുണഭോക്താവിന് ദീർഘകാല ലോണിനായും നബാർഡിനെ സമീപിക്കാവുന്നതാണ്. ഒരു ഹെക്ടറിന് നബാർഡും, റബ്ബർ ബോർഡും നിശ്ചയിക്കുന്ന തുകയ്ക്ക് തുല്ല്യമായ തുകയാണ് ലോണായി ഏറ്റവും കൂടിയത് ഒരു ഗുണഭോക്താവിന് ലഭിക്കുക.

## C. പദ്ധതിയുടെ പേര് : ഏറ്റവും നല്ല റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റിക്കുള്ള അവാർഡ്:

രണ്ട് വർഷത്തിലൊരിക്കലാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റിക്ക് 'സുവർണ സംഗമം അവാർഡ്' നൽകുന്നത്. 1997ലാണ് ഇത് തുടങ്ങിയത്. 2 ലക്ഷം രൂപയാണ് അവാർഡ് തുക. കൂടുതൽ നന്നായി പ്രവർത്തിക്കാൻ പ്രചോദനം നൽകുക എന്നതാണ് ഈ അവാർഡിന്റെ ലക്ഷ്യം.

## D. പദ്ധതിയുടെ പേര് :ഏറ്റവും നല്ല കർഷകനുള്ള സി.എം ചാണ്ടി അവാർഡ്

ഇന്ത്യയിലെ ഏറ്റവും നല്ല റബ്ബർ കർഷകർക്കുള്ള അവാർഡ് രണ്ട് വർഷത്തിലൊരിക്കലാണ് നൽകുന്നത്. 2 ലക്ഷം രൂപയാണ് സമ്മാന തുക.

### E. പദ്ധതിയുടെ പേര് :ഗോത്ര വികസനം

കേരള സംസ്ഥാനത്ത് ഗോത്ര വികസനത്തിനായി ഉയർന്ന സാങ്കേതിക വിദ്യയിലൂടെ വികസിപ്പിച്ചെടുത്ത റബ്ബർ തൈകൾ ഗോത്ര വർഗ്ഗക്കാരുടെ സഹായത്തോടെ അവരുടെ കൈവശം ഉള്ള സ്ഥലങ്ങളിൽ നട്ട് റബ്ബർ കൃഷി വ്യാപിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. തോട്ടം പണികൾക്ക് മേൽനോട്ടം വഹിയ്ക്കുന്നത് റബ്ബർ ബോർഡും, പണികൾ ചെയ്യുന്നത് ഗോത്ര വർഗ്ഗക്കാരുമായിരിക്കും. അവരുടെ പണി കൂലിക്കായിട്ടാണ് പരിഗണിക്കുന്നത്. കേരളത്തിലെ ട്രൈബൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ചിലവിന്റെ ഒരു പങ്ക് വഹിക്കും.

### F. പദ്ധതിയുടെ പേര് :സ്ത്രീ ശാക്തീകരണത്തിനായുള്ള പദ്ധതി

കുറച്ച് സ്ഥലം കൈവശമുള്ള സ്ത്രീകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സ്ത്രീകളുടെ പങ്കാളിത്തം റബ്ബർ കൃഷിയിൽ ഉറപ്പാക്കി അവർക്ക് കൂടുതൽ ഗുണങ്ങൾ ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി 'പ്രൊജക്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി' കളിലൂടെയാണ് നടപ്പിലാക്കുന്നത്. പരിശീലനപരിപാടികൾ, സ്ത്രീകളുടെ കൂട്ടായ്മ വരുമാനദായക പ്രവൃത്തികൾ, ആരോഗ്യ പരിപാടികൾ എന്നീ പ്രവർത്തനങ്ങളിൽ കൂടി സ്ത്രീകളെ കൂടുതൽ സമുന്നദ്ധരാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

### G. പദ്ധതിയുടെ പേര് :വില സ്ഥിരതാ ഫണ്ട്

റബ്ബറിന്റെ വില ക്രമാതീതമായി താഴ്ന്ന് പോകുമ്പോൾ റബ്ബർ കർഷകർക്ക് വേണ്ട പിൻതുണ നൽകാനാണ് വില സ്ഥിരതാ ഫണ്ട് നബാർഡിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്നത്. 500 കോടിയാണ് ഈ ഫണ്ടിലുള്ളത്. ഇതിന്റെ 482.88 കോടി രൂപ കേന്ദ്രസർക്കാറും 17.12 കോടി രൂപ റബ്ബർ കർഷകരുമാണ് സംഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ പലിശയാണ് അടിയന്തിര ഘട്ടത്തിൽ റബ്ബർ കർഷകർക്ക് നൽകുന്നത്. റബ്ബർ വിലയ്ക്ക് അനുസരിച്ച് കർഷകരും സംഭാവന ചെയ്യണം. 7വർഷത്തെ അന്താരാഷ്ട്ര വിലയുടെ അടിസ്ഥാനത്തിൽ ഒരു ബാന്റ് നിശ്ചയിച്ചിട്ടുണ്ട്. ഈ വിലയുടെ 20%ത്തിൽ താഴെ റബ്ബർവില വരുമ്പോൾ കർഷകർക്ക് ഈ ഫണ്ടിൽ നിന്ന് നിശ്ചിത തുക ലഭിയ്ക്കും. വില 20% മുകളിലാകുമ്പോൾ കർഷകർ സംഭാവന ഫണ്ടിലേക്ക് അടയ്ക്കണം.

2. **നിർവഹണസ്ഥാപനം: റബ്ബർ ബോഡ്**

# സ്പൈസസ് ബോർഡ്

സ്പൈസസ് ബോർഡ് ആക്റ്റ് 1986 അനുസരിച്ച് 1986 ഫെബ്രുവരി 26 ന് സ്പൈസസ് ബോർഡ് നിലവിൽ വന്നു. ഇൻഡ്യൻ സുഗന്ധവ്യഞ്ജനങ്ങളെ ലോകത്താകെ പ്രചരിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദ്യേശം. താഴെ പറയുന്ന പദ്ധതികൾ സ്പൈസസ് ബോർഡ് നടപ്പിലാക്കുന്നുണ്ട്.

## . സംസ്ഥാന ഹോർട്ടി കൾച്ചർ മിഷന്റെ സഹകരണത്തോടെ കേരളത്തിലെ ഇടുക്കി ജില്ലയിൽ കുരുമുളകിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.(Project on Improving Production and Productivity of Pepper in Idukki District of Kerala assisted under NHM)

**1. ആമുഖം:**

കറുത്ത സ്വർണ്ണം, അല്ലെങ്കിൽ 'സുഗന്ധവ്യഞ്ജനങ്ങളുടെ രാജാവ്' എന്നറിയപ്പെടുന്ന കുരുമുളക് കേരളത്തിൽ പ്രധാനമായും ഇടുക്കി, വയനാട് ജില്ലകളിലാണ് ഉത്പാദിപ്പിക്കപ്പെടുന്നത് . രാജ്യത്തെ ആകെ ഉത്പാദനത്തിന്റെ 80-90 ശതമാനവും ഉത്പാദിപ്പിക്കുന്നത് കേരളത്തിലാണ്. 2002ൽ 80,000 ടൺ ഉത്പാദിപ്പിച്ച സ്ഥാനത്ത് 2007ൽ 50,000 ടൺ മാത്രമാണ് ഉത്പാദിപ്പിച്ചത്. ഇടുക്കിയിലാണെങ്കിൽ 2003-2004 ൽ 68,595 ഹെക്ടറിൽ നിന്ന് 36,417 ടൺ ആയിരുന്നു ഉത്പാദനം. 2007 -2008 ആയപ്പോൾ 65,333 ഹെക്ടറിൽ നിന്ന് 23,311 ടൺ ആണ് ഉത്പാദനം. അതിനാൽ കുരുമുളകിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനാണ് ഈ പദ്ധതി രൂപം കൊടുത്തിരിക്കുന്നത്.

**2. ഫണ്ട്**

ആകെ ഈ പദ്ധതിക്കായി 230.58 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിൽ 120 കോടി രൂപ നാഷണൽ ഹോർട്ടി കൾച്ചർ മിഷൻ ധനസഹായം നൽകും. ഇതിന്റെ വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| | പ്രവർത്തനങ്ങൾ | എണ്ണം (ഒരു ഹെക്ടർ) | ആകെ ചെലവ് കോടി , 5 വർഷം | NHM സഹായം 5 വർഷം | തുക (കോടിയിൽ) |
|---|---|---|---|---|---|
| 1 | ചെറിയ നഴ്സറികൾ സ്ഥാപിക്കുക | 300 എണ്ണം | 9.00 | 50% | 4.50 |
| 2 | കാലഹരണപ്പെട്ട ചെടികൾ പുനഃസ്ഥാപിക്കുക | 60000 ഹെക്ടർ | 180 | 50% | 90.00 |
| 3 | ജൈവ കൃഷി രീതി വർദ്ധിപ്പിക്കുക<br>മണ്ണിര കംപോസ്റ്റ് യൂണിറ്റ് നിർമ്മിക്കുക | 3680 | 22.08 | 50% | 11.00 |
| 4 | സമഗ്ര കീട നിയന്ത്രണ | 50,000 ഹെക്ടർ | 10.00 | 50% | 5.00 |

| | | | | | |
|---|---|---|---|---|---|
| | പരിപാടി | | | | |
| 5 | മനുഷ്യവിഭവ വികസനം | 25,000 വ്യക്തികൾ | 1.00 | 100% | 1.00 |
| 6 | ഫങ്ഷണൽ ഇൻഫ്രാസ്ട്രക്ചർ, കുരുമുളക് ശേഖരണം, തരംതിരിക്കൽ | 3 യൂണിറ്റ് | 2.50 | 100% | 2.50 |
| 7 | നിർവ്വഹണ ചെലവ് | - | 6.00 | 100% | 6.00 |
| | ആകെ | | 230.58 | | 120.00 |

**നിർവ്വഹണ സ്ഥാപനം** : സ്പൈസസ് ബോർഡ്, കൊച്ചിൻ

**3. ലക്ഷ്യം:**

2009-2014 കാലഘട്ടത്തിൽ ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക

**4. ഗുണഭോക്താക്കൾ:**

**a. ചെറിയ നഴ്സറികൾ സ്ഥാപിക്കുക**

പ്ലാസ്റ്റിക് കവറിലാക്കിയ വേരോടു കൂടിയ തണ്ടുകൾ 5000 എണ്ണം ഉള്ള കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇത്തരത്തിൽ കവറിലാക്കിയ ഒരു തണ്ടിന് 75 പൈസ സബ്സിഡി ലഭിയ്ക്കും.

**b. കാലഹരണപ്പെട്ട ചെടികളുടെ പുനർജ്ജീവിപ്പിക്കൽ/ പുനഃസ്ഥാപിക്കൽ**

ഏറ്റവും കുറഞ്ഞത് 100 ചെടികളും ഏറ്റവും കൂടിയത് 1080 ചെടിയും (ഒരു ചുവടിൽ 2 എണ്ണം വീതം) ഉള്ളവർക്ക് ഇതിൽ അംഗങ്ങളാകാം. ഒരു ഹെക്ടറിന് ഏറ്റവും കൂടിയത് 15,000 രൂപയാണ് സബ്സിഡിയായി ലഭിയ്ക്കുക. ഒരു ചെടിയ്ക്ക് 28 രൂപയാണ് ലഭിയ്ക്കുന്നത്. നടുന്ന വർഷത്തിൽ 16 രൂപയും അടുത്ത വർഷത്തിൽ 12 രൂപയും എന്ന നിരക്കിൽ രണ്ട് തവണകളായിട്ടാണ് സബ്സിഡി ലഭിയ്ക്കുക. കുരുമുളക് കർഷകർ സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ ധനസഹായം ലഭിക്കുന്നതിനു വേണ്ടി ഹാജരാക്കണം.

**c. ജൈവ കൃഷിരീതി വർദ്ധിപ്പിക്കുക- മണ്ണിര കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുക.**

2.70 മീറ്റർ നീളവും .90 മീറ്റർ വീതിയും .90 മീറ്റർ പൊക്കവുമുള്ള ടാങ്കാണ് നിർമ്മിക്കേണ്ടത്. ഒരു ടാങ്കിന് 6000 രൂപയാണ് ആകെ ചെലവ് വരുന്നത്. ഇതിന്റെ 50% (3000 രൂപ) സബ്സിഡിയായി ലഭിയ്ക്കും.

**d. അസുഖം/ കീടനിയന്ത്രണ പദ്ധതികൾ വർദ്ധിപ്പിക്കുക(Integrated Pest/disease Management-IPM)**

അസുഖം/ കീടനിയന്ത്രണത്തിനായി ഏറ്റവും കുറഞ്ഞത് 10 എണ്ണവും ഏറ്റവും കൂടിയത് 2160 എണ്ണവും ഉള്ള ഗുണഭോക്താക്കൾക്കാണ് പദ്ധതി വിഹിതം ലഭിയ്ക്കുന്നത്. വർഷത്തിലൊരിക്കൽ വച്ച് 3 വർഷത്തേക്കാണ് ഈ വിഹിതം ലഭിയ്ക്കുന്നത്. സബ്സിഡി നിരക്ക് IPM കിറ്റിന്റെ 50% അല്ലെങ്കിൽ 1000–4000 രൂപ.540 ചെടികൾ വരെയുള്ളവർക്ക് 1000 രൂപ.

**e. മനുഷ്യവിഭവ വികസനം**

- ടെക്നോളജി ഗ്യാപ്പ് ബ്രിഡ്ജിങ്ങ് ഗ്രൂപ്പ് - 2 ദിവസം, സറ്റൈഫന്റ് - 100 രൂപ വീതം
- മാസ്റ്റർ ട്രെയിനിംഗ് പ്രോഗ്രാം(ഇടുക്കി ജില്ലയിൽ സ്പൈസസ് ബോർഡിലും, കൃഷി വകുപ്പിലും ജോലിചെയ്യുന്ന എല്ലാ സ്റ്റാഫിനും) - 3 ദിവസം
- കർഷകർക്കുള്ള ട്രെയിനിങ്ങ് -ജൈവകൃഷി രീതി ഉപയോഗിച്ചുള്ള ഉത്പാദനത്തിന്റെ പരിശീലനം.

**f. അടിസ്ഥാനസൗകര്യ വികസനം – കുരുമുളക് ശേഖരിയ്ക്കുന്നതിനും തരം തിരിക്കുന്നതിനുമായി**

100 % കെട്ടിടത്തിനും യന്ത്രസംവിധാനത്തിനും അല്ലെങ്കിൽ .83 കോടി ഏതാണോ കുറവ് അത് ലഭിയ്ക്കും. ഗുണഭോക്താവിന് ഏറ്റവും കുറഞ്ഞത് ഒരേക്കർ സ്ഥലം സ്വന്തമായിട്ടുണ്ടാകണം.

**5. പദ്ധതി പ്രദേശം** : ഇടുക്കി ജില്ല, കേരളം

## പദ്ധതിയുടെ പേര്: ഏലത്തോട്ടങ്ങൾ പുനർ നടീലിനും പുനർജ്ജീവിപ്പിക്കുന്നതിനുമുള്ള പ്രത്യേക ഫണ്ട്.

1. **ആമുഖം**

**ഏലത്തോട്ടങ്ങളുടെ പുനർനടീലിനും, പുനർജ്ജീവനത്തിനും, ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനമായി ആവിഷ്കരിച്ച പദ്ധതിയാണിത്.** കേരളം, കർണ്ണാടകം, തമിഴ്നാട്, സിക്കിം , പശ്ചിംബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

2. **ഫണ്ട്**

- **പുനർനടീൽ**

സബ്സിഡി രണ്ട് തവണകളായിട്ടാണ് നൽകുന്നത്.

| യോഗ്യത | സബ്സിഡി % | സബ്സിഡി (രൂപ/ ഹെക്ടർ) | | ആകെ സബ്സിഡി |
|---|---|---|---|---|
| 4 ഹെക്ടർ വരെ | 33% | 17,780 | 17,036 | 34,816 |

| | | | | |
|---|---|---|---|---|
| 4 ഹെക്ടർ മുതൽ 8 ഹെക്ടർ വരെ | 25% | 13,470 | 12,905 | 26,375 |

- **പുനർജ്ജീവനം**

നിലവിലുള്ള തോട്ടത്തിൽ ഉത്പാദനക്ഷമത കുറഞ്ഞ ചെടികൾ മാറ്റി ഉത്പാദനക്ഷമത കൂടിയ തൈകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. 4 ഹെക്ടർ വരെ സ്ഥലം സ്വന്തമായി ഉള്ള ഗുണഭോക്തക്കളാണ് ഇതിന്റെ പരിധയിൽ വരുന്നത്. 83% അല്ലെങ്കിൽ 13,300/ രൂപയാണ് സബ്സിഡിയായി ലഭിയ്ക്കുന്നത്. ഇതിൽ സബ്സിഡി ഒറ്റ തവണയായിട്ടാണ് ലഭിയ്ക്കുന്നത്.

- **നടീൽ വസ്തുക്കളുടെ ഉത്പാദനം**

ഉയർന്ന ഗുണമേൻമയുള്ളതും ആരോഗ്യമുള്ള നടീൽ വസ്തുക്കൾ സ്പൈസസ് ബോർഡിലെ വിദഗ്ദരുടെ സഹായത്തോടെ വികസിപ്പിച്ചെടുക്കുക. ഓരോ മുളയ്ക്കും 1.75 രൂപ ലഭിയ്ക്കും.

3. **നിർവ്വഹണ സ്ഥാപനം** :സ്പൈസസ് ബോർഡ്, കൊച്ചിൻ

4. **ലക്ഷ്യങ്ങൾ**

- ഏലത്തോട്ടങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി പഴയതും ഉത്പാദനക്ഷമത കുറഞ്ഞതുമായ ഏലത്തോട്ടങ്ങൾക്ക് പകരം പുതിയവ സ്ഥാപിക്കുക
- ബോർഡിന്റെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലൂടെ അംഗീകാരമുള്ള നഴ്സറികളിൽ നിന്ന് രോഗവിമുക്തമായതും, ആരോഗ്യമുള്ളതുമായ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക

5. **ഗുണഭോക്താക്കൾ**

ഏലതൈകൾ പുതുതായി നട്ടതോ, നിലവിലുള്ള തോട്ടത്തിൽ ഉത്പാദനക്ഷമത കുറഞ്ഞ ചെടികൾ മാറ്റി ഉത്പാദനക്ഷമത കൂടിയ തൈകൾ സ്ഥാപിച്ചതോ, നടീൽ വസ്തുക്കൾ വികസിപ്പിച്ചെടുത്തതോ ആയ കർഷകർ.

6. **ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

- ഏലതൈകൾ പുതുതായി നടുക
- തോട്ടത്തിൽ ഉത്പാദനക്ഷമത കുറഞ്ഞ ചെടികൾ വെട്ടിമാറ്റി ഉത്പാദനക്ഷമത കൂടിയ തൈകൾ സ്ഥാപിക്കുക

- ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ വികസിപ്പിച്ചെടുക്കുക

## പദ്ധതിയുടെ പേര്: കയറ്റുമതിയിൽ അധിഷ്ഠിതമായ ഉത്പാദനവും വിളവെടുപ്പിന് ശേഷം സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണം മെച്ചപ്പെടുത്തലും (Export Oriented Production & Post Harvest Improvement of Spices)

1. **ആമുഖം: സുഗന്ധവ്യ**ഞ്ജനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാനും വിളവെടുപ്പിനുശേഷം ഗുണം മെച്ചപ്പെടുത്താനുമുള്ള പദ്ധതിയാണിത്.
2. **ഫണ്ട്**

| ക്രമ നം. | പരിപാടി | പ്രവർത്തനം | യോഗ്യത | സഹായം |
|---|---|---|---|---|
| **A** | **ഏലം (ചെറുത്)** | | | |
| 1 | ജലസേചനവും ഭൂ വികസനവും (സബ്സിഡിയുടെ മുഴുവൻ തുകയും സ്പൈസസ് ബോർഡ് വിതരണം ചെയ്യുന്നതാണ്) | ജലസേചന ഉപകരണങ്ങളുടെ നിർമ്മാണം | 4 ഹെക്ടർ വരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 16000 രൂപ, ഏതാണോ കുറവ് അത്. |
| | | | 4 മുതൽ 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 16000 രൂപ, ഏതാണോ കുറവ് അത്. |
| | | ഐ.പി സെറ്റ് | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 5000 രൂപ, ഏതാണോ കുറവ് അത്. |
| | | സ്പ്രിൻഗ്ലർ | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 21,175 രൂപ, ഏതാണോ കുറവ് അത്. |
| | | ജലസേചനത്തിനായുള്ള ടാങ്ക് | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 1250 രൂപ, ഏതാണോ കുറവ് അത്. |
| | | ജലസേചനത്തിനായുള്ള പൈപ്പ് | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 1250 രൂപ, ഏതാണോ കുറവ് അത്. |
| | | മണ്ണ് പരിരക്ഷ<br>(5-15 % ചരിവ്) | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 7500 രൂപ, ഏതാണോ കുറവ് അത്. |

| | | | | |
|---|---|---|---|---|
| 2 | മഴവെള്ള സംഭരണം | മഴവെള്ള സംഭരണി സ്ഥാപിക്കുക | 8 ഹെക്ടർ വരെ | 200 ക്യുബിക് മീറ്റർ കപ്പാസിറ്റിയുള്ള ഉപകരണത്തിന് ആകെ ചെലവിന്റെ 33.33% അല്ലെങ്കിൽ 8000/രൂപ, ഏതാണോ കുറവ് അത്. |
| 3 | ഏലം സംരംക്ഷിക്കുന്ന ഉപകരണങ്ങൾ | ക്യുവറിങ്ങ് ഡിവൈസസ് സ്ഥാപിക്കുക | 8 ഹെക്ടർവരെ | ആകെ ചെലവിന്റെ 33.33% അല്ലെങ്കിൽ 60000/ രൂപ, വീതം ഓരോ മെഷീനും ഏതാണോ കുറവ് അത്. |
| B | **മറ്റുള്ള സുഗന്ധവ്യഞ്ജനങ്ങൾക്ക്** | | | |
| 1 | മുളക്- മഴവെള്ള സംഭരണം | മഴവെള്ള സംഭരണിയുടെ നിർമ്മാണം. | 8 ഹെക്ടർവരെ | 200 ക്യുബിക് മീറ്റർ കപ്പാസിറ്റിയുള്ള ഉപകരണത്തിന് ആകെ ചെലവിന്റെ 33.33% അല്ലെങ്കിൽ 8000/രൂപ, ഏതാണോ കുറവ് അത്. |
| 2 | ധാന്യം വേർത്തിരിയ്ക്കുന്ന യന്ത്രം | വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിയ്ക്കുന്ന മെതിയന്ത്രം | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 50,000/രൂപ, ഏതാണോ കുറവ് അത്. |
| | | മനുഷ്യശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെതിയന്ത്രം | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 15,000/രൂപ, ഏതാണോ കുറവ് അത്. |
| 3 | പെപ്പർ | കുരുമുളക് മെതിയന്ത്ര വിതരണം | 8 ഹെക്ടർവരെ | യന്ത്രത്തിന്റെ കപ്പാസിറ്റി അനുസരിച്ച് 7000 രൂപ നിരക്കിൽ |
| | | മുളകൊണ്ടുള്ള പായകളുടെ വിതരണം | 51 മുതൽ 100 ചെടികൾ വരെയുള്ളവർക്ക് ഒരു പായയും 100ൽ കൂടുതൽ ഉള്ളവർക്ക് മൂന്ന് വർഷത്തിലൊരിക്കൽ 2 പായയും വിതരണം ചെയ്യും. | ഗോത്ര വർഗ്ഗത്തിൽ പെട്ടവർക്ക് ചെലവിന്റെ 90% ഉം മറ്റുള്ളവർക്ക് 50% വും സബ്സിഡി ലഭിയ്ക്കുന്നു. |

| | | | | |
|---|---|---|---|---|
| 4 | മഞ്ഞൾ | തിളപ്പിക്കുന്നതിനുള്ള പാത്രം | 8 ഹെക്ടർവരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 4000/രൂപ, ഏതാണോ കുറവ് അത്. |
| | | മഞ്ഞൾ സംസ്കരണം | 8 ഹെക്ടർവരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 16,000/രൂപ, ഏതാണോ കുറവ് അത്. |
| 5 | പുതിന | പുതിന വാറ്റിയെടുക്കുന്നതിനുള്ള ഉപകരണം | 8 ഹെക്ടർവരെ | 2000 നും 6000 നും ഇടയിൽ കപ്പാസിറ്റിയുള്ള യൂണിറ്റിന് ആകെ ചെലവിന്റെ 32.50 % അല്ലെങ്കിൽ 1.30 ലക്ഷം രൂപ സബ്സിഡി ആയി ലഭിയ്ക്കും. |
| C | Post Harvest Improvement of Spices | | | |
| | ഉണക്കുവാനുള്ള കളം | ആരോഗ്യപരമായ കാലാവസ്ഥയിൽ മുളക്, ഇഞ്ചി, മഞ്ഞൾ, കുരുമുളക് ഉണക്കുവാനുള്ള കളം | 4 ഹെക്ടർവരെ | പട്ടിക വർഗ്ഗക്കാർക്ക് ചതു.മീറ്ററിന് 540 രൂപ വീതം അല്ലെങ്കിൽ ആകെ ചെലവിന്റെ 90%<br><br>പട്ടിക ജാതിക്കാർക്ക് ചതു.മീറ്ററിന് 300 രൂപ വീതം അല്ലെങ്കിൽ ആകെ ചെലവിന്റെ 50%<br><br>ജനറൽ വിഭാഗത്തിന് ചതു.മീറ്ററിന് 150 രൂപ വീതം അല്ലെങ്കിൽ ആകെ ചെലവിന്റെ 25% |
| 2 | പോളിത്തീൻ ഷീറ്റ് | സബ്സിഡി നിരക്കിൽ പോളിത്തീൻ ഷീറ്റിന്റെ വിതരണം | 4 ഹെക്ടർവരെ.<br><br>1 ഹെക്ടർവരെ ഉള്ളവർക്ക് രണ്ട് ഷീറ്റ്. മുതൽ 4 ഹെക്ടർ വരെയുള്ളവർക്ക് 3 ഷീറ്റ് വീതം | ഗോത്ര വർഗ്ഗക്കാർക്ക് 50% മറ്റുള്ളവർക്ക് 33.33%വും സബ്സിഡി നൽകുന്നു. സ്പൈസസ് ബോർഡ് മൊത്തത്തിൽ വാങ്ങി വിതരണം ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| | മോയ്സ്ചർ മീറ്റർ | ഉത്പന്നത്തിൽ ഈർപ്പത്തിന്റെ അളവ് കണ്ടു പിടിക്കുന്നതിന് മോയ്സ്ചർ മീറ്റർ വിതരണം ചെയ്യുന്നു | 8 ഹെക്ടർവരെ | ആകെ ചെലവിന്റെ 32% അല്ലെങ്കിൽ 2500 രൂപ, ഏതാണോ കുറവ് അത്. |
| D | ജൈവ കൃഷി | | | |
| 1 | ഓർഗാനിക് സർട്ടിഫിക്കേഷൻ | ഫാമുകൾക്കും , പ്രോസസിങ്ങ് യൂണിറ്റുകൾക്കും ഓർഗാനിക് സർട്ടിഫിക്കേഷനു വേണ്ടി സഹായിക്കുക | | കർഷകരുടെ കൂട്ടം, NGO, സൊസൈറ്റി എന്നിവയ്ക്ക് ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 75000 രൂപ, ഏതാണോ കുറവ് അത്.<br><br>കർഷകർക്കും, ഉത്പാദകർക്കും ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 25000 രൂപ, ഏതാണോ കുറവ് അത്. |
| 2 | ബയോ ഏജന്റ് യൂണിറ്റ് | ബയോ ഏജന്റ് യൂണിറ്റ് ഉണ്ടാക്കുന്നതിന് NGOളെ സഹായിക്കുക. ഈ യൂണിറ്റ് ഒരു ട്രെയിനിങ്ങ് സെന്റർ കൂടെ ആയിരിക്കും. | തെരഞ്ഞെടുക്കപ്പെട്ട NGOs ആയിരിക്കും ഇതിന് യോഗ്യത | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 1.30 ലക്ഷം രൂപ, ഏതാണോ കുറവ് അത്. |
| 3 | സുഗന്ധവ്യഞ്ജനങ്ങൾഓർഗാനിക് കൃഷിയിലൂടെ | സുഗന്ധവ്യഞ്ജനങ്ങളുടെ ജൈവകൃഷി രീതി | 8 ഹെക്ടർവരെ. | ഒരു കർഷകന് 4250 രൂപ |
| 4 | മണ്ണിര കംപോസ്റ്റ് യൂണിറ്റ് | മണ്ണിര കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുക | 8 ഹെക്ടർവരെ.<br><br>4 ഹെക്ടർവരെ ഉള്ളവർക്ക് രണ്ട് ഷീറ്റ്. 4 മുതൽ 8 ഹെക്ടർ വരെയുള്ളവർക്ക് 3 (ഒരു ടൺ | ആകെ ചെലവിന്റെ 33.33 അല്ലെങ്കിൽ 2,000 രൂപ, ഏതാണോ കുറവ് അത് |

| | | | | |
|---|---|---|---|---|
| | | | കപ്പാസിറ്റി ഉള്ളത്) | |

3. **നിർവ്വഹണ സ്ഥാപനം** :സ്പൈസസ് ബോർഡ്, കൊച്ചിൻ

4. **ലക്ഷ്യങ്ങൾ**

- ഏലത്തിന്റെ ഉത്പാദനക്ഷമതയും ഗുണമേൻമയും വർദ്ധിപ്പിക്കുക
- വിളവെടുപ്പിന് ശേഷം തോട്ടത്തിൽ വച്ച് സുഗന്ധവ്യജ്ഞനങ്ങളെ മെച്ചപ്പെടുത്തുക
- സുഗന്ധവ്യജ്ഞനങ്ങൾക്കിടയിൽ ജൈവ കൃഷി രീതി പ്രോത്സാഹിപ്പിക്കുക
- കീട നിയന്ത്രണത്തിന് മാതൃകാ രീതികൾ വികസിപ്പിക്കുക
- സുഗന്ധവ്യജ്ഞന കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുക

5. **ഗുണഭോക്താക്കൾ: 8 ഹെക്ടർവരെ സ്ഥലമുള്ള ഏലകർഷകർ**

## പുതിയ കേന്ദ്രാവിഷ്കൃത സ്കീമുകൾ

### 1. പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY)

ദേശീയ സ്കിൽ ഗുണനിലവാര ചട്ടക്കൂട് (NSQF) അനുസരിച്ച് യുവസംരംഭകർ അടക്കമുള്ളവരുടെ വൈദഗ്ധ്യപോഷണം. വിവിധ സ്കിൽ ഇന്ത്യ ട്രൈനിംഗ് സെന്ററുകൾ വഴി 5000 രൂപ മുതൽ 1.5 ലക്ഷം വരെ ലോണുകൾ 34 ലക്ഷം യുവാക്കൾക്ക് ലഭ്യമാക്കൽ

### 2. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന

ഇതിൻ കീഴിൽ 28.5 ലക്ഷം ഹെക്ടർ ഭൂമിയിൽ ഇറിഗേഷൻ കൊണ്ടു വരുന്നു.. 105 ലക്ഷം കമ്പോസ്റ്റ് പിറ്റുകളും, 5 ലക്ഷം കുളങ്ങളും കിണറുകളും തൊഴിലുറപ്പ് വഴി ഉറപ്പു വരുത്തുന്നു. യൂറിയ വളത്തിന്റെ നിർമ്മാണത്തിന് പ്രത്യേക ഊന്നൽ. ഫസർ ബീമാ യോജന വഴി വിളകൾക്ക് ഇൻഷുറൻസ് ഇതുമായി ബന്ധപ്പെട്ട് ചെയ്യുന്നു.

### 3. പ്രധാൻ മന്ത്രി മുദ്ര യോജന (PMMY)

ചെറുസംരംഭകർക്ക് കൊളാറ്ററൽ സെക്യൂരിറ്റി, ഗ്യാരണ്ടർ ഇല്ലാതെ ലോൺ ലഭ്യമാക്കുന്നു. നോൺ ഫാം സെക്ടറിൽ ബിസിനസ് തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടി ഗുണഭോക്താക്കളിൽ 79% വനിതകൾ ആകുന്നു.

### 4. സ്കീൽ ഡവലപ്മെൻര് ഇനിഷ്യേറ്റീവ്സ്

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി വൈദഗ്ധ്യ പരിശീലനം. ദീൻ ദയാൽ ഗ്രാമീൺ കൗശൽ വഴി പരിശീലനം, 34 ലക്ഷം യുവജനങ്ങൾക്ക് കൂടി തൊഴിൽ ലഭ്യമാക്കൽ. 5000 മുതൽ 1.5 ലക്ഷം വരെ ലോൺ ലഭ്യമാക്കൽ. വൈദ്യഗ്ധ്യ പോഷണ കോഴ്സുകൾക്ക് പിന്തുണ, പോസ്റ്റ് പ്ലെയ്സ്മെന്റ് സപ്പോർട്ട്

### 5. ദീൻദയാൽ ഉപാധ്യായ അന്തോദയ യോജന

9 കോടി കുടുംബങ്ങളെ സ്വയം സഹായ സംഘങ്ങൾ വഴി ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കൽ, വൈദഗ്ധ്യ പോഷണം വഴി വ്യക്തി, ഗ്രൂപ്പുകൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ലോൺ ലഭ്യമാക്കൽ. കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് നടത്തൽ

## സ്റ്റാൻഡ് അപ്പ് ഇന്ത്യ

### 6. ദീൻദയാൽ അന്ത്യോദയ യോജന – ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM)

ഗ്രാമീണ വനിതകളുടെ സ്വയം സഹായ സംഘങ്ങളുടെ ശാക്തീകരണം. പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ എന്നീ വിഭാഗത്തിലെ ഒരാൾക്കും ഒരു വനിതയ്ക്കും ഓരോ ബാങ്കിൽ നിന്നും 10 ലക്ഷം മുതൽ 1 കോടി രൂപ വരെ സ്വയം തൊഴിലിനായി നൽകൽ.